കിളിമയുടെ അഭ്യാസം

SACRED HEART PROVINCIAL LIBRARY
No. 624
TVA 120
K13

13-ാം ലെയോൻ മാപ്പാപ്പാ രചിക്കയും
തിരുമേനിയുടെ പൊൻറിഫിക്കൽ രജതജൂബിലി
സ്മാരകമായി

ക. നി. മൂ. സ. വൈദികർ ഭാഷാന്തരപ്പെടുത്തി
സമർപ്പിക്കയും ചെയ്തത്.

DHARMARAM COLLEGE LIBRARY BANGALORE-29
Free Distribution
DVK Central Library
Bangalore - 560 029

(അഞ്ചാം പുതിപ്പ്)

S. J. Press, Mannanam. 1956.

Reimprimatur.

† James Kalacherry,
Bishop of Changanacherry.

Changanacherry,
9—11—'48.

പ്രസ്താവന

പ്രിയ വായനക്കാരേ,

ഭാഗ്യസ്മരണയ്ക്ക് അർഹനായ നമ്മുടെ പരിശുദ്ധ പിതാവ് 13-ാം ലെയോൺ മാപ്പിളപ്പാ തിരുമനസ്സിലെ ബുദ്ധിസാമർത്ഥ്യം, ശാസ്ത്രപരിജ്ഞാനം, ആലോചനാശക്തി, ഭരണനൈപുണ്യം മുതലായ വൈശിഷ്ട്യങ്ങൾ തിരുമേനിയുടെ വിസ്മയങ്ങളായ അസംഖ്യം തിരുവെഴുത്തുകളാലും തിരുമനസ്സുകൊണ്ടു നിർവ്വഹിച്ച വിവിധങ്ങളും വിപുലങ്ങളുമായ ഗംഭീര കാര്യങ്ങളാലും ഇതിനകം ജഗൽപ്രസിദ്ധമായിത്തീർന്നിട്ടുണ്ടല്ലോ. എന്നാൽ തിരുമേനിയുടെ പുണ്യപൂർണ്ണതയും ആത്മീയകാര്യങ്ങളിലുള്ള ഉൽകൃഷ്ടപ്രവണതയും പ്രസ്തുത ഗുണങ്ങൾപോലെ ഈ കേരളകരയിൽ അത്രയൊന്നും പ്രസിദ്ധമായിട്ടില്ലായിരിക്കുമെന്നു വിചാരിക്കുന്നു. ഈ വന്ദ്യ പുരോഹിതശ്രേഷ്ഠൻ ഒരു കർദ്ദിനാളും പെരുജ്യായുടെ മെത്രാനും ആയിരുന്ന അവസരത്തിൽ തന്റെ ആജ്ഞയിൽ പെട്ട വൈദിക വിദ്യാർത്ഥികളെ പ്രത്യേകം ഉദ്ദേശിച്ചുണ്ടാക്കിയ "എളിമയുടെ അഭ്യാസം" എന്ന ഈ പ്രബന്ധത്താൽ ഈ സ്വഭാവത്തിന്റെ നിസ്സംശയം നിങ്ങിപ്പോകുമെന്നാണ് ഞങ്ങളുടെ വിശ്വാസം. എന്തെന്നാൽ നല്ല വൃക്ഷം നല്ല ഫലങ്ങളേയും ചീത്ത വൃക്ഷം ചീത്ത ഫലങ്ങളേയും പുറപ്പെടുവിക്കുമെന്നു അരുളിച്ചെയ്ത നമ്മുടെ ദിവ്യരക്ഷകന്റെ തിരുവാക്യം സത്യമാകുന്നെങ്കിൽ, ക്രിസ്തീയ പുണ്യസാംഗോപാംഗത്തിന്റെ അടിസ്ഥാനമായി ഗണിക്കപ്പെടുന്ന എളിമയെന്ന വിശിഷ്ട പുണ്യത്തെക്കുറിച്ച്, ഇത്ര യുക്തമായും തെളിവായും സാരമേറിയ ഉപദേശങ്ങളെ പഠിപ്പിക്കുന്ന ഈ മഹാൻ പുണ്യകായ്ക്കളിൽ, വിശിഷ്യ എളിമയിൽ എത്രയൊ ഉന്നതി പ്രാപിച്ചിരിക്കുന്നു എന്നു ഇതു വായിക്കുന്ന ഏവർക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

അതിശ്രേഷ്ഠഗുരുവും പ്രേമചിതാവുമായ ഈ വന്ദ്യ പുരോഹിതൻ, സത്ഗ്രന്ഥങ്ങളിലും എന്നപോലെ സകല ക്രിസ്തീയ പുണ്യങ്ങളിലും പ്രത്യേകം എളിമയിലും സൂക്ഷ്മസമം പ്രശോഭിതനായിരുന്നു എന്നു ഗ്രഹിച്ചു, ഈ പൂജ്യപാ

ദനെ പൂർണ്ണമായി മനസ്സിലാക്കുകയും വിശിഷ്യ എന്റെ മയെക്കുറിച്ചുള്ള അവിടുത്തെ ഈ അമൂല്യഗ്രന്ഥം ശ്രദ്ധാപൂർവ്വം വായിച്ചു മനസ്സിലാക്കി, അതിലെ ഉപദേശങ്ങൾ അനുസരിച്ചു നടപ്പാൻ സർവ്വഥാ ശ്രമിക്കുകയും ചെയ്യുമെന്നുള്ള പ്രതീക്ഷയത്രേ, ഈ ഗ്രന്ഥത്തെ അതിന്റെ മൂലപ്രതിയായ ഇത്താലിയൻ ഭാഷയിൽനിന്നു മലയാളഭാഷയിലേക്കു പരിഭാഷപ്രതി തർജ്ജമ ചെയ്വാൻ ഞങ്ങളെ ഉത്സാഹിപ്പിച്ച ഒരു മുഖ്യ കാരണം.

ഇതുകൂടാതെയും ഈ വിശുദ്ധ പിതാവു പത്രോസിന്റെ പിൻഗാമിയായി സിംഹാസനാരൂഢനായ ഇരുപത്തഞ്ചാം വത്സര രജതജൂബിലി ലോകമെങ്ങും അതിഗ്രന്ഥമായി ഘോഷിക്കുന്ന ഈ സന്ദർഭത്തിൽ, അവിടുത്തെ സ്ഥാനാരോഹണാരംഭമുതൽ ഈ മലയാളത്തിന്റെയും, വിശിഷ്യ ഞങ്ങളുടെ സഭയുടെയും നേരെ പ്രദർശിപ്പിച്ചിരിക്കുന്ന അതുല്യമായ കരുണയ്ക്കും പിതൃവാത്സല്യത്തിനും ഒരു പ്രതിനന്ദിയായി, അവിടുത്തെ നേർക്കു ഞങ്ങൾക്കുള്ള നിഷ്കപടമായ സ്വാമിഭക്തിയും സ്നേഹവണക്കവും പ്രദർശിപ്പിക്കണമെന്നുള്ള ഞങ്ങളുടെ ഹൃദയാഭിലാഷം, ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ ഞങ്ങളെ പ്രേരിപ്പിച്ച വേറൊരു കാരണമാണ്.

എന്നാൽ ഈ ചെറിയ ഗ്രന്ഥത്തിന്റെ സമർപ്പണത്തിൽ വിശുദ്ധ പിതാവു്, വൈദികവിദ്യാർത്ഥികളെ പ്രത്യേകം ഉദ്ദേശിച്ചതായി കണ്ടാലും, അവരവരുടെ അന്തസ്സിനുതക്ക പ്രാണ്യനാംഗോപാംഗം പ്രാപിപ്പാൻ അനുഗ്രഹിക്കുന്ന ഏവർക്കും ഇതു വളരെ ഉപകാരപ്രദമായിത്തീരുമെന്നതിനു് സന്ദേഹമില്ല.

ഇപ്രകാരമുള്ള പ്രതീക്ഷയോടുകൂടെ ഈ അമൂല്യ ഗ്രന്ഥത്തെ പരിശുദ്ധ പിതാവിന്റെ പൊൻറിഫിക്കൽ രജതജൂബിലിസ്മാരകമായി മലയാളത്തിലെ കത്തോലിക്കാ വിശ്വാസികൾക്കു് ഏവർക്കും സവിനയം സമർപ്പിച്ചുകൊള്ളുന്നു.

എന്നു്, ക. നി. മ. സ. സന്ന്യാസ വൈദികർ.

പെത്രജ്യാ, മെത്രാനും

കർത്താവിനാളമായ യോഹന്നാൻ പെച്ചീ തന്റെ

അതിവാത്സല്യ പുത്രരായ വൈദിക

വിദ്യാർത്ഥികൾക്കു

ക്രിസ്തീയ പുണ്യ സാംഗോപാംഗത്തിന്റെ അടിസ്ഥാനം, വിശുദ്ധ പിതാക്കന്മാരുടെ പൊതു അഭിപ്രായംപോലെ, എളിമയെന്ന പുണ്യമാകുന്നു. വിശുദ്ധ ആഗുസ്തീനോസ് ഇപ്രകാരം അരുളിച്ചെയ്യുന്നു. "വലിയവനാകുന്നതിനു" ചെറിയവനായി ആരംഭിപ്പാൻ ആവശ്യമായിരിക്കുന്നു. നിങ്ങൾ ക്രിസ്തീയ പുണ്യസാംഗോപാംഗത്തിന്റെ മാളിക പണിയുന്നതിനു ആഗ്രഹിക്കുന്നെങ്കിൽ, അതു അളവില്ലാത്തവണ്ണം ഉയരമുള്ളതായിരിക്കുന്നു എന്നു, ഗ്രഹിക്കണം. അതുകൊണ്ടു എളിമ എന്ന പുണ്യത്തിന്മേൽ എത്രയും ആഴത്തിൽ അതിന്റെ അടിസ്ഥാനം ഉറപ്പിക്കുവാൻ ശ്രമിക്കുക; എന്തെന്നാൽ, ഒരു കെട്ടിടം പണിയുന്നതിനാഗ്രഹിക്കുന്നവൻ ആദ്യം അവൻ കരുതിയിരിക്കുന്ന വലിപ്പത്തിനും പൊക്കത്തിനും ഒത്തവണ്ണം അടിസ്ഥാനം താഴ്ത്തിയിടേണ്ടതു ആവശ്യമാണു. (Ser. be Ver. Dom.)

ആകയാൽ പുത്തൻ വാത്സല്യ മക്കളേ! നിങ്ങൾക്കു നാം സമർപ്പിക്കുന്ന ഈ ചെറിയ പ്രബന്ധം, എളിമ എന്ന പുണ്യത്തിൽ അഭിവൃദ്ധിപ്പെടുന്നതിനും, ക്രിസ്തീയ പുണ്യസാംഗോപാംഗത്തിന്റെ അസ്ഥിവാരം ഉറപ്പിക്കുന്നതിനും നിങ്ങളെ പഠിപ്പിക്കും. ഈ ന്യായത്താൽ സ്വർഗ്ഗീയ പിതാവിനെപ്പോലെ സാംഗോപാംഗം ഉള്ളവരാകണമെന്നു ഈശോമിശിഹാ ആജ്ഞാപിച്ചിരിക്കുന്ന ഈ കല്പന വിശേഷമായി അനുസരിക്കുന്നതിനു കടപ്പെട്ടിരിക്കുന്ന നിങ്ങൾക്കു ഈ പുണ്യാഭ്യാസം എത്രയൊ സാരമേറിയതായിരിക്കുന്നു എന്നു ഗ്രഹിപ്പിൻ. ഇതിനാൽ ഇതു നമുക്കു നിങ്ങളുടെ നേരെയുള്ള പ്രീതിവാത്സല്യങ്ങളുടെ ഒരു പുതുമയുള്ള പണയമായി മാത്രമല്ല, നിങ്ങളുടെ ആത്മരക്ഷ എന്ന സാരമേറിയ കാര്യത്തിനും എത്രയും പ്രയോജനകരമായ ഒരു മാർഗ്ഗമായിരിക്കയാൽ, നാം നിങ്ങൾക്കു ചെയ്യുന്ന ഈ ദാനം അത്യുൽകൃഷ്ടകരമായിത്തീരുമെന്നു നാം വിശ്വസിക്കുന്നു.

ഈ പ്രബന്ധം നിങ്ങൾക്കു സമർപ്പിക്കുവാൻ നമ്മെ

പ്രേരിപ്പിച്ച വേറൊരു ന്യായം, നിങ്ങൾ ഉദ്യോഗപ്പെടുന്നു
ക്കുന്ന വൈദികവൃത്തിയുടെ ഉദ്ദേശ്യമാകുന്നു. ഈ ഉദ്ദേശ്യം,
നിങ്ങളുടെ പുണ്യജീവിതത്തിൽ മാത്രമല്ല അടങ്ങിയിരിക്കു
ന്നത്; ഈശോമിശിഹാ തന്റെ മർത്യജീവിതത്തിൽ പ്ര
യോഗിച്ച വഴികൾ പിടിച്ച്, അവിടുത്തെ ദൈവരാജ്യം
വിസ്തീർണ്ണമാക്കിക്കൊണ്ട്, ശേഷംപേരുടെ പുണ്യാഭിവൃദ്ധി നി
വർത്തിക്കുന്നതിലുമടങ്ങിയിരിക്കുന്നു. വിനയാൽ ഹൃദയ എളിമ
എന്നത് ഈശോമിശിഹായുടെ വിശിഷ്ട ലക്ഷണമാകുന്നു. അ
കയാൽ ഈ ന്യൂനതം വഴിയായി നിങ്ങൾ ലൗകിക നിഗളം
ജയിക്കുന്നതിനും സകലരുടെയും ഹൃദയങ്ങളിൽ ആശയടക്കവും
കുരിശിന്റെ എളിമയും ഉത്ഭവിപ്പിക്കുന്നതിനും പ്രാപ്തരാകും.
ഈശോമിശിഹാ പഠിപ്പിക്കുന്നതിനു മുമ്പ്, പ്രവർത്തിച്ചു കാ
ണിപ്പാൻ തിരുമനസ്സായതിനാൽ നിങ്ങളും അവിടുത്തെ ദൃഷ്ടാ
ന്തം അനുസരിച്ച്, എളിമയെന്ന പുണ്യത്താൽ അലംകൃത
രായി വൈദിക വൃത്തിയിൽ പ്രവേശിക്കുമെങ്കിൽ, നീതിമാ
ന്മാരെ പുണ്യത്തിൽ സ്ഥിരപ്പെടുത്തുകയും, വഴിതെറ്റിപ്പോയ
വരെ ദുർഗ്രണത്തിന്റെയും നാശത്തിന്റെയും പാഥയിൽ
നിന്ന് പുണ്യത്തിന്റെയും രക്ഷയുടെയും മാർഗ്ഗത്തിലേക്കു തിരി
ക്കയും ചെയ്യുവാൻതക്ക ഉറപ്പും ധൈര്യവും എന്നിവും നിറഞ്ഞ
ഉപദേശങ്ങൾ സകല പുണ്യങ്ങളുടെയും ഈ ഉറവയിൽനിന്ന
നിങ്ങൾക്കു ലഭിക്കും. ഇതിനാൽ നിങ്ങളോരോരുത്തരും, നാം
സമർപ്പിക്കുന്ന ഈ ചെറിയ പ്രബന്ധത്തിൽനിന്ന് എളിമയെന്ന
പുണ്യാഭ്യാസം സംബന്ധിച്ചുള്ള ഉപദേശങ്ങൾ ഒരു ജ്ഞാന
ഗുരുവിൽ നിന്നെന്നപോലെ പഠിക്കേണ്ടതാകുന്നു. എന്റെ
വാത്സല്യ മക്കളേ! നിങ്ങളെ എളിമയും സാധുത്വവും അനു
സരണയും ഉള്ളവരായി കാണുന്നതിനെക്കാൾ ഏറ്റവും മേൽത്ത
രമായ സന്തുഷ്ടി നമുക്കുണ്ടാകുവാൻ പാടില്ലെന്നു നിങ്ങൾ
എല്ലാപ്പോഴും ഓർമ്മിക്കണം. നിങ്ങളെ ഇപ്രകാരമുള്ളവരായി
സദാ കാണാമെന്നുള്ള പ്രതീക്ഷയിലും സാക്ഷാൽ നിങ്ങൾ
അപ്രകാരമായിത്തീരണമെന്നുള്ള അഭിലാഷത്തിലും നിങ്ങളേവ
രെയും കർത്താവിൽ നാം ആശീർവ്വദിച്ചുകൊണ്ട്, ഈ ചെറിയ
പ്രബന്ധം നിങ്ങളോടുപദേശിക്കുന്നവയെല്ലാം അനുസരിക്കുന്ന
തിൽ നിങ്ങൾ സർവ്വാത്മനാ ശ്രമിക്കുമെന്നു വീണ്ടും അതി
തീക്ഷ്ണതയോടെ നാം നിങ്ങളോടുപദേശിക്കുന്നു.

എളിമയുടെ അഭ്യാസം

അഹംഭാവികൾക്ക് അനുഗ്രഹമുണ്ടാകയില്ല; അവക്ക് സ്വർഗ്ഗരാജ്യത്തിന്റെ വാതിലുകൾ അടയ്ക്കപ്പെടും; കർത്താവ് എളിമയുള്ളവക്ക് മാത്രമെ അതു തുറക്കുകയുള്ളു; ഇതു നിർവ്വിവാദമായ ഒരു സത്യമാകുന്നു. ഈ സത്യം ഗ്രഹിക്കുന്നതിനു വിശുദ്ധ വേദാഗമം ഒന്നു തുറന്നുനോക്കിയാൽ മതി. അതിൽ പലഭാഗങ്ങളിലും ദൈവം അഹംഭാവികളോടു എതിരിടുന്നു. തന്നെത്താൻ ഉയർത്തുന്നവനെ ദൈവം താഴ്ത്തുന്നു. മോക്ഷമഹിമയിൽ പ്രവേശിക്കുന്നതിനു ശിശുക്കൾക്കു തുല്യരാകേണ്ടതു ആവശ്യമാണ്. ഇപ്രകാരമുള്ള തുല്യതയില്ലാത്തവർ മോക്ഷമഹിമയിൽ പ്രവേശിപ്പിക്കപ്പെടുകയില്ല. എളിമയുള്ളവക്കു മാത്രമേ സർവ്വേശ്വരൻ തന്റെ പ്രസാദവരങ്ങൾ നല്കുകയുള്ളു. എന്നിപ്രകാരം അതിൽ പ്രസ്താവിച്ചിരിക്കുന്നു.

ആകയാൽ എളിമ അഭ്യസിക്കുന്നതിനും തന്നിൽനിന്നു അഹംഭാവവും ദുരഭിമാനവും നിർമ്മൂലനംചെയ്യുന്നതിനു യത്നിക്കുക. ഇതു സകല ക്രിസ്ത്യാനികൾക്കും വിശിഷ്യ വൈദികർക്കും എത്രകണ്ടു ആവശ്യമാണെന്നു തികച്ചും വർണ്ണിക്കുക സാദ്ധ്യമല്ല. ഏറ്റവും പരിശുദ്ധമായ ഈ വൈദിക ജീവിതം അത്യന്തം ഫലപ്രദമാകുന്നതിനു, സത്വരമനായതിപേക്ഷിതാകുന്നു. എന്നാൽ യാതൊരു കായ്വും ദൈവ വരപ്രസാദംക്രൂടാതെ ആരംഭിക്കുവാൻ പാടില്ലാത്തതിനാൽ സ്ഥിരമായും ക്രൂടെക്രൂടെയും ഇതിനായി പ്രാർത്ഥിക്കേണ്ടതാണു.

നമ്മുടെ ജീവിതം ക്രമപ്പെടുത്തുന്നതിനു നാം അനുസരിക്കേണ്ട ദിവ്യമാതൃകയായ ഈശോമിശിഹായെ അനുഗമിപ്പാനുള്ള കടമ, വിശുദ്ധ ജ്ഞാനസ്നാനം വഴിയായി നമ്മിൽ ഉൽഭൂതമാകുന്നു. എന്നാൽ നമ്മുടെ ദിവ്യരക്ഷിതാവു, നിഗളത്തെ താഴ്ത്തിക്കൊണ്ടു, ഡംഭ് എന്ന ആ വ്രണം സുഖപ്പെടുത്തുന്നതിനു താൻ ലോകത്തിന്റെ പരിഹാസ വിഷയമാകുവാൻ

തക്കവണ്ണം എളിമയെന്ന പുണ്യം ഒരു ചിഹ്നമായി ധരിച്ചു. ഇപ്രകാരം ശരിയായി പഠഞ്ഞാൽ "എന്നിൽനിന്നു നിങ്ങൾ പഠിക്കുവിൻ" എന്നു് അരുളിച്ചെയ്ത ദിവ്യനാഥന്റെ ഏറ്റവും സാരമായ മാതൃകാപാഠം ഇതായിരിക്കുന്നു. ആകയാൽ ഈ ദിവ്യഗുരുനാഥന്റെ ശിഷ്യാ! പുണ്യത്തിന്റെ ഏറ്റവും നിശ്ചിതമായ ഒരു മുദ്രയും, നിത്യരക്ഷയുടെ അഭേദ്യമായ ഒരു കവചവുമായ ഈ അമൂല്യ രത്നം സമ്പാദിക്കുന്നതിനു് ഇച്ഛിക്കുന്നെങ്കിൽ നിനക്കു ഞാൻ നൽകുന്ന ഈ ഉപദേശങ്ങൾ സന്തോഷപൂർവ്വം സ്വീകരിച്ചു വിശ്വസ്തതയോടെ പ്രവൃത്തിയിൽ അനുസരിക്കുക.

൧-ാമതു്.

നിന്റെ ആത്മീയ നേത്രങ്ങൾ തുറന്നു്, നിന്നെ അല്പമെങ്കിലും കായ്മയായി മതിപ്പാൻ തക്കവണ്ണം യാതൊരു ഗുണവും നിനക്കില്ല എന്നു ചിന്തിക്കുക. പക്ഷേ നിനക്കു സ്വന്തമായുള്ളതു് പാപവും ബലഹീനതയും നിർഭാഗ്യവുമത്രേ. നിന്നിലുള്ള സ്വാഭാവികവും സ്വഭാവത്തിനു് അതീതവുമായ ശക്തികളെക്കുറിച്ചു് ചിന്തിക്കുക. അവ നിന്റെ അസ്തിത്വത്തിന്റെ ആദികാരണമായ ദൈവത്തിൽനിന്നു് നിനക്കു ലഭിച്ചിട്ടുള്ളവയാണു്. അവയുടെ സ്തുതിയും അവിടുത്തേക്കു സ്വന്തമായിരിക്കുന്നു.

൨-ാമതു്.

തന്നിമിത്തം നിന്റെ ഇല്ലായ്മയുടെമേൽ ആഴമായ ഒരു ചിന്ത നിനക്കുണ്ടാക്കുകയും നിന്നിൽ കർത്തവ്യം നടത്തുന്ന നിഗളത്തെ നിന്ദിച്ചു നിരോധിക്കുവാൻ തക്കവണ്ണം ഈ ചിന്തയെ നിന്റെ ഹൃദയത്തിൽ അധികമധികമായി വർദ്ധിപ്പിക്കുകയും ചെയ്യുക. സൃഷ്ടാവിൽനിന്നു ദാനമായി മാത്രം ലഭിച്ചിരിക്കുന്ന വല്ല വരപ്രസാദങ്ങളെക്കുറിച്ചും പ്രശംസിക്കപ്പെടുന്നതിനാഗ്രഹിക്കുന്നതിനേക്കാൾ; വ്യർത്ഥവും ഹാസ്യവുമായി യാതൊന്നും ഇല്ലെന്നു വ്യക്തമായി നീ ഗ്രഹിക്കണം. എന്തെന്നാൽ, വിശുദ്ധ പൌലോസ് ശ്ലീഹാ അരുളിച്ചെയ്യുന്നപോ

ലെ "നീ കൈക്കൊണ്ടതാണെങ്കിൽ കൈക്കൊള്ളാത്തവനെ പ്പോലെ നീ എന്തിനു പ്രശംസിക്കുന്നു?" (പ. കൊറി. ൪. ൭.)

൩–ാമതു്.

നിന്റെ ബലഹീനത, അജ്ഞാനം, ഹീനതപം, ഹൃദയ കാഠിന്യം, അസ്ഥിരത, ഐന്ദ്രേച്ഛ, ദൈവത്തിൻ നേരെ യുള്ള അനാസ്ഥ, സ്വപ്രീതികളിന്മേലുള്ള സ്നേഹം, എന്നിതുകളേയും വഷളായ നിന്റെ സ്വഭാവത്തിൽനിന്നുണ്ടാകുന്ന മറ്റന വധി ദുഷ്ടിച്ചു ചാച്ചിലുകൾ ആദിയായവയേയുംപറ്റി ക്രൂടെക്കൂ ടെ നീ ചിന്തിക്കണം. ഇതുകൾ നിന്റെ ഇല്ലായ്മയിൽ നിരന്തരമായി നിന്നെത്തന്നെ താഴ്ത്തി നിന്റെ സ്വന്ത നേത്ര ങ്ങളിൽ നീ എല്ലായ്പോഴും അത്യല്പനും എതുയും മഹാ ഹീന നുമായി തോന്നപ്പെടുവാൻ ഒരു ബലിഷ്ടമായ ന്യായമായി രിക്കട്ടെ.

൪–ാമതു്.

നിന്റെ കഴിഞ്ഞജീവിതത്തിലെ പാപങ്ങളുടെ ഓർമ്മ സദാ നിന്റെ ആത്മാവിൽ പതിഞ്ഞിരിക്കണം. എന്നാൽ നിഗളമതു്. ഇതര പാപങ്ങളും അത്യന്തം വഞ്ച്യമാണു്. ഭൂമിയി ലും നരകപാതാളത്തിലും പാപങ്ങൾക്കു തുല്യമായ വേറെ യാതൊ രുതിന്മയും ഇല്ലെന്നു മുഖ്യമായി നീ ഗ്രഹിക്കണം. നിഗളമതു സ്വർഗ്ഗത്തിലെ ദൈവദൂതന്മാരെ നശിപ്പിച്ചു് നരകപാതാള ത്തിൽ തള്ളിയിട്ടതു്. മനുഷ്യവർഗ്ഗം മുഴുവനേയും വഷളാക്കി ഭൂമിയിൽ ലോകാവസാനത്തോളം, എന്നല്ല നിത്യകാലത്തോ ളം, സംഭവിപ്പാനിരിക്കുന്ന സകല തിന്മകളേയും ഉളവാക്കി യതും ഈ നിഗളമത്രെ.

൫–ാമതു്.

നിന്റെ, സ്വഭാവം എതുയും ഭയങ്കരവും വഞ്ച്യവുമാ യിരുന്നാലും, അതു ചായാത്തതും, നിനക്കു ചെയ്വാൻ വഹി യാത്തതുമായി യാതൊരു പാപവുമില്ലെന്നും, ദൈവാനുഗ്രഹ ത്താലും, അവിടുത്തെ വരപ്രസാദത്താലും മാത്രം ഈ ക്ഷണം വരെ നീ അതിൽനിന്നു ഒഴിഞ്ഞിരിക്കുന്നു എന്നും ചിന്തിക്കുക.

അതിനെക്കുറിച്ചു് വിശുദ്ധ അഗുസ്തീനോസ് ഇപ്രകാരം അരുളിച്ചെയ്യുന്നു: മനുഷ്യനെ സൃഷ്ടിച്ച ആ കരം അവനെ താങ്ങിയില്ലെങ്കിൽ, ഒരുത്തൻ ചെയ്യിട്ടും, വേറെ ഒരുത്തനെ ചെയ്യാൻ പാടില്ലാത്തതായി യാതൊരു പാപവും ലോകത്തിലില്ലാ. നീ അത്ര ദയനീയമായ ഒരു സ്ഥിതിയിലാണിരിക്കുന്നതു് അതിനാൽ ഹൃദയപൂർവ്വം കരഞ്ഞു്, എത്രയും അയോഗ്യ പാപികളുടെ കൂട്ടത്തിൽ നീയും ഒരുത്തനാകുന്നു എന്നു ദൃഢമായി വിശ്വസിക്കുക.

നാലാമതു്.

നീ വേഗം അഥവാ കുറേത്താമസിച്ചിട്ടു മരിക്കയും, നിന്റെ ശവം ഒരു കുഴിയിൽ കിടന്നു പുഴുത്തു ദുർഗ്ഗന്ധം പുറപ്പെടുവിക്കുകയും ചെയ്യുമെന്നു ക്രൂടെക്കൂടെ ചിന്തിക്കണം. നമ്മാൽ കാണപ്പെടുവാനിരിക്കുന്ന ഈശോമ്ശിഹായുടെ അതി ഭയങ്കരമായ ന്യായാസനത്തെ നിന്റെ കൺമുമ്പാകെ സദാ സ്ഥിതിചെയ്യുന്നതായി സങ്കല്പിക്കുക. പാപികൾക്കും വിശിഷ്യ നിഗളികളായ പിശാചിന്റെ അനുഗാമികൾക്കും ഒരുക്കപ്പെട്ടിരിക്കുന്ന നിത്യനരക വേദനകളെപ്പറ്റി ക്രൂടെക്കൂടെ ധ്യാനിക്കുക. ഒരുദൈവവിധികളെ മനുഷ്യ നേത്രങ്ങളിൽനിന്നു നിഗൂഢമാക്കുന്ന അദൃശ്യമായ ആ തിരശ്ശീല നിമിത്തം, ദൈവകോപത്താൽ കത്തിജ്ജ്വലിക്കുന്ന ഒരു തീച്ചൂളയ്ക്കു നിത്യദഹനബലിയായ്കുവാൻ തക്കവണ്ണം, പിശാചുക്കളുടെ വാസസ്ഥാനമായ ആ ഖണ്ഡനാലയത്തിൽ എന്നന്നേക്കും തള്ളപ്പെടുവാനിരിക്കുന്ന ശപിക്കപ്പെട്ടവരുടെ ഗണത്തിൽ നീ എണ്ണപ്പെടുമോ ഇല്ലയോ എന്നു ഖണ്ഡിതമായി നിശ്ചയിച്ചുകൂടാ എന്നു അവധാനപൂർവ്വം ചിന്തിക്കുക. ഈ നിശ്ചയമില്ലായ്മ നിന്നെ എത്രയും വലിയ എളിമയുള്ളവനാക്കുന്നതിനും ഏറ്റവും രക്ഷാകരമായ ഒരു ഭയം നിന്നിൽ ഉളവാക്കുന്നതിനും മതിയാകുന്നതാണു്.

അഞ്ചാമതു്.

എളിമയ്ക്കു് അനുരൂപങ്ങളായ ഓരോ പ്രത്യേക അഭ്യാസങ്ങൾ ചെയ്യാതെ, ഈ പുണ്യം സമ്പാദിക്കുമെന്നു് ഒരിക്കലും നീ അബദ്ധമായി വിചാരിക്കരുതു്. സൗമ്യശീലം, ക്ഷമ,

കീഴ്വഴക്കം, അശയടക്കം, വക, സ്വാഭിപ്രായങ്ങളുടെ പരിത്യാഗം, പാപങ്ങളിന്മേലുള്ള പശ്ചാത്താപം മുതലായവയിലുള്ള അഭ്യാസമാണ് ഇവിടെ നിർദ്ദേശിച്ചിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ, നിന്റെ സമസ്ത ദുർഗ്രഹണങ്ങൾ ഉത്ഭവിക്കയും, അവയെടുത്തുനിച്ചു നിന്റെ നിഗളവും അഹമ്മതിയും വർദ്ധിപ്പിക്കയും ചെയ്യുന്ന, വെറുക്കത്തക്ക ലൗകിക സ്നേഹമെന്ന രാജ്യം നിന്നിൽനിന്നു ഇവ നിർമൂലമാക്കുകയും ചെയ്യും.

വ്യാമത്.

നിനക്കു കഴിയുന്നിടത്തോളം, മൌനവും ഏകാന്തതയും അനുഷ്ഠിക്കുക. എങ്കിലും മറ്റുള്ളവർക്കു അസഹ്യത വരാതിരിപ്പാനും സൂക്ഷിക്കണം. സംസാരിപ്പാൻ നിർബന്ധിതനാകുമ്പോൾ എല്ലായ്പ്പോഴും അടക്കത്തോടും വിനയത്തോടും നിഷ്കപടമായും സംസാരിക്കുക. നിന്റെ മൂലമോ മറ്റു വല്ല കാരണത്താലൊ മറ്റുള്ളവർ നീ പറയുന്നതിനെ ശ്രദ്ധിക്കുന്നില്ലെങ്കിൽ, അതിനെപ്പറ്റി നീ ദുഃഖിക്കാതെ, ഈ അവമാനം കൈക്കൊണ്ടു ദൈവതിരുമനസ്സിനോടു അനുയോജിച്ചു സമാധാനപൂർവ്വം സഹിക്കുക.

ൻ–ാമത്.

ഈശ്വരനു പ്രതികൂലമായി, നിഗളവും ശ്രേഷ്ഠഭാവവും നടിക്കുന്ന വാക്കുകൾ നീ ഉച്ചരിക്കാതിരിപ്പാൻ, അത്യന്തം സൂക്ഷവും ജാഗ്രതയുമുള്ളവനായിരിക്കുക. അപ്രകാരംതന്നെ നീ പഠിച്ചുണ്ടാക്കിയ മേൽത്തരം വാചകങ്ങളും വ്യർത്ഥമായ ഫലിതങ്ങളും പറയാതിരിപ്പാനും സൂക്ഷിക്കേണ്ടതാണ്. മറ്റുള്ളവർ നിന്നെ ഒരു ജ്ഞാനി എന്നു ബഹുമാനിക്കുകയും അവരുടെ മതിപ്പു കൈവരുത്തുകയും ചെയ്യാൻ തക്ക സകല വൃത്തികളിൽനിന്നും നീ പിൻതിരിയേണ്ടതാണ്. ഒറ്റ വാക്കായി പറഞ്ഞാൽ, തക്ക കാരണംകൂടാതെ, നിന്നെക്കുറിച്ചൊരിക്കലും സംസാരിക്കയുകൂടാ, നിനക്കു ബഹുമാനവും സ്തുതിയും സമ്പാദിപ്പാൻ തക്ക സംഗതികൾ പ്രസ്താവിക്കയാകട്ടെ ചെയ്യരുതു്.

൧൦–ാമത്.

നിന്റെ സംഭാഷണങ്ങളിൽ അപവാദങ്ങൾകൊണ്ടും കുത്തുവാക്കുകൾകൊണ്ടും മറ്റുള്ളവരെ ഉപദ്രവിക്കയൊ, അവരെ സങ്കടപ്പെടുത്തുകയൊ ചെയ്യരുത്. സംക്ഷേപമായി പറഞ്ഞാൽ, ലൌകികമേന്മകളെ സംബന്ധിക്കുന്നൊരുകയും കീഴ്മട്ടുക. നിന്റെ ഉദ്യോഗമൊ, പരസ്നേഹമൊ നിന്നെ നിർബന്ധിക്കയില്ലെങ്കിൽ, ജ്ഞാനകാംക്ഷികളെപ്പറ്റി ഒരു ഉപാദ്ധ്യായന്റെ ഭാവത്തിലും ഉപദേശരീതിയിലും നീ പറയേണ്ടാ; പിന്നെയൊ ജ്ഞാനകാംക്ഷികളിൽ അറിവുള്ളവനും നിനക്കു ഗുണദോഷങ്ങൾ പറഞ്ഞുതരുവാൻ ത്രാണിയുള്ളവനുമായ ആളിനോട് എന്നപോലെ സംസാരിക്കണം. അതും അവയെപ്പറ്റി അറിവാൻവേണ്ടിയെന്ന ഭാവത്തിലുമായിരിക്കണം.

൧൧–ാമത്.

വ്യർത്ഥവും നിഷ്പ്രയോജനവുമായ വിനോദപ്രിയങ്ങളൊക്കയും, നിന്റെ ശക്തിയൊക്കയോടുംകൂടെ അമർത്തുക. ലൌകികർ വിശേഷവും അപൂർവ്വം കോലാഹലവുമാണെന്നു പറയുന്ന യാതൊന്നും കാണുന്നതിനും കേൾക്കുന്നതിനും നീ അത്യാശയുള്ളവനാകേണ്ട. മറിച്ചു നിനക്കു കടമയുള്ളതും നിന്റെ പ്രണ്യവർദ്ധനവിനും രക്ഷയ്ക്കും ഉതകുന്നതുമായവയെപ്പറ്റി അറിയുന്നതിനു താല്പര്യപ്പെടുക.

൧൨–ാമത്.

നിന്റെ ശ്രേഷ്ഠന്മാരുടെ നേരെ ആചാരവണക്കവും നിന്റെ സമക്കാരുടെ നേരെ മതിപ്പും ഉപചാരവും നിന്റെ കീഴുള്ളവരുടെ നേരെ സ്നേഹവുമുള്ളവനായി കാണപ്പെടുന്നതിനു അത്യന്തം സൂക്ഷ്മവും ശ്രദ്ധയും നിനക്കുണ്ടായിരിക്കണം. ഈതിനു പ്രതികൂലമായി നടക്കുന്നെങ്കിൽ നിഗളത്താൽ നടത്തപ്പെടുന്ന ഒരാത്മാവാണു നീയെന്നു ഗ്രഹിക്കണം.

൧൩–ാമത്.

വിശുദ്ധ സുവിശേഷമനുസരിച്ചു, സാക്ഷാൽ എതൃയും ത്രാണസ്ഥലം നിനക്കു തക്കതാണ്, എന്നു നിശ്ചയപടുമായി കരുതി എല്ലായ്പോഴും അപ്രകാരമുള്ള സ്ഥലം തെര

ഞെട്ടറുത്തുകൊള്ളുക. അപ്രകാരംതന്നെ നിന്റെ സമസ്ത ആഗ്രഹങ്ങളും വിചാരങ്ങളും ജീവിതാവശ്യങ്ങളും അത്യധിക മായി വിസ്തരിക്കാതിരിക്കുന്നതിനും ഉപരിയായി കാംക്ഷിക്കാതിരിക്കുന്നതിനും സൂക്ഷിക്കണം? എന്നാൽ സാമാന്യമായും മിതമായും ഉള്ള നന്മകൾ നിന്റെ എളിമയ്ക്കും ഏറ്റവും തക്കതെന്നു കരുതി തൃപ്തിപ്പെടുകയും ചെയ്യണം.

ക്ര-ാമത്.

കാലത്തിനടുത്ത അനുകൂല്യങ്ങൾ നിനക്കില്ലാതെയാകയും ആത്മീയ നന്മകൾ ദൈവം നിന്നിൽനിന്ന് എടുത്തുകളയുകയും ചെയ്യുമെങ്കിൽ നീ അവയെ നിന്റെ യോഗ്യതയ്ക്കുപരിയായി എല്ലാപ്പോഴും അനുഭവിച്ചിട്ടുണ്ടെന്നു ചിന്തിച്ച്, ദൈവം നിന്നോട് പെരുമാറുന്ന വിധത്തെക്കുറിച്ച് തൃപ്തനായിരിക്കണം.

ക്ര-ാമത്.

നിന്നെത്തന്നെ ശാസിച്ചു വിധിചെയ്യുന്നതിനുള്ള ഒരു വിശുദ്ധാഭ്യാസം സദാ നിന്നിലുണ്ടാകുവൻ ശ്രമിക്കണം. അയിരം ന്യൂനതകളും സ്വസ്നേഹത്തിന്റെ നാട്യങ്ങളും സദാ ചേർന്നിരിക്കുന്ന നിന്റെ സകല പ്രവൃത്തികളിലും ഒരു നിഷ്കർഷ വിധിക്കുന്നാവു നീയാകണം. വിവേകം, നിഷ്കപടത, ഹൃദയശുദ്ധത, ഇത്യാദി സൽഗുണങ്ങൾ ഇല്ലാത്ത നിന്റെ പ്രവൃത്തികളിന്മേൽ ആലോചിച്ചുകൊണ്ട്, നിന്റെമേൽതന്നെ ന്യായവായ ഒരു വക നിനക്കുണ്ടായിരിക്കേണ്ടതുണ്ട്.

ക്രന-ാമത്.

മറ്റൊരുവന്റെ പ്രവൃത്തികളെ വിധിക്കുന്നതു് എത്രയും ഗൌരവമേറിയ ഒരു ദോഷമാണെന്നു നീ കരുതുക. അതിനാൽ അതിൽനിന്നും ഒഴിഞ്ഞിരിക്കയും, അവന്റെ എല്ലാ വചനങ്ങൾക്കും ക്രിയകൾക്കും നല്ല അർത്ഥം സങ്കല്പിക്കുകയും ഒഴിവുകഴിവു പറഞ്ഞു്, അവയെ ആദരിക്കാൻ തക്ക ന്യായങ്ങളെ ഉത്സാഹത്തോടും സ്നേഹബുദ്ധിയോടുംകൂടെ അന്വേഷിക്കയും ചെയ്യുക. എന്നാൽ സംഭവിച്ച കാര്യം അതിസ്പഷ്ടമായിരിക്കുമ്പോൾ അതിനെ നിഷേധിക്കുന്നതിനു് സാദ്ധ്യമല്ലെങ്കിൽ,

അതു് മറവിയാലെയോ, പെട്ടെന്നോ, അഥവാ സാഹചര്യങ്ങൾക്കൊത്തവണ്ണമോ മറിതുപോകലയുള്ള കാരണങ്ങളാലോ സംഭവിച്ചതാണെന്നു കാണിച്ചുകൊണ്ടു്, രിവ്യന്തിയുള്ളെടത്തോളം ആ കുറവു ലഘൂകരിക്കുന്നതിനു് ശ്രമിക്കണം. ഇതും അസാധ്യമെങ്കിൽ നിന്റെ ജോലി, അതിനൊരുപശാന്തി വരുത്തുവാൻ ആവശ്യപ്പെട്ടുന്നില്ലെങ്കിൽ, പിന്നെ അതിനെക്കുറിച്ചു നീ കൂടുതലായി വിചാരിക്കേണ്ടതു്.

ക്ര–ാമതു്.

അനുസരിപ്പാനും നിഷേധിപ്പാനും തക്കവണ്ണമുള്ള സംശയാസ്പദമായ കാര്യങ്ങൾ ബന്ധിച്ചു സംസാരിക്കുമ്പോൾ, യാതൊരുത്തനോടും നീ പ്രതിവാദിക്കേണ്ടതു; വിവാദങ്ങളിൽ മുട്ടു പിടിക്കയും വേണ്ടാ. പിന്നെയൊ, നിന്റെ അഭിപ്രായം തെറ്റായോ മോശമായോ കാണപ്പെട്ടാൽ, വിനയപൂർവ്വം വിട്ടൊഴിഞ്ഞു സമാധാനമായിരിക്കുക. അപ്രകാരംതന്നെ നിസ്സാരമായ കാര്യങ്ങളിൽ, ശരിയാണെന്നു മറ്റുള്ളവർ സ്ഥിരപ്പെടുത്തുന്നവ നിനക്കു തെറ്റാണെന്നു ബോധമുണ്ടെങ്കിലും, മേല്പറഞ്ഞപോലെ ഒഴിഞ്ഞു വിട്ടുകൊടുക്കുക. എന്നാൽ സത്യത്തിന്നു, ആധരിപ്പാൻ ആവശ്യപ്പെടുന്നു എല്ലാസന്ദർഭങ്ങളിലും അതിനായി ധൈര്യപൂർവ്വം യത്നിക്കുക; എങ്കിലും കോപവും നിന്ദയും കൂടാതെയായിരിക്കണം. പെട്ടെന്നുള്ള ഇളകുത്തോടും ക്രോധത്തോടുംകൂടെ ജയം പ്രാപിക്കുന്നതിനേക്കാൾ, മാധുര്യത്തോടുകൂടെ നിഷ്പ്രയാസേന ജയിക്കാമെന്നുറച്ചുകൊള്ളുക.

ക്ര–ാമതു്.

മുമതലയോ, കീഴ്വഴക്കമോ, സഹോദരസ്നേഹമോ നിന്നെ നിർബന്ധിക്കയില്ലെങ്കിൽ, ഒരുവൻ നിന്നെക്കാൾ എത്ര ചെറിയവനായിരുന്നാലും, വചനത്തിലോ ക്രിയയിലോ പെരുമാറ്റത്തിലോ നീ അവനോടു അപ്രീതി കാണിക്കാതിരിപ്പാൻ അത്യന്തം സൂക്ഷിക്കണം.

ക്ര–ാമതു്.

യാതൊരുത്തൻ നിന്നെ സദാ അലട്ടുകയോ അക്രമങ്ങൾകൊണ്ടും അന്യായങ്ങൾകൊണ്ടും നിന്നെ ഉപദ്രവി

പ്പാൻ കാത്തിരിക്കയോ ചെയ്യുന്നതിനു സംഗതിയായാൽ, നീ അയാളോടു കോപിക്കാതെ, അതു് നിഗളമെന്ന നിന്റെ പഴയ മുറിവിനെ സുഖപ്പെടുത്തുവാൻ ദൈവം നിന്റെ ഉപകാരത്തിനു പ്രയോഗിക്കുന്ന ഒരു കരുവാണു് അതെന്നു നീ വിചാരിക്കുക.

൨൦–ാമതു്.

കോപം യാതൊരു മനുഷ്യനിലും വിശിഷ്യ അരുചികരമായ അവസ്ഥകളിലും ഒട്ടും സഹിപ്പാൻ പാടില്ലാത്ത ഒരു ദുർഗുണമാകുന്നു. ഇതിന്റെ വേരുള്ളേടത്തിൽ നിഗളത്തിൽ നിന്നത്രേ അതു ശക്തി പ്രാപിക്കുന്നതു്. ആകയാൽ ഉത്തമശീലമെന്നതു് നിനക്കു ഒരു മുഖ്യഗുണമായിരിക്കുവാൻ ഉത്സാഹിക്കുക. ഇപ്രകാരം ചെയ്യുമെങ്കിൽ, മറ്റൊരുവൻ നിനക്കെതിരെന്ന ദ്രോഹം ചെയ്യുമ്പോൾ സമാധാനത്തിന്റെ സീമ കടക്കാതിരിപ്പാൻ നിനക്കു ശക്തിയുണ്ടാകും. ഇപ്രകാരമുള്ള സംഭവങ്ങളിൽ നിന്നെ ഉപദ്രവിച്ചവന്റെ നേരെ വെറുപ്പിന്റെയോ, പ്രതികാരത്തിന്റെയോ വിചാരലേശങ്ങൾ ഉള്ളിൽ കടക്കാതിരിപ്പാൻ നല്ലപോലെ സൂക്ഷിക്കണം. ദൈവത്തോടു നീ ചെയ്ത ദ്രോഹങ്ങൾക്കു മോചനം ലഭിക്കുവാൻ ഇതിനേക്കാൾ ഏറ്റവും നല്ല മാർഗ്ഗം വേറൊന്നുമില്ലെന്നു പൂർണ്ണമായി ഗ്രഹിച്ചുകൊണ്ടു് ഹൃദയപൂർവ്വം അവനു മാപ്പുകൊടുക്കണം. ഈ എളിമയോടുകൂടിയുള്ള ക്ഷമയാൽ സ്വർഗ്ഗീയഭാഗ്യം പ്രാപിക്കുന്നതിനു തക്ക യോഗ്യതകൾ നിനക്കു ലഭ്യമാകുമെന്നറിഞ്ഞിരിക്കുക.

൨൧–ാമതു്.

മറുള്ളവരുടെ കുറവുകളും ന്യൂനതകളും സഹിക്കുന്നതിൽ നീ ദയയും ക്ഷമയുമുള്ളവനായിരിക്കണം. ഇതിനായി മറുള്ളവർ നിന്നോടു ക്ഷമയും സഹതാപവുമുള്ളവരാകുന്നതിനാവശ്യപ്പെടുന്ന നിന്റെ സ്വന്ത നിർഭാഗ്യംതന്നെ, സദാ കൺമുമ്പാകെ ഉണ്ടായിരിക്കണം.

൨൨–ാമതു്.

ഒരു മൊഴിയായി പറഞ്ഞാൽ, എല്ലാവരോടും, വിശിഷ്യ നിനക്കു വിരോധവും വെറുപ്പും തോന്നുന്നവരോടും

എളിമയും സാധുതാവുമുള്ളവനായി പെരുമാറുക. എന്നാൽ ചിലർ പറയുന്നതുപോലെ "ദൈവമേ ആ മനുഷ്യനോട് എനിക്ക് പകയുണ്ടാകാതെയിരിപ്പാൻ എന്നെ കാക്കേണമേ! അവനെ എനിക്ക് കാണ്മാൻ വഹിയാ; അവനോട് സംസർഗ്ഗം ചെയ്യുന്നതിനു് എനിക്ക് ഒട്ടും മനസ്സില്ല" എന്നു നീ പറയേണ്ടാ. ഈ വിരോധം ഉത്ഭവിക്കുന്നതു നിഗളത്തിൽനിന്നും, അഹംഭാവശീലത്തേയും സ്വസ്നേഹത്തേയും വരപ്രസാദമെന്ന ആയുധംകൊണ്ടു ജയിക്കാത്തതിനാലുമത്രെ എന്നു പൂർണ്ണമായി ധരിക്കുക. എന്തുകൊണ്ടെന്നാൽ വരപ്രസാദത്തിന്റെ ചലനങ്ങൾക്ക് സാക്ഷാൽ തങ്ങളെത്തന്നെ അവർ മുഴുവനായി കയ്യേൽപ്പിച്ചിരുന്നെങ്കിൽ, തങ്ങൾക്ക് തോന്നുന്ന സകല വിഷമങ്ങളും യഥാർത്ഥമായ എളിമകൊണ്ടെന്നുതുയും വേഗം ജയിക്കയും, അത്യുഗ്രവും അമർച്ചയില്ലാത്തതുമായ സ്വാഭാവിക ചലനങ്ങൾ ക്രൂടെയും ക്ഷമയോടെ സഹിക്കയും ചെയ്യുമെ.

ഉപസംഹാരം.

നിനക്ക് വല്ല അസഹ്യതയും നേരിട്ടുന്നെങ്കിൽ, അതു നിന്റെ ഏറ്റവും പ്രിയ ഗുണത്തിനായി നിശ്ചയിച്ച ആ കർത്താവിനെ നീ വാഴ്ത്തുക. അതിനു നീ യോഗ്യനാണെന്നും അതിനെക്കാൾ അധികമായ ഉപദ്രവങ്ങൾ നിനക്ക് വരേണ്ടതായിരുന്നു എന്നും യാതൊരാശ്വാസത്തിനും നിനക്ക് അർഹതയില്ലെന്നും ഗ്രഹിക്കുകയും ചെയ്യുക. കർത്താവിനിഷ്ടമാണെങ്കിൽ, ഈ സങ്കടത്തിൽനിന്നു നിന്നെ ഒഴിപ്പാൻ തന്നോടു നിഷ്കപടമായി അപേക്ഷിക്കാം. എന്നാൽ തന്റെ ഇഷ്ടം മറിച്ചാണെങ്കിൽ, യോഗ്യതാപൂർവ്വം സഹിക്കുന്നതിനു വേണ്ട ശക്തി തരുന്നതുവാനപേക്ഷിക്കണം.

നിന്റെ എല്ലാ കുരിശുകളിലും, നിന്നെ എളിമപ്പെടുത്തി നിന്റെ നിഗളത്തേയും അഹംഭാവത്തേയും നിർമൂലമാക്കുന്നതിനായി ദൈവം അവ നിനക്ക് യാതൃയാക്കുന്നു എന്നു് അറിവാൻ കഴിയുമ്പോൾ, പുറമെയുള്ള ആശ്വാസങ്ങൾ അപേക്ഷിക്കേണ്ടതു പിന്നെയോ "ഹാ! കർത്താവേ! നീ എന്നെ താഴ്ത്തിയതു നിന്റെ പ്രമാണങ്ങളെ ഞാൻ പഠിക്കുന്നതിനു് എനിക്കെത്രയോ ഉപകാരമായിത്തീർന്നു." (സംഗീതം ക്രമവു, ൈെ.) എന്നു രാജദീർഘദർശിയോടുകൂടെ നീ ചൊല്ലുക.

24-ാമതു്.

ഈ ന്യായത്താൽത്തന്നെ നിന്റെ രുചിക്കു ചേരാത്ത ഭക്ഷണപദാർത്ഥങ്ങൾ നിനക്കു തയ്യാറാക്കിയിരിക്കുന്നെങ്കിൽ, കോപിക്കരുതു്. അപ്പോൾ ഈശോമിശിഹായുടെ അഗതികൾ ചെയ്യുന്നതുപോലെ നീയും ചെയ്യു. അവർ തങ്ങൾക്കു് ഒരുക്കപ്പെട്ടിരിക്കുന്നതെന്തായാലും സസന്തോഷം അനുഭവിച്ചു ദൈവപരിപാലനയെ അഭിനന്ദിക്കുന്നു.

25–ാമതു്.

മറ്റുള്ളവർ നിനക്കുപദ്രവകരമായി ദൂഷണങ്ങളും അപവാദങ്ങളും പറയുകയോ, നിനക്കു കീഴുള്ളവർ അഥവാ നിന്നെക്കാൾ പാപികൾ നിന്റെ വ്യാപാരത്തെ ആക്ഷേപിക്കുന്നതായി കണ്ടാൽ, തന്നിമിത്തം നീ കോപാക്രാന്തനാകുകയോ അവർ നല്കുന്ന ഉപദേശങ്ങളെ തൃജിക്കയോ ചെയ്യരുതു്. പിന്നെയോ സമാധാനപൂർവ്വം ദൈവതിരുമുമ്പാകെ നിന്റെ പ്രവൃത്തികളെപ്പറ്റി പരിശോധിക്കുന്നതിനു ജാഗ്രതയുള്ളവനായിരിക്കുക. കർത്താവിന്റെ വരപ്രസാദം നിന്നെ കാത്തുരക്ഷിക്കയില്ലെങ്കിൽ, നീ ചെയ്യുന്ന എല്ലാ അടിസ്ഥാനവിഷയങ്ങളിലും നീ വീഴത്തക്കവനാണെന്നു് നിന്റെ ഹൃദയത്തിൽ എപ്പോഴും ചിന്തയുണ്ടായിരിക്കണം.

26–ാമതു്.

നീ യാതൊരുത്തരാലും വിശേഷമായി സ്നേഹിക്കപ്പെട്ടവനായിരിക്കുവാൻ ആഗ്രഹിക്കരുതു്. സ്നേഹം മനസ്സിൽ നിന്നുള്ളതും, മനസ്സു് പ്രകൃത്യാ നന്മയ്ക്കായി നിർമ്മിക്കപ്പെട്ടിരിക്കുന്നതുമാകയാൽ, സ്നേഹിക്കപ്പെടുന്നതും നല്ലവനായി മതിക്കപ്പെടുന്നതും ഒന്നുതന്നെയാകുന്നു. അതിനാൽ, വിശേഷമായും ഉപരിയായും അന്യരാൽ മതിക്കപ്പെടുന്നതിനുള്ള അഭിലാഷം നിസ്സാരമായ ഏതുവിധത്തിലും യോജിക്കുന്നതല്ലാ. ഇപ്രകാരം നീ നടന്നാൽ, ഏതുതരത്തിലുള്ള ഉന്നതമായ ഫലം നിനക്കു സിദ്ധിക്കും നിന്റെ ആത്മാവു് സൃഷ്ടികളുടെ സ്നേഹം ആഗ്രഹിക്കാതെയിരുന്നാൽ, രക്ഷിതാവിന്റെ തിരുമുറിവുകളിൽ ആദരവോടുകൂടെ അതു് കൈക്കൊള്ളപ്പെടുകയും ഈശോയുടെ ആരാധനയ്ക്കു യോഗ്യമായ തിരുഹൃദയത്തിന്റെ അവർണ്ണനീയമായ ദിവ്യമാധുര്യം അനുഭവി

ക്കുകയും ചെയ്യും. എന്തെന്നാൽ ഈശോയെപ്രതി മനുഷ്യസ്നേഹത്തെ സർവ്വോപരി പരിത്യജിക്കുമെങ്കിൽ നിന്റെ ആത്മാവു് ദൈവിക സന്തോഷങ്ങളുടെ മാധുര്യം ഏറ്റവുമധികമായി ആസ്വദിക്കും.

എന്നാൽ വഞ്ചനയും തട്ടിപ്പും നിറഞ്ഞ ലൌകിക സന്തോഷങ്ങളുടെ മാധുര്യം ഇഷ്ടപ്പെട്ടുന്നെങ്കിൽ, ആ ദിവ്യസന്തോഷങ്ങൾ ഒരിക്കലും കിട്ടുന്നതല്ല; എന്തുകൊണ്ടെന്നാൽ ദൈവിക സന്തോഷം എത്രയും നിർമ്മലവും പരിശുദ്ധവുമായിരിക്കുന്നു, അതിനോടു് ഇഹലോക സന്തോഷങ്ങൾ കലരുക സാധ്യമല്ല. ലൌകിക സന്തോഷങ്ങളിൽ നാം എത്ര വെറുപ്പുള്ളവരാകുമോ അത്രയും ദൈവിക സന്തോഷങ്ങളിൽ നാം സംപുഷ്ടരാകും. മാത്രമല്ല, നിന്റെ ആത്മാവു് ദൈവത്തിലേക്കു പൂർണ്ണ സ്വാതന്ത്ര്യത്തോടെ തിരിഞ്ഞു് തന്റെ സന്നിധാനത്തിന്റെയും അളവില്ലാത്ത ദിവ്യ ലക്ഷണങ്ങളുടെയും ധ്യാനത്തിൽ തന്നെ അനുഭവിച്ചാശ്വസിപ്പാൻ ഇടവരികയും ചെയ്യും. സർവ്വോപരി സ്നേഹിക്കയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നതിനേക്കാൾ ഏത്രയും ഇമ്പമുള്ളതു യാതൊന്നുമില്ലാത്തതിനാൽ, നീ ദൈവത്തെ പ്രതി ലൌകിക സന്തോഷങ്ങൾ ഉപേക്ഷിക്കയും സ്നേഹങ്ങളോടുള്ള സ്നേഹത്താൽ ഹൃദയം വിഭാഗിക്കപ്പെടാതെ മുഴുവനും ദൈവത്തിന്റെതായി തീരുകയും ചെയ്യണം. എന്നാൽ ഈ പൂജ ദൈവത്തിനെത്രയും പ്രസാദകരവും നിനക്കു് അത്യന്തം സൌഭാഗ്യജനകവുമായിരിക്കും. ഇപ്രകാരമായാൽ പരസ്നേഹം നിന്നിൽനിന്നു കുറഞ്ഞുപോകുമെന്നു ഭയപ്പെടുവാനില്ല. മാത്രമല്ല, ഈ പരസ്നേഹം നിന്നിൽ ഏറ്റം ശുദ്ധവും പരിപൂർണ്ണവുമായിരിക്കുന്നതുമാണു്. എന്തുകൊണ്ടെന്നാൽ നിന്റെ സ്വന്ത ലാഭം ഇച്ഛിച്ചോ സ്വഭാവഗതിയനുസരിച്ചോ അല്ല സ്നേഹിക്കുന്നതു; ദൈവത്തിനേറ്റം പ്രസാദകരമായി തോന്നുന്നതു ചെയ്യുകൊണ്ടു തനിക്കിഷ്ടപ്പെടുവാൻ മാത്രമാണു്.

27–ാമതു്.

നിന്റെ പ്രവൃത്തികൾ എത്ര നിസ്സാരമായിരുന്നാലും അവയൊക്കെയും മഹാ ശ്രദ്ധയോടും സൂക്ഷ്മതയോടും ജാഗ്രതയോടും കൂടെ ചെയ്യുക. അശ്രദ്ധയായും ധൃതിയോടും പ്രവൃത്തിക്കുന്നതു് അഹമ്മതിയുടെ ഫലമാകുന്നു. സാക്ഷാൽ എളിമയുള്ളവർ എല്ലാ

യ്യോഴും സൂക്ഷിക്കയും ഏതുയും ലഘുവായ കാര്യങ്ങളിൽക്കൂടെയും
ന്യൂനത വരുന്നതിന്മേൽ ഭയപ്പെടുകയും ചെയ്യും. ഇതിനാൽ
തുലോം സാധാരണമായ ഭക്തകൃത്യങ്ങൾ എല്ലായ്പോഴും അഭ്യസി
ക്കയും നിനക്കു തോന്നുന്ന സാധാരണ കാര്യങ്ങളിൽനിന്നു പൊ
തുവായി വിട്ടുമാറുകയും ചെയ്യണം. എന്തെന്നാൽ, അഹങ്കാരി
എല്ലായ്പോഴും അസാമാന്യ കൃത്യങ്ങൾ ചെയ്വാൻ ആഗ്രഹിക്കുന്ന
തുപോലെ, എളിമയുള്ളവൻ പൊതുവും സാമാന്യവുമായവയെ
ചെയ്യുന്നതിൽ സന്തുഷ്ടനായിരിക്കുന്നു.

28-ാമതു്.

നീ നിനക്കുതന്നെ ഒരു നല്ല ആലോചനക്കാരനെന്നു വി
ചാരിക്കരുതു്. നിന്റെ അഭിപ്രായങ്ങൾ മലിനവും നിന്ദ്യവുമായ
ഒരുറവയിൽനിന്നാണു പുറപ്പെടുന്നതെന്നു് കരുതി അവയിൽ
വിശ്വസിക്കാതെ ഭയപ്പെടുക. ഈ ചിന്തയോടുകൂടി, നിനക്കു
കഴിയുമ്പോഴൊക്കെയും ബുദ്ധിയും നല്ല മനസ്സാക്ഷിയുമുള്ള ഒരു
വനോടു് ആലോചന ചെയ്യുകയും, നിന്റെ സ്വന്ത കണ്ടുപിടി
ത്തങ്ങളെ അനുഗമിക്കാതെ, നിന്നെക്കാൾ ഏറെറം നല്ലവരിൽ
നിന്നു പഠിപ്പാൻ ഏറെവും ഇഷ്ടപ്പെടുകയും ചെയ്യുക.

29-ാമതു്.

നീ വരപ്രസാദത്തിന്റെയും പുണ്യത്തിന്റെയും ഉയർന്ന
ഒരു പദവിയിൽ എത്തുകയും, ദൈവം നിനക്കു് എത്രയും ഉന്നത
ജപധ്യാനത്തിന്റെ വരം നൽകുകയും, നീ ആയിരം വർഷ
ത്തോളം കുറവില്ലായ്മയിലും തീക്ഷ്ണമുള്ള ഭക്തിയിലും ജീവിക്ക
കയും ചെയ്യുകിലും, എല്ലായ്പോഴും— വിശിഷ്യ, വിരക്തിയുടെ സ
ഗതിയിൽ— ഭയത്തോടുകൂടെ നിന്നെത്തന്നെ വിശ്വസിക്കാതെയും നട
ക്കണം. പിന്നെയും നിന്റെ ഉള്ളിൽ ഒരിക്കലും കെടാത്ത ഒരു
മോഹാഗ്നിയും, പാപങ്ങളുടെ ഒരിക്കലും വറവാത്ത ഒരുറവയും
ഉണ്ടായിരിക്കുന്നു എന്നു് ഓർമ്മിക്കുകയും, നീ മൂഢവും അശക്ത
തയും അസ്ഥിരതയും അവിശ്വാസവുമാണെന്നു നല്ലപോലെ ഗ്ര
ഹിക്കയും വേണം. ആകയാൽ നീ സദാ നിന്റെമേൽത്തന്നെ
സൂക്ഷിച്ചു്, നിന്റെ ആത്മാവിനെ മലിനമാക്കുവാൻ തക്ക യാ
തൊന്നും കാണാതിരിപ്പാൻ നേത്രങ്ങളും, കേൾക്കാതിരിപ്പാൻ
ശ്രോത്രങ്ങളും അടയ്ക്കുക. എപ്പോഴും ആപൽക്കരമായ ഹേതുക്ക
ളെ വിട്ടൊഴികയും, മറവു വഴുക്കാരോടുള്ള ഉപകാരശൂന്യമായ

സംഭാഷണങ്ങളെ അശേഷം നീക്കുകയും, ആവശ്യപ്പെട്ട സംസ
ർഗ്ഗങ്ങളിൽ മഹാ ശങ്കയോടും വിനയത്തോടും ഗൗർവത്തോടും
കൂടെ പെരുമാറുകയും ചെയ്യണം. ദൈവവരപ്രസാദം കൂടാതെ
യാതൊരു നന്മയും ചെയ്വാൻ നീ അശക്തനായിരിക്കയാൽ, ദൈ
വാനുഗ്രഹം നിൻെറമേലുണ്ടാകുവാനും ഒരു ക്ഷണനേരമെങ്കി
ലും നിൻെറ സ്വന്ത ശക്തിക്കു നിന്നെ കൈവിടാതിരിപ്പാനും
വേണ്ടി, നിരന്തരം ദൈവത്തോടു പ്രാർത്ഥിക്കേണ്ടതാകുന്നു.

30-ാമതു്.

ഒരുപക്ഷേ, നീ ദൈവത്തിൽനിന്നു വലിയ 'സിദ്ധി
കൾ' പ്രാപിച്ചിട്ടുള്ളവനും അഥവാ ഭൂമിയിൽ ഏതെങ്കിലും ഗംഭീര
കൃത്യങ്ങൾ നടത്തീട്ടുള്ളവനും ആയിരിക്കാം. എന്നിരുന്നാലും
നീ സാക്ഷാൽ എന്തായിരിക്കുന്നു എന്നു് ഏറ്റവും നല്ലവണ്ണം
ഗ്രഹിപ്പാൻ സദാ ശ്രമിക്കയും, നിൻെറ ബലഹീനതയും അപ്രാ
പ്തിയും ഇല്ലാഴ്മയും ശരിയായി കണ്ടു ഗ്രഹിക്കുന്നതിനു് അതി
ജാഗരൂകനായിരിക്കുകയും വേണം. പിന്നെയും ഒരു ശിശുവി
നെക്കാളും നീ ഏറ്റവും അല്പനാണെന്നു വിചാരിച്ചു്, മനുഷ്യ
സ്തുതിയിന്മേൽ ഇഷ്ടപ്പെടാതിരിക്കയും, സ്ഥാനമാനാഗ്രഹങ്ങളിൽ
നിന്നു് അതിജാഗ്രതയോടെ ഒഴിഞ്ഞിരിക്കയും ചെയ്യുക. എന്തു
കൊണ്ടെന്നാൽ ഇവ രണ്ടും സദാ നീ ത്യജിക്കേണ്ടവയാകുന്നു.

31-ാമതു്.

'നിനക്കേതെങ്കിലും ഘനമായ ഉപദ്രവം നേരിടുകയോ,
അതി തീവ്രമായ വല്ല നീരസവും തോന്നുകയോ ചെയ്യുമ്പോൾ
നിന്നെ ഉപദ്രവിച്ചവനോടു കോപിക്കുന്നതിനു പകരം നിൻെറ
പാപശാന്തിക്കു അഥവാ നിന്നിലുള്ള നിഗളാത്മാവിയെ നിർമൂ
ലമാക്കുന്നതിനു്, ക്ഷമയുടെയും എളിമയുടെയും പ്രവൃത്തികൾ
അഭ്യസിക്കുവാൻവേണ്ടി, തൻെറ അപരിമിതവും സ്നേഹാവഹ
വുമായ പരിപാലനയാൽ ഇപ്രകാരമുള്ള അനുഭവങ്ങൾ നിനക്കു
ഒരുക്കിയ കർത്താവിൻെറ പക്കൽ സാഷ്ടാംഗത്തിലേക്കു നിൻെറ നേ
ത്രങ്ങളെ ഉയർത്തുക.

32-ാമതു്.

നിൻെറ അയൽക്കാരനു താണതും ഹീനവുമായ ഏതെ
ങ്കിലും ശുശ്രൂഷ ചെയ്വാൻ സംഗതി വരുമ്പോൾ, നീ സകലരു

ടെയും ശ്രുശ്രൂഷിയായിരുന്നാലെന്നപോലെ, പൂർണ്ണമായ ഏളിമയോടും, സന്തോഷത്തോടുംകൂടെ അതു നിറവേറ്റുക. ഇങ്ങനെയുള്ള അഭ്യാസംകൊണ്ടു്, പുണ്യത്തിന്റെയും വരപ്രസാദത്തിന്റെയും അളവറ്റ നിക്ഷേപങ്ങൾ നിനക്കു ശേഖരിക്കാം.

34–ാമതു്.

നീ വല്ല അസാമാന്യമായ ആശയടക്കങ്ങളും ചെയ്യുമെങ്കിൽ പലപ്പോഴും അതിന്റെ യോഗ്യത മുഴുവനും നഷ്ടമാക്കുന്ന മായസൂത്രി എന്ന വിഷം നിനക്കു തട്ടാതിരിപ്പാൻ നല്ലവണ്ണം സൂക്ഷിക്കണം. അതായതു്, സേച്ഛാ അനുസരിച്ചു ജീവിക്കുന്നതു്, നിന്നെപ്പോലെ ഒരു പാപിക്കു ചേരാത്തതുകൊണ്ടും ദൈവന്യായാസനത്തിൻ മുമ്പാകെ കണക്കു കൊടുപ്പാൻ തക്കതു വളരെ കുറവുകളും കുടങ്ങളും നിനക്കുണ്ടായിരിക്കുന്നതുകൊണ്ടും ഇപ്രകാരമുള്ള ഇഛയടക്കം ചെയ്യുന്നു എന്നു് പൂർണ്ണമായി ഗ്രഹിക്ക. ഒരു വെറിയുള്ള കുതിരയെ പിടിച്ചമർത്തുന്നതിനു കടിഞ്ഞാൺ ആവശ്യമായിരിക്കുന്നതുപോലെ നിന്റെ ആശാപാശങ്ങളുടെ ശക്തിയെ നിയന്ത്രിച്ചു് സാധീനത്തിൽ വയ്ക്കുന്നതിനു് പ്രായശ്ചിത്ത പ്രവൃത്തികൾ നിനക്കാവശ്യമാണെന്നു ചിന്തിക്കുക.

35-ാമത്.

ഞെരുക്കങ്ങളിലും നിന്ദാപമാനങ്ങളിലും, നിനക്കു അക്ഷമയും സങ്കടവും തോന്നുമ്പോഴൊക്കെയും, നീ സഹിക്കുന്ന സങ്കടങ്ങളെക്കാൾ എത്രയും കഠിനമായ ശിക്ഷകൾക്കു യോഗ്യമായ നിന്റെ അനവധി പാപങ്ങളെ സ്മരിച്ചുകൊണ്ടു്, ഇങ്ങനെയുള്ള പരീക്ഷകളോടു ധൈര്യമായി എതിർക്കുക. ദൈവത്തിന്റെ അറുതിയില്ലാത്ത നീതിയെ ആരാധിച്ചു്, അനുഗ്രഹത്തിന്റെയും വരപ്രസാദത്തിന്റെയും ഉറവകളെന്നു നീ പരിഗണിക്കുന്ന അവിടുത്തെ ശിക്ഷകളെ വിനയപൂർവ്വം നീ കൈക്കൊള്ളണം. ദയനീയമായ ഈ ജീവിതത്തിൽ, ദൈവത്തെപ്പോലെ, ഇത്ര മാധുര്യമുള്ള ഒരു പിതാവിൻ കരത്താൽ ശിക്ഷിക്കപ്പെടുന്നതു്, നിനക്കു എത്രയോ രക്ഷാകരമായിരിക്കുന്നു എന്നു പൂർണ്ണമായി നീ ഗ്രഹിച്ചിരുന്നെങ്കിൽ, അവിടുത്തെ തിരുക്കരങ്ങളിൽ നിന്നെ മുഴുവനും നിസ്സംശയം ഭരമേല്പിക്കുമായിരുന്നു. "കർത്താവേ! നിത്യത്വത്തിൽ എന്നോടു ക്ഷമിച്ചു മാപ്പു തരുന്നതിനായി, ഈ ജീവിതത്തിൽ എന്നോടു ക്ഷമിക്കാതെ, അങ്ങേ തിരുമനസ്സുപോലെ, എന്നെ ചൂടുകയും മുറിപ്പെടുത്തുകയും ചെയ്യു." എന്നു വിശുദ്ധ ആഗ്രസ്തീനോസിനോടുകൂടെ, നീയും കൂടെക്കൂടെ ചൊല്ലുക. ഞെരുക്കങ്ങളെ വിട്ടൊഴിയുന്നതു്, ദൈവത്തിന്റെ രക്ഷാകരമായ നീതിയോടു മറുതലിക്കുന്നതുപോലെയാകുന്നു. മാത്രമല്ല, അതിനെ അനുഗ്രഹത്താൽ പാനം ചെയ്യാൻ നമുക്കു നീട്ടിത്തരികയും, ഈശോമിശിഹാ കുറവില്ലാത്തവനായിരുന്നിട്ടും, ഒന്നാമനായി കുടിപ്പാൻ തിരുമനസ്സാകയും ചെയ്ത ആ കാസായെ തട്ടിക്കളയുന്നതുപോലെയുമാകുന്നു.

36-ാമത്.

"നീ അസംഗതമായി വല്ല തെറ്റു ചെയ്യുകയും, അതു്, മറ്റുള്ളവർ കണ്ടതുകൊണ്ടു്, നിന്ദിക്കുന്നതിനു ഒരു ഹേതുവായിത്തീരുകയും ചെയ്യുന്നെങ്കിൽ ദൈവത്തെ ഉപദ്രവിച്ചതിനെക്കുറിച്ചും നിന്റെ സഹോദരനു് ഇമ്മാതൃക കാണിച്ചതിനെക്കുറിച്ചും, അത്യന്തം മനസ്സുപീഡിക്കുക. എന്നാൽ നിനക്കുണ്ടായ നിന്ദയും അപമാനവും സംബന്ധിച്ചു പറഞ്ഞാൽ, അതു്, നിന്റെ പാപശാന്തിക്കും നിന്നെ ഏറ്റം എളിമയും പുണ്യവുമുള്ളവനാക്കുന്നതിനുമായി ദൈവം നിനക്കായി തെരഞ്ഞെടുത്ത ഒരു മാ

ശ്രമെന്നു കരുതി സ്വീകരിക്കുക. മറിച്ചു, നിന്ദിക്കപ്പെടുമ്പോൾ നിനക്കു മഹാ ദുഃഖം തോന്നുന്നെങ്കിൽ, നിനക്കു സാക്ഷാൽ എളിമയില്ലെന്നും; നീ നിഗളത്താൽ നിറഞ്ഞിരിക്കുന്നു എന്നും, ഞാൻ പറയുന്നു. എന്നെ വിശ്വസിക്കുക. നിന്നെ ആ കുറ്റത്തിൽനിന്നു മോചിപ്പിക്കുന്നതിനു് കർത്താവിനോടേറ്റം മുട്ടിപ്പായി അപേക്ഷിക്കു. എന്തുകൊണ്ടെന്നാൽ ദൈവം നിന്നെ അനുഗ്രഹിക്കുകയില്ലെങ്കിൽ, നിശ്ചയമായി മറ്റു കുഴികളിൽ നീ വീഴും.

37–ാമതു്.

നിന്ദ്യനെന്നും നിസ്സാരനെന്നും നീ വിചാരിക്കുന്ന ഒരുവൻ നിന്റെ സുഹൃത്തുക്കളുടെ കൂട്ടത്തിലുണ്ടെങ്കിൽ, അവന്റെ കുറവുകൾ നീ നോക്കി വിധിക്കുന്നതിനു പകരം, ബഹുമാനവണക്കങ്ങൾക്കു യോഗ്യനായി കാണപ്പെടുവാൻ തക്കവണ്ണം ദൈവം അവനു നൽകിയിരിക്കുന്ന സ്വാഭാവികവും സ്വഭാവാതീതവുമായ വിശേഷ വരങ്ങളെ നീ ആലോചിക്കുമെങ്കിൽ, നീ സാക്ഷാൽ ജ്ഞാനവും വിവേകവുമുള്ള ഒരു മനുഷ്യനായിരിക്കും. കുറഞ്ഞപക്ഷം, ദൈവിക ചരായയിൽ സൃഷ്ടിക്കപ്പെട്ടതും, ഈശോമിശിഹായുടെ അമൂല്യമായ തിരുരക്തത്താൽ വീണ്ടുരക്ഷിക്കപ്പെട്ടതുമായ ഒരു സൃഷ്ടിയും, ദൈവവരപ്രസാദത്താൽ മുദ്രിതനായ ഒരു ക്രിസ്ത്യാനിയും, ദൈവത്തെ നിത്യം ദർശിച്ചു അനുഭവിപ്പാൻ തക്ക ഒരാത്മാവോടുകൂടിയവനും, ഒരു പക്ഷേ ആരാധനയ്ക്കു യോഗ്യമായ ദൈവ വിചാരണയുടെ ശുഭാലോചനയാൽ നിത്യഭാഗ്യത്തിനു മുൻകൂട്ടി നിശ്ചയിക്കപ്പെട്ടവനുമായി അവനെ നിനക്കു കരുതാം. കർത്താവു് അവന്റെ ഹൃദയത്തിൽ ചിന്തിയിരിക്കുന്നതും അഥവാ ചിന്തുവാനിരിക്കുന്നതുമായ വരപ്രസാദം ഏപ്രകാരമുള്ളതെന്നു നിനക്കറിയാമോ? എങ്കിലും ഇപ്രകാരമുള്ള പരിശോധനകൾ ചെയ്യുന്നതിനു പകരം, ഈവിധ നിന്ദ്യമായ വിചാരങ്ങൾ പരീക്ഷകന്റെ വിഷംകലർന്ന പ്രലോഭനങ്ങൾപോലെ, തൽക്ഷണം തള്ളിക്കളയുന്നതു് ഒരുവേള ഏറ്റവും നന്നായിരിക്കും.

38–ാമതു്.

ആരാലെങ്കിലും നീ സ്തുതിക്കപ്പെടുന്നതു കേൾക്കുമ്പോൾ, തന്നിമിത്തം നീ സന്തോഷിക്കുന്നതിനു പകരം, നീ ചെയ്ത ആ അല്പപ്രവൃത്തിക്കുള്ള സമ്മാനം മുഴുവനും ആ സ്തുതിയായിരിക്കുമോ

എന്നു ഭയപ്പെടുക. മറ്റുള്ളവ നിന്ദ്യമല്ല അർഹമായിരിക്കുന്ന നിന്റെ നിർഭാഗ്യത്തെ മനസ്സിലാക്കി ആ സംഭാഷണം നിറുത്തുന്നതിനു ശ്രമിക്കുക. എന്നാൽ ഇതു് ഏളിമയുള്ളവർ‌യി കാണപ്പെടുന്നതിനു നടിക്കുന്ന നിഗളികളേപ്പോലെയായിരിക്കരുതു്. നിന്റെ പ്രവൃത്തികളിന്മേൽ യാതൊരു മതിപ്പും വീണ്ടുമുണ്ടാകാതിരിക്കത്തക്കവിധം ഒരു പുണ്യസൂത്രത്തോടുകൂടെയായിരിക്കണം.

ഇതു് അസാധ്യമെങ്കിൽ സത്യബഹുമാനവും സൂതിയും തൽക്ഷണം ദൈവത്തിനുമാത്രം സമർപ്പിച്ചുകൊടുക്കുക, മാനിയേൽ എന്ന ദീർഘദർശികളെപ്പോലെ ഇപ്രകാരം ചൊല്ലുക. "കർത്താവേ! സത്യനീതിയും സൂതിയും നിനക്കു്; ഞങ്ങൾക്കോ എന്നാൽ പ്രവൃത്തിക്കുള്ള ലജ്ജയും നാണവും ഭവിക്കട്ടെ." (ബറൂക് 1. 15.)

39-മതു്.

നിന്റെ സ്വന്ത വസ്തുക്കളിന്മേൽ എത്ര വലിയ വെറുപ്പു തോന്നേണ്ടിയിരിക്കുന്നുവോ, അത്രയും ശ്രേഷ്ഠംപേരുടെ സൂതികളിന്മേലും ബഹുമാനങ്ങളിന്മേലും സന്തോഷം തോന്നുകയും സത്യവും നീതിയും അനുവദിക്കുന്നപോലെ, നിന്റെ ശക്തിക്കൊത്തവണ്ണം അവയെ പിൻതാങ്ങുകയും വേണം. അസൂയാബുദ്ധികൾ സഹോദരന്റെ സൂതി സ്വന്ത സൂതിക്കു ഹാനികരമെന്നു കരുതുന്നതിനാൽ അവക്കു് അതു സഹിച്ചുകൂടാ; തൻനിമിത്തം സംഭാഷണങ്ങളിൽ അന്യന്മാർ സൂതിക്കപ്പെടുന്നതു കേൾക്കുമ്പോൾ, അതു് ഒന്നുകിൽ കുറയ്ക്കുന്നതിനു് അല്ലെങ്കിൽ സംശയസ്ഥിതിയിലാക്കുന്നതിനുവേണ്ടി, ചില കുത്തുവാക്കുകളും ദ്വയാർത്ഥമുള്ള വചനങ്ങളും സാമർത്ഥ്യത്തോടെ പറയുന്നു. നീ ഇപ്രകാരം ചെയ്യാതെ, നിന്റെ സഹോദരനെ സൂതിച്ചുകൊണ്ടു് കർത്താവിനെ മഹത്വപ്പെടുത്തുക: അവിടുന്നു് അവനു് നൽകിയ ദാനങ്ങളെക്കുറിച്ചും അവനിൽനിന്നു താൻ ആവശ്യപ്പെടുന്ന ശുശ്രൂഷകളെക്കുറിച്ചും അവിടുത്തെ നന്ദിചൊവ്വും സൂതിക്കുക.

40-മതു്.

സംഭാഷണങ്ങളിൽ നിന്റെ സഹോദരനു് അപമാനം വരുന്നു എന്നു് കാണുമ്പോൾ, അതിന്മേൽ നേരായ ഒരു ദുഃഖം നിനക്കുണ്ടാകണം. ദുഷ്കർമ്മത്തിന്റെ ആത്മീയ ബലഹീനതയേക്കുറിച്ചു്, ഒഴികഴിവു വിചാരിക്കുന്നതിനും നീ ഉത്സാഹിക്കുക. എന്നാൽ

വെറുപ്പിനു ഹേതുവായിത്തീർന്ന ആ സാധുവിന്റെ മാനം സൂക്ഷിക്കുന്നതിനു ശ്രമിക്കണം. പക്ഷെ നിന്റെ ഈ ആദരവു് പേരെ ഒരു ശാസനയ്ക്കാതിരിപ്പാൻ തക്കവണ്ണം ബുദ്ധിസാമർത്ഥ്യത്തോടെയായിരിക്കണം. അതായതു് ചിലപ്പോൾ അവന്റെ ശ്ലാഘ്യമായ ഗുണലക്ഷണങ്ങളെ സൂചിപ്പിച്ചുകൊണ്ടും മറ്റുള്ളവർക്കും നിനക്കും അവന്റെ നേരെയുള്ള മതിപ്പിനെ സ്പഷ്ടമാക്കിക്കൊണ്ടും ചിലപ്പോൾ സംഭാഷണം ഉപചാരപൂർവ്വം പേരെ വിഷയത്തിലേക്കു മാറ്റിക്കൊണ്ടും അഥവാ നിനക്കു തോന്നുന്ന ആ ഇഷ്ടക്കേടു് ഏതുവിധമെങ്കിലും പുറമെ കാണിച്ചുകൊണ്ടുമായിരിക്കണം.

ഇപ്രകാരം ചെയ്യുന്നതായാൽ, നിനക്കും ദ്വേഷകനും കേൾവിക്കാർക്കും ദ്വേഷിതനും ഒരു വലിയ ഉപകാരം ചെയ്യുന്നതുപോലെ ആകും. എന്നാൽ നിന്റെ സഹോദരൻ നിന്ദിക്കപ്പെടുമ്പോൾ, നിനക്കു യാതൊരു വിരോധവും തോന്നാതെ, അതിന്മേൽ ഇഷ്ടം തോന്നുകയും, അവൻ ഉയർത്തപ്പെടുമ്പോൾ, നിനക്കു വെറുപ്പു തോന്നുകയും ചെയ്യുന്നെങ്കിൽ, എളിമയെന്ന പുണ്യത്തിന്റെ നിസ്തുലമായ നിക്ഷേപം നേടുന്നതിനു് നീ എത്രയൊ അധികം ശ്രമിക്കേണ്ടിയിരിക്കുന്നു.

41–ാമതു്.

സ്വന്തം ന്യൂനതകളെക്കുറിച്ചു് ഉപദേശിക്കപ്പെടുന്നതിനേക്കാൾ, ജ്ഞാനാഭിവൃദ്ധിക്കു ഏറ്റവും പ്രയോജനകരമായി യാതൊന്നുമില്ലാത്തതിനാൽ, വല്ലപ്പോഴും ഈ സ്നേഹപ്രവൃത്തി നിന്നോടു ചെയ്യുവാൻ ധൈര്യപ്പെടുത്തി എല്ലാ അവസരങ്ങളിലും ഇപ്രകാരം നിന്നോടു് അവർ വീണ്ടും വീണ്ടും ചെയ്യുന്നതിനു് അവർക്കു മനസ്സുവരുത്തുന്നതു് ഏറ്റവും ഉചിതവും ആവശ്യകവുമായ ഒരു കാര്യമാകുന്നു. അവരുടെ ഉപദേശങ്ങളെ സന്തോഷത്തോടും കൃതജ്ഞതയോടുംകൂടെ നീ കൈക്കൊള്ളുന്നതുകൊണ്ടു് അവയെ അനുസരിക്കുവാൻ നിനക്കു ഒരുവക കടമയുണ്ടു്. ഇപ്രകാരം ചെയ്യുന്നതിനാൽ, അവർ ധൈര്യപ്പെടാതെയിരിക്കുന്നതെന്നെയല്ല, നിന്നെക്കുറിച്ചുള്ള അവരുടെ താല്പര്യം ഫലപ്രാപ്തിയുള്ളതായിത്തീരുകയും അവരുടെ ഔദാര്യശീലം നിനക്കു തൃപ്തികരമാകുന്നു എന്നു് നിന്റെ വിശ്വസ്ത സ്നേഹിതന്മാർ കാണുകയും ചെയ്യും. നിഗളിയെ തിരുത്തപ്പെടുത്തുമ്പോൾ, അവനോടു ചെയ്യപ്പെ

ടുന്ന രക്ഷാകരമായ ഉപദേശങ്ങളെ അനുസരിക്കുന്ന ഭാവം കാണിക്കാതെ, അവയെ മുഴുവനും നിന്ദിക്കുന്നപോലെ കാട്ടുന്നു. എന്നാൽ സാക്ഷാൽ എളിമയുള്ളവൻ ദൈവസ്നേഹത്തെപ്രതി, സകലക്കും കീഴ്വഴങ്ങുന്നതു് തനിക്കൊരു സ്വതന്ത്രയായി കരുതുകയും അവനോടു് ഉപദേശിക്കുന്നതു് ആരായിരുന്നാലും, അയാൾ ദൈവത്തിന്റെ ഒരു കരുവായിരിക്കയാൽ ദൈവത്തിൽനിന്നു കൈക്കൊള്ളുന്നപോലെ, ആ ഉപദേശങ്ങളെ മതിക്കുകയും ചെയ്യുന്നു.

42–ാമതു്.

ഒരു വത്സലപുത്രൻ തന്റെ പ്രിയപിതാവിന്റെ കരങ്ങളിൽ തന്നെ ഭരമേല്പിക്കുന്നതുപോലെ, നീ ദൈവത്തിന്റെ ദിവ്യപരിപാലനയുടെ നടത്തിപ്പുകളെ അനുസരിക്കുന്നതിനു നിന്നെ മുഴുവനും കയ്മേൽപ്പിക്കുക. നിനക്കു സംഭവിക്കുന്ന യാതൊരു സംശതിയിലും കലങ്ങാതെയും വിഷാദിക്കാതെയും ദൈവം തിരുമനസ്സാകുന്നതൊക്കെയും നിന്നോടു പ്രവർത്തിക്കുന്നതിനു സമ്മതിച്ചുകൊടുക്കുക. തന്നിൽനിന്നു നിനക്കു സംഭവിക്കുന്ന സമസ്തവും സന്തോഷത്തോടും മനോവിശ്വാസത്തോടും വിനയത്തോടുംകൂടെ സ്വീകരിക്കുക. ഇതിനു പ്രതികൂലമായി പ്രവർത്തിക്കുന്നതു് അവിടുത്തെ ദിവ്യഹൃദയത്തിന്റെ പരിപാലനയിൽ നന്ദിഹീനനും അവിശ്വസ്തനുമായി വർത്തിക്കുന്നതുപോലെയാകുന്നു. എളിമ ദൈവത്തിന്റെ അനന്തമായ ഉള്ളാഴ്മയിലേക്കു നിന്നെ അറുതിയില്ലാത്തവണ്ണം കീഴ്പ്പെടുത്തുന്നു. എങ്കിലും അതിനോടുകൂടെ ദൈവത്തിൽ നമ്മുടെ സ്വാശ്രയത്വവും, സ്വാശ്രയത്വവും നിലകൊള്ളുന്നു എന്നു് എളിമ നമ്മെ പഠിപ്പിക്കയും ചെയ്യുന്നു.

43–ാമതു്.

ദൈവസഹായം കൂടാതെ, യാതൊരു സൽക്രിയയും ചെയ്യാൻ നീ അശക്തനെന്നും നീ വെക്കുന്ന എല്ലാ കാലടികൾക്കും വീഴ്ച പറ്റുമെന്നും, ഏതുയും ലഘുവായ പരീക്ഷയിൽപോലും നീ തോറ്റുപോകുമെന്നും സ്പഷ്ടമായിരിക്കയാൽ, നന്മപ്രവൃത്തി ചെയ്യുന്നതിനു നീ ഏതുയും സ്വബലഹീനനെന്നു ഗ്രഹിക്കയും, നിന്റെ സമസ്ത പ്രവൃത്തികൾക്കും 'ദൈവസഹായം ഇടവിടാതെ ആവശ്യമായിരിക്കുന്നു എന്നു സ്മരിക്കയും വേണ്ടു. ഈ വിചാര

ങ്ങൾ വഴിയായി, ഉറപ്പുള്ള വേറെ യാതൊരു ആദരവുമില്ലെന്നു കണ്ടു്, തന്റെ അമ്മയുടെ മടിയിൽ മുറുകെപ്പിടിക്കുന്ന ഒരു ശിശുവിനേപ്പോലെ, നീയും ദൈവത്തോടു വേർപിരിയാത്തവണ്ണം ഒന്നിച്ചിരിക്കണം. രാജദീർഘദർശിയോടുകൂടെ ഇപ്രകാരം ആവർത്തിച്ചു ചൊല്ലുക; "കർത്താവേ! നീ എന്നെ സഹായിച്ചില്ലെങ്കിൽ, അല്പനേരത്തിനകത്തു് ഞാൻ നരകത്തിലായേനേ." (സംഗീതം 93. 17) "കർത്താവേ! എന്നെ കടാക്ഷിച്ചു എന്റെമേൽ അനുഗ്രഹിക്കേണമെ! എന്തുകൊണ്ടെന്നാൽ ഞാൻ ഏകനും പാവപ്പെട്ടവനുമാകുന്നു" (സംഗീ. 24. 14.) "ദൈവമേ! എന്നെ രക്ഷിക്കേണമെ! എന്നെ സഹായിപ്പാൻ വേഗം വരിക." (സംഗീതം 59. 1.) അനന്തരം നിന്റെ പൂർണ്ണ ഹൃദയത്തോടുകൂടെ കർത്താവിനു് സദാ ഉപകാരസ്മരണ ചെയ്യുകയും, പ്രത്യേകം മുൻകൂട്ടിത്തന്നെ നിനക്കു താൻ ചെയ്യുന്ന ഉപകാരസഹായങ്ങളെപ്പറ്റി, തനിക്കു സ്തോത്രം ചെയ്യുകയും നിനക്കാവശ്യമുള്ളതും താനല്ലാതെ മറ്റൊരുവനും നിനക്കു തരുവാൻ വഹിയാത്തതുമായ ആ വിശേഷ സഹായങ്ങൾ നിനക്കു നല്കുന്നതിനായി തന്നോടു മുട്ടിപ്പായി പ്രാർത്ഥിക്കയും ചെയ്ക.

44–ാമതു്.

മുഖ്യമായി നീ ജപം ചെയ്യുമ്പോൾ, നിന്റെമേൽ ത്തന്നെ ഒരു മഹാ ലജ്ജയും നീ അഭയം പ്രാപിപ്പാൻ, ഏറിവോടെ ആശിക്കുന്ന പരമ ദൈവത്തിന്റെ സന്നിധാനം മാത്രം ഒരു വലിയ താഴ്മയും വിശുദ്ധമായ ഭയവും നിനക്കുണ്ടായിരിക്കണം. "പൊടിയും ചാമ്പലുമായിരിക്കുന്ന ഞാൻ എന്റെ കർത്താവിനോടു സംസാരിക്കുമോ?" (സൃഷ്ടി. 18. 27) വല്ല അസാമാന്യ വരപ്രസാദവും ലഭിക്കുമെങ്കിൽ, അതിനു നീ അർഹനാണെന്നു് ഉടനെ കരുതിക്കൊണ്ടു്, ദൈവം ഔദാര്യമായും തന്റെ ശുദ്ധാഗ്രഹത്താലും നിനക്കു നൽകിയതാകുന്നു എന്നു ഗ്രഹിക്കണം. അതു നിന്റെ സ്വന്തംപോലെ വിചാരിക്കയൊ, അതിന്മേൽ വ്യർത്ഥമായി സന്തോഷിക്കയൊ ചെയ്യാതിരിപ്പാൻ സൂക്ഷിക്ക. എന്നാൽ യാതൊരു വിശേഷദാനവും നിനക്കു ലഭിച്ചില്ലെങ്കിൽ, തന്നിമിത്തം ഒട്ടുംതന്നെ അതൃപ്തനാകരുതു്. ഒരു ഭിക്ഷു തന്റെ ദാരിദ്ര്യം തീർക്കുന്നതിനു വല്ലതും അല്പം ദാനം കിട്ടുന്നതിനു് ധനവാന്റെ പടിക്കൽ അനേകം നാഴിക നിന്നിരിക്കുന്നതുപോലെ നീയും വല്ല വരപ്രസാദവും ലഭിപ്പാൻ വളരെക്കാ

യ്ങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു എന്നും ദൈവം തന്റെ തൃപ്പാദത്തോടടുക്കുന്നതിനു് അനുവദിക്കുന്നതുതന്നെ അവിടുത്തെ ഏറ്റവും വലിയ അനുഗ്രഹമാണെന്നും ചിന്തിക്കണം.

45–ാമതു്.

നിനക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ ശുഭമായും സഫലമായും സംഭവിക്കുമ്പോൾ, അവയുടെ സ്തുതിയൊക്കെയും ദൈവത്തിനു അർപ്പിക്കുവാൻ സദാ നീ സന്നദ്ധനായിരിക്കു; അതിലുളവാകുന്ന ന്യൂനതകൾ മാത്രമെ നിനക്കായി ആരോപിക്കാവു;– എന്തെന്നാൽ: സത്പ്രവൃത്തിയും ദൈവത്തിൽനിന്നുള്ളതും അതിനുള്ള മഹത്വവും കൃതജ്ഞതയും തനിക്കുതന്നെ ചെല്ലേണ്ടതുമാകുന്നു. നിന്റെ ആത്മാവിൽനിന്നു് ഒരിക്കലും ഈ സത്യം മാഞ്ഞുപോകാതിരിപ്പാൻ തക്കവണ്ണം സൂക്ഷിക്കുക. നിനക്കു കിട്ടിയതുപോലെ, ദൈവവരപ്രസാദം വേറൊരുവനു കിട്ടിയിരുന്നെങ്കിൽ, നിന്നെക്കാൾ ഏറ്റവും ഉത്തമനാകയും ഇതുവളരെ തെറ്റുകൾ ചെയ്യാതിരിക്കയും ചെയ്യുമെന്നു വിശ്വസിക്കുക. വിശേഷ സംഭവങ്ങളിൽ നിനക്കു തരപ്പെട്ടമാറാകുന്ന സ്തുതികളെ നീ പരിത്യജിക്കണം; ഒരു ഹീന ഉപകരണമായിരിക്കുന്ന നിനക്കല്ല, അത്യുന്നതനും നിത്യനുമായ ആ ദിവ്യശില്പശാസ്ത്രിക്കത്രേ അതു ചെല്ലേണ്ടതു്. താൻ തിരുമനസ്സായാൽ ഒരു വടികൊണ്ടു് ഒരു പാറയിൽ നിന്നു് ജലം പുറപ്പെടുത്തുന്നതിനും, അല്പം മണ്ണുകൊണ്ടു് കുരുടനാക്കു കാഴ്ച നൽകുന്നതിനും, ഇങ്ങനെ അളവില്ലാത്ത അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതിനും തനിക്കു കഴിയുന്നതാണു്.

46–ാമതു്.

മറിച്ചു് നിനക്കു ഭരമേല്പിക്കപ്പെട്ട കാര്യങ്ങൾ അശുഭമായി അവസാനിച്ചെങ്കിൽ, അതു് നിന്റെ അജാഗ്രതയും, ഉദാസീനതയുംകൊണ്ടാണെന്നു് ഭയപ്പെടേണ്ടിയിരിക്കുന്നു. നിന്റെ സ്വസ്നേഹവും എല്ലാവിധ അപമാനത്തേയും വെറുക്കുന്ന നിഗളവും ഒരുപക്ഷെ അന്യരുടെമേൽ കുറ്റം ചുമത്തുകയും, അതിനു കഴിവില്ലെങ്കിൽ ആ കുറ്റം ലഘൂകരിക്കുകയും ചെയ്യുന്നു. എന്നാൽ നീ ഇപ്രകാരമുള്ള ദുശ്ചാഞ്ചല്യങ്ങളെ പിഴുതെറിഞ്ഞു, നിന്റെ ജീവിതത്തെ മനസ്സാക്ഷിപ്രകാരം പരിശോധിച്ചു്, വല്ല കുറ്റവും വന്നിട്ടുണ്ടോ എന്നു ഭയന്നു്, ദൈവസന്നിധിയിൽ

നിന്നെത്തന്നെ കുറ്റപ്പെടുത്തി, ആ അപമാനത്തെ നിനക്കു യോഗ്യമായ ഒരു ശിക്ഷയായി കൈക്കൊള്ളുക. എന്നാൽ നിന്റെ മനസ്സാക്ഷി നിന്നെ കുറ്റപ്പെടുത്തുന്നില്ലെങ്കിൽ, ഈ സംഗതിയിലും ദൈവപരിപാലനയെ ആരാധിച്ചു് നിന്റെ കഴിഞ്ഞ പാപങ്ങളുടെ നിന്റെമേൽത്തന്നെയുള്ള അതിവിശ്വാസവും നിമിത്തം, നിന്റെ പരിശ്രമങ്ങളിൽ നിന്നു് ദൈവാശീർവ്വാദം മാറിപ്പോയിയെന്നു ചിന്തിക്കുക.

47–ാമതു്.

നിന്റെ ഹൃദയം മുഴുവനും ദൈവസ്നേഹജ്വാലയാൽ എരിഞ്ഞുകൊണ്ടു, ദിവ്യകാരുണ്യം ഉൾക്കൊള്ളുവാൻ പോകുമ്പോൾ, യഥാർത്ഥമായ എളിമയുടെ ചിന്തകളാൽ അഗാധമായി അതു പൂരിക്കപ്പെട്ടിരിക്കണം. മഹാ നിർമ്മലനും പരിശുദ്ധനുമായ ദൈവം ഇത്ര നിർഭാഗ്യനായ നിനക്കു തന്നെത്തന്നെ ഭക്ഷണമായിത്തരുവാൻ തക്കവണ്ണം, അത്ര വലിയ സ്നേഹചിഹ്നം കാണിച്ചിരിക്കുന്നു എന്നു് നീ ചിന്തിക്കുമ്പോൾ, എങ്ങിനെ അതിശയിക്കാതിരിക്കും! നിന്റെ അയോഗ്യതയുടെ ആഴത്തിൽ മുഴുകുവാൻ തക്കവണ്ണം നിന്നെത്തന്നെ നീ താഴ്ത്തണം. ഈ ആരാധനയ്ക്കു പാത്രമായ പരിശുദ്ധ ക്രുദാശയ്ക്കു എത്രയും വലിയ വണക്കത്തോടെ നീ അടുക്കേണ്ടിയിരിക്കുന്നു. ഈ ദിവ്യകാരുണ്യത്തിൽ സമ്പൂർണ്ണസ്നേഹം തന്നെയായിരിക്കുന്ന ആ ദിവ്യനാഥൻ തന്റെ അവർണ്ണനീയ മാധുര്യ സംപൂർണ്ണതയിൽ ഒരോഹരി നിന്നെ അനുഭവിപ്പിച്ചുകൊണ്ടു്, നിന്നെ അലങ്കരിക്കുന്നതിനു് ആഗ്രഹിക്കുമ്പോൾ, തന്റെ അപരിമിതമായ മഹത്വത്തിൻനേരെ വണക്കക്കുറവു കാണിക്കാതിരിപ്പാൻ നല്ലവണ്ണം സൂക്ഷിക്കുക.

നീ എല്ലായ്പോഴും നിന്റെ സ്വന്ത സ്ഥിതിയിൽ, അതായതു് എളിമയിലും താഴ്മയിലും ഇല്ലായ്മയിലും ഉറപ്പായി നിന്നുകൊള്ളണം. എന്നാൽ നിന്റെ ദാരിദ്ര്യത്തിന്റെയും നിർഭാഗ്യത്തിന്റെയും ഈ ചിന്തകൾകൊണ്ടു നിന്റെ ഹൃദയത്തെ ചൂടാക്കി, സ്വർഗ്ഗീയ വിരുന്നിൻനേരെ ഉണ്ടാകേണ്ട വിശുദ്ധ വിശ്വാസത്തിൽ കുറവു വരുത്തരുതു്. മാത്രമല്ല, നിന്റെ ആത്മഭക്ഷണമാകുവാൻ തക്കവണ്ണം, തന്നെ ഏറ്റവും താഴ്ത്തിയ ദൈവത്തിൻനേരെയുള്ള സ്നേഹം നിന്നിൽ അധികമധികം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

48–ാമതു്.

നിന്റെ സഹോദരന്റെ നേരെ സ്നേഹം നിറഞ്ഞ ഒരു ഹൃദയവും ഒരിക്കലും വാടാത്ത സൌമ്യതയുടെയും മാധുര്യത്തിന്റെയും ഒരുറവയും നിന്നിൽ സൂക്ഷിക്കണ്ടും. സമസ്ത കാര്യങ്ങളിലും അവനെ എങ്ങനെ സഹായിക്കണമെന്നു ആത്മാർത്ഥതയോടെ, തേടുകയും വേണം. എങ്കിലും ഇവയെല്ലാം കർത്താവിനെ പ്രസാദിപ്പിപ്പാൻവേണ്ടി പ്രവർത്തിക്കണം. തന്നിമിത്തം പ്രവർത്തിപ്പാൻ നിന്നെ പ്രേരിപ്പിക്കുന്ന കാരണങ്ങളെ നീ യഥോചിതം പരിശോധിച്ചാൽ, മിഥ്യാസ്തുതി സ്വസ്നേഹം എന്നിവയുടെ തട്ടിപ്പുകളെയെല്ലാം നീ സ്പഷ്ടമായി കാണും.

നീ ചെയ്യുന്ന സമസ്ത പ്രവൃത്തികളും ദൈവസ്തുതിക്കായി പ്രതിഷ്ഠിക്കണം; എന്തെന്നാൽ നീ ചെയ്യുന്ന ഏതു സൽകൃത്യം ദൈവം മാത്രം അറിവാൻ തക്കവണ്ണം, അതിനെ രഹസ്യമായും ശുദ്ധമായും ചെയ്യുമെങ്കിൽ, നിനക്കു ലഭിക്കാവുന്ന ലാഭം വിലമതിച്ചുകൂടാത്തതാകുന്നു എന്നും മറിച്ചു നിന്റെ ഉദാസീനതയാൽ അതു് മനുഷ്യരറിയുന്നതിനിടവരുമെങ്കിൽ, പക്ഷികൾ കൊത്തിയ ഒരു പഴംപോലെ; ആ പ്രവൃത്തികളുടെ വില മുഴുവനും നഷ്ടമായിപ്പോകുമെന്നും നീ ഗ്രഹിക്കണം.

49–ാമതു്.

കർത്താവിന്റെ ഇഷ്ടക്കേടിലുൾപ്പെടുമോ, എന്നുള്ള ആ രക്ഷാകരമായ ഭയത്തോടുകൂടെ, ഇടവിടാതെ സംഭവിക്കാവുന്ന ആപത്തു കണ്ടുകൊണ്ടു തന്നോടു സദാ ആത്മനാ നെടുവീർപ്പിട്ടുപേക്ഷിക്കണം; ഇപ്രകാരം നീ ചെയ്യുൽ, ഇതു വലിയ ഒരു നിർഭാഗ്യം നിന്നിൽ വരാതിരിപ്പാൻ തക്കവണ്ണം, തന്റെ അറിവില്ലാത്ത അനുഗ്രഹത്താൽ നിന്നെ താൻ സംരക്ഷിക്കും. ഇതാകുന്നു പുണ്യവാന്മാർ ഇതു കാംക്ഷിച്ചു മതിച്ച ആ ഹൃദയത്തിനടുത്ത പരിശുദ്ധനെടുവീർപ്പു്. ഇതു് അവരെ തങ്ങളുടേതേടും തങ്ങളുടെ പ്രവൃത്തികളിന്മേലും ശ്രദ്ധയുള്ളവരാക്കി, ദൈവിക സത്യങ്ങളിന്മേൽ ധ്യാനിക്കുന്നതിനും ലൌകിക വസ്തുക്കളെ നിന്ദിക്കുന്നതിനും അന്തരംഗ ജപങ്ങൾ അഭ്യസിക്കുന്നതിനും ദൈവമൊഴികെ, മറ്റു സകല വസ്തുക്കളിൽ നിന്നകന്നിരിക്കുന്നതിനും കാരണമാക്കും. ഒരു വചനമായിപ്പുറഞ്ഞാൽ, ഇതു സാക്ഷാലുള്ള എളിമയുടേയും അരുചിക്കടുത്ത ദാരിദ്ര്യത്തിന്റെ

യും ഉറവായിക്കുന്നു. ഇതിൽ ക്രൂടെക്രൂടെയഭ്യസിക്കയും സൌക
ര്യമുള്ളപ്പോഴൊക്കെയും ഇതു നിന്റെ നിരന്തരം ജപമായിരിക്കുക
യും വേണം.

50–ാമതു്.

സൌഖ്യം പ്രാപിക്കുന്നതിനു അത്യന്തം ആഗ്രഹിക്കുന്ന
ഒരു രോഗി, അതിനു വിഘ്നമായിരിക്കുന്നവയൊക്കെയിൽനി
ന്നും ഏറവും ഉത്സാഹപൂർവ്വം അകലുകയും വളരെ സുഖകര
മായ പദാർത്ഥങ്ങൾക്രൂടെയും ലുബ്ധിച്ചു് ഉപയോഗിക്കുകയും
ഓരോ കവിൾ ഭക്ഷണത്തിൽക്രൂടെയും വല്ല ഗുണ്യം വരുമൊ
യെന്നു സൂക്ഷിക്കയും ചെയ്യുന്നു. ഇപ്രകാരംതന്നെ നീയും, നി
ഗളമെന്ന മഹാ രോഗത്തിൽനിന്നു സൌഖ്യം പ്രാപിക്കുവാൻ
ഹൃദയപൂർവ്വം ആഗ്രഹിക്കയും, എളിമയെന്ന അമൂല്യ നിക്ഷേപം
സമ്പാദിക്കുന്നതിനു്, യഥാർത്ഥമായാശിക്കയും ചെയ്യുന്നെങ്കിൽ
അതിനു വിഘ്നമായിരിക്കുന്ന യാതൊന്നും പറയാതെയും, പ്രവ
ർത്തിക്കാതെയുമിരിപ്പാൻ സദാ ബഹു ജാഗ്രതയും, സൂക്ഷവുമുള്ളവ
നായിരിക്കണം. ഇതിനാൽ നീ ചെയ്യാൻ പോകുന്നതു്, എളിമയ്ക്കു
ചേരുന്നതൊ അല്ലയൊ എന്നു എല്ലായവസരങ്ങളിലും സൂക്ഷിച്ചു്
ചേരുന്നതെങ്കിൽ, സസന്തോഷം ചെയ്യുകയും, അല്ലാത്തതെങ്കിൽ,
മുഴുവനും പരിത്യജിക്കുകയും ചെയ്യുന്നതുത്തമമാണു്.

51–ാമതു്.

ഇനി എളിമയെന്ന വിശേഷഗുണ്യം അഭ്യസിപ്പാൻ
എത്രയും ബലവത്തായ മറെറാരു ന്യായം നാം നിരന്തരം അനു
ഗമിക്കേണ്ടതായ നമ്മുടെ ദിവ്യരക്ഷിതാവിന്റെ മാതൃകയാണു്.
അവിടുന്നു് വിശുദ്ധ സുവിശേഷത്തിൽ "സാധുശീലവും ഹൃദയ
എളിമയുള്ളവനായ എന്നിൽ നിന്നു നിങ്ങൾ പഠിപ്പിൻ", എന്നു
നമ്മോടു് അരുളീച്ചെയ്തിരിക്കുന്നു. (മത്താ. 11. 29.)

വിശുദ്ധ ബർണ്ണാർദ്ദു് ചോദിക്കുംവണ്ണം, ഈ ദിവ്യരക്ഷി
താവിന്റെ എളിമ ജയിക്കാത്ത നിഗളമേതായിരിക്കുന്നു? താൻ
മാത്രമെ സാക്ഷാൽ എളിമപ്പെടുകയും, താഴ്ത്തപ്പെടുകയും ചെ
യ്തിട്ടുള്ളു. നാമൊ, എളിമപ്പെടുന്നു എന്നു നമുക്കു തോന്നുമ്പോൾ,
നാം ഒട്ടും താഴ്ത്തപ്പെടുന്നില്ല; നമുക്കു സ്വന്തമായ ഒരു സ്ഥിത
എടുക്കുന്നു എന്നേയുള്ളു. എന്തെന്നാൽ, നാം ഹീനസൃഷ്ടികളും

ഒരുപക്ഷെ ആയിരം പ്രാവശ്യം കുറ്റം ചെയ്യുവരുമായിരിക്കയാൽ, ഇല്ലായ്മയും ശിക്ഷയുമല്ലാതെ മറ്റു യാതൊന്നിനും നമുക്കർഹതയില്ല. എന്നാൽ നമ്മുടെ രക്ഷിതാവായ ഈശോമിശിഹാ തനിക്കു യോഗ്യമായ മഹത്വത്തിനു പ്രതികൂലമായി അളവില്ലാത്തവണ്ണം താഴ്ത്തപ്പെട്ടു. താൻ സർവ്വശക്തനായ ദൈവവും അളവില്ലാത്ത ഉള്ളാഴ്മയും അമർത്യനും സകലത്തിന്റെയും പരമകർത്താവുമാകുന്നു. എങ്കിലും താൻ ബലഹീനനും പീഡ അനുഭവിക്കത്തക്കവനും മരണമുള്ളവനും മരണപര്യന്തം കീഴ്വഴക്കമുള്ളവനുമായിച്ചമഞ്ഞു; താൻ ലൌകികവസ്തുക്കളിൽ മഹാദരിദ്രനുമായിരുന്നു; സ്വർഗ്ഗത്തിൽ മാലാഖമാക്കും പരിശുദ്ധന്മാക്കും സന്തോഷവും ഭാഗ്യവും നൽകുന്നവനായി താൻ വ്യാകുലങ്ങളുടെ ഒരു മനുഷ്യനായിത്തീരുകയും, മനുഷ്യസ്വഭാവത്തിനു വരുവാൻ പാടുള്ള സമസ്ത കഷ്ടതകളും സഹിക്കയും ചെയ്തു.

സൃഷ്ടിക്കപ്പെടാത്ത ജ്ഞാനവും സർവ്വജ്ഞാനങ്ങളുടെയും ആദിയുമായ താൻ, ഒരു ബുദ്ധിഹീനനെപ്പോലെ സകല നിന്ദാവമാനങ്ങളും സഹിച്ചു. പരിശുദ്ധന്മാരിൽ പരിശുദ്ധനും സ്വഭാവത്താലെ പരിശുദ്ധത തന്നെയുമായിരിക്കുന്ന താൻ ഒരു ദുഷ്ടനെപ്പോലെയും, പാതകനെപ്പോലെയും, വിചാരിക്കപ്പെടുവാൻ സമ്മതിച്ചു. പരമണ്ഡലത്തിൽ ദൈവത്തെ ദർശിച്ചു ഭാഗ്യപ്പെടുന്ന അസംഖ്യം സ്വർഗ്ഗവാസികളാൽ ആരാധിക്കപ്പെടുന്ന താൻ ഒരു കുരിശിന്മേൽ ഏതുയും അപമാനത്തോടെ മരിപ്പാൻ തിരുമനസ്സായി. അനന്തരം സ്വാഭാവികമായി അത്യന്ത നന്മയായ താൻ സകല വിധത്തിലുള്ള ക്ലേശങ്ങൾ സഹിച്ചു. ഇപ്രകാരമുള്ള എളിമയുടെ ദൃഷ്ടാന്തം കണ്ടതിന്റെശേഷം ചാമ്പലും പൊടിയുമായിരിക്കുന്ന നമുക്കു ചെയ്യാൻ പാടില്ലാത്തതെന്തു? ഏതുയും നീചപ്പാപങ്ങൾ മാത്രമല്ല, ഏതുയും നിർഭാഗ്യ പാപികളും നാമായിരിക്കയിൽ നമുക്കു കനമായി തോന്നുന്ന അവമാനം ഏതായിരിക്കുന്നു?

52–മതു്.

പഴയതും പുതിയതുമായ ഉടമ്പടിയിലെ പരിശുദ്ധന്മാർ കാണിച്ചിരിക്കുന്ന ദൃഷ്ടാന്തങ്ങൾക്കുടെ ചിന്തിക്കുക. മഹാ പുണ്യവാനും തീക്ഷ്ണതയുള്ളവനുമായ ഏശയ്യാ ദീർഘദർശി ദൈവതിരുമുമ്പിൽ താൻ ഒരു അശുദ്ധ മനുഷ്യനെന്നു വിശ്വ

സിച്ചു', തന്റെ പുണ്യങ്ങളും സൽകൃത്യങ്ങളുമെല്ലാം അഴുക്കു നിറഞ്ഞ ഒരു വസ്ത്രമെന്നു് അനുസരിച്ചു പറഞ്ഞിരുന്നു. (ഏശ. ൬൪. ൬.)

ഹെസക്കേലിന്റെ പ്രബന്ധത്തിൽ, ദൈവകോപത്തെ തന്റെ ജ്ഞാങ്ങൾ വഴിയായി ശമിപ്പിപ്പിച്ചാൻ തക്ക ഒരു വിശുദ്ധ മനുഷ്യനെന്നു് ദൈവംതന്നെ അരുളിച്ചെയ്ത ദാനിയേൽ ദീർഘദർശി ഒരു പാപിയെപ്പോലെയും, സദാ ലജ്ജയും അപമാനവും നിറഞ്ഞ ഒരു മനുഷ്യനെപ്പോലെയും എളിമയോടെ ദൈവത്തോട് സംഭാഷിച്ചിരുന്നു.

കുറമില്ലായ്കയുടെയും പരിശുദ്ധതയുടെയും വിസ്മയവിഷയമായ വിശുദ്ധ ദൊമ്നിക്കോസു്, തന്നെ എത്രയും ഹിനമായിക്കരുതിയതിനാൽ താൻ പ്രയാണം ചെയ്തിരുന്ന നഗരിമേൽ താൻ മൂലം ശാപംവന്നേക്കുമോ എന്നു ഭയപ്പെട്ടിരുന്നു; ഇതിനാൽ ഈ മഹാത്മാവു് ഏതൊരു പട്ടണത്തിലും പ്രവേശിക്കുംമുമ്പു്, മണ്ഡനമസ്കാരം ചെയ്തു് അശ്രുധാര ഒഴുക്കിക്കൊണ്ടു് ഇപ്രകാരം അപേക്ഷിച്ചിരുന്നു. "കർത്താവേ! അങ്ങേ എത്രയും സ്നേഹയോഗ്യമായ അനുഗ്രഹത്തെക്കുറിച്ചു്, എന്റെ പാപങ്ങളെ പരിഗണിക്കല്ലേ! എന്റെ ദൈവമെ, ഈ പട്ടണത്തിന്റെ കോട്ടകൾക്കുള്ളിൽ ഞാനിരിക്കെ നിമിത്തം, നിന്റെ നീതിപൂർവ്വമായ പ്രതികാരത്തിന്റെ ഫലം അതിന്മേൽ വരാതിരിപ്പാൻ കരുണയുണ്ടാകണേ."

തന്റെ പരിശുദ്ധ ജീവിതം നിമിത്തം കുരിശിന്മേൽ തൂങ്ങി ഈശോയ്ക്കു അനുരൂപമായ പ്രതിമയായിത്തീർന്ന, വിശുദ്ധ ഫ്രംസിസ്കൂ് അസീസ്സി, താൻ ഭൂലോകത്തിലുള്ളതിൽ എത്രയും നീചപാപിയെന്നറപ്പായും സ്ഥിരമായും വിശ്വസിച്ചിരുന്നു. ഈ വിചാരം യാതൊരുത്തനും യാതൊരു പ്രകാരേണയും തന്നിൽനിന്നു ദൂരീകരിപ്പാൻ വഹിയാത്തവണ്ണം, അത്രയ്ക്കും ആഴമായി അദ്ദേഹത്തിൽ പതിഞ്ഞിരുന്നു.

ഇതിനു താൻ പറഞ്ഞിരുന്ന ന്യായമെന്തെന്നാൽ, തനിക്കു ദൈവം നൽകിയ ആ വരപ്രസാദങ്ങളെല്ലാം മനുഷ്യരിൽ എല്ലാവരിലും കുറഞ്ഞവനു കൊടുത്തിരുന്നെങ്കിൽ, അവർ അവയെ ഏറ്റവും ഉത്തമമായി ഉപയോഗിക്കയും, ഇത്രവലിയ നന്ദികേടുകാണിക്കാതിരിക്കയും ചെയ്തേനെ; മറുചില പുണ്യവാന്മാർ തങ്ങൾ അനുഭവിച്ചിരുന്ന ദൈവാ

ഗൃങ്ങൾക്കും, ശ്വസിച്ചിരുന്ന വായുവിനും, ധരിച്ചിരുന്ന വസ്ത്രങ്ങൾക്കും അയോഗ്യരെന്നു വിശ്വസിച്ചിരുന്നു.

വേറെ ചിലർ, തങ്ങളെ നരകത്തിൽ തള്ളിയിടാതെ, ഈ ഭൂമിയിൽ ഇരിക്കുന്നതിനു് അനുവദിച്ചിരിക്കുന്നതു് ദൈവാനുഗ്രഹത്തിന്റെ ഒരു മഹാ അത്ഭുതമെന്നു കരുതിയിരുന്നു. മനുഷ്യർ തങ്ങളുടെ അക്രമങ്ങൾ സഹിക്കുന്നതും, ശേഷമെല്ലാ സൃഷ്ടികളും ഏകോപിച്ചു് തങ്ങളെ നിർമൂലമാക്കുവാൻ ശ്രമിക്കാത്തതുംകൊണ്ടു് മറ്റു ചിലർ ആശ്ചര്യപ്പെട്ടിരുന്നു. അനന്തരം പുണ്യവാന്മാരെല്ലാവരും സ്ഥാനമാനങ്ങളും സൗകര്യങ്ങളും വെടുക്കയും തങ്ങളെത്തന്നെ നിന്ദ്യമായി വിചാരിക്കയും ചെയ്തിരുന്നു. ഇതിനാൽ അവർ നിന്ദാവമാനങ്ങളല്ലാതെ, മറ്റൊന്നും ആഗ്രഹിച്ചിരുന്നില്ല, എന്നു നാം അറിയുന്നു. പക്ഷെ നീ അവരെക്കാൾ അധികം ജ്ഞാനപ്രകാശമുള്ളവനൊ, അഥവാ ഏറ്റവും പരിശുദ്ധനൊ ആണോ അവരുടെ ദൃഷ്ടാന്തങ്ങൾ കണ്ടിട്ടു്, നിന്റെ സ്വന്ത നേത്രങ്ങൾക്കു നീ ഏതുമേ ഹീനനായി കാണപ്പെടാത്തതെന്തുകൊണ്ടു്? ആ പുണ്യവാന്മാരെപ്പോലെ, നിന്റെ സന്തോഷം മുഴുവനും വിശുദ്ധമായ എളിമയിൽ വെക്കാത്തതെന്തുകൊണ്ടു്?

ഒന്പതാമതു്.

ഈ പുണ്യത്തിൽ നീ അധികമധികം വർദ്ധിച്ചു് അവമാനങ്ങൾ സഹിക്കുന്നതിൽ നിനക്കു മാധുര്യവും തൃപ്തിയുമുണ്ടാകുന്നതിനായി, നിനക്കു നേരിടുവാൻ പാടുള്ള അവമാനങ്ങളെ ക്കൂടെക്കൂടെ ബോധത്തിൽ രൂപവൽക്കരിക്കുക. അപ്പോൾത്തന്നെ നിനക്കു തോന്നുന്ന സ്വാഭാവിക വിരോധം കൂട്ടാക്കാതെ, നിന്റെനേരെ ദൈവത്തിനുള്ള സ്നേഹ ചിഹ്നങ്ങളായും, നിന്നെ പുണ്യവാനാക്കുവാൻ തക്ക പോംവഴികളായും, അവയെ നിന്റെ ഉള്ളിൽ കൈക്കൊള്ളുവാൻ നീ ശ്രമിക്കുന്നതു് എത്രയും പ്രയോജനകരമായിരിക്കും. പക്ഷെ ഇതിനു നീ വളരെ യുദ്ധം ചെയ്യേണ്ടിയിരിക്കുന്നു; എങ്കിലും ധൈര്യപ്പെടുക, ഈശോമ്ശിഹായുടെമേലുള്ള സ്നേഹത്തെപ്രതി, സകലവും സസന്തോഷം സഹിക്കുന്നതിനുള്ള സന്നദ്ധതയും ഉറപ്പും ഉണ്ടാകുന്നതുവരെ, നിന്റെ യുദ്ധത്തിൽ നീ ധീരനായിരിക്കണം.

ദൈവമത്രേ.

നിന്റെ ശത്രുക്കൾ നിന്നോട്ട ചെയ്യാൻ ഉദ്ദേശിക്കുന്ന ശകാരങ്ങൾ, മുൻകൂട്ടി നിനക്കു മാധുര്യമായിത്തീരുന്നതിനും മാത്രമല്ല, നിന്റെ ഉത്തമനന്മയിലും നിന്ദയിലും കാക്കുന്നതിനു വേണ്ടിക്കൂടെയും, ഒരു ദിവസവും ആ ശകാരങ്ങൾ നിന്നോടുതന്നെ ചെയ്യാതെ കടന്നു പോകരുതു്; ഏതെങ്കിലുമൊരു കഠിനപരീക്ഷയുടെ കൊടുങ്കാറ്റു നേരിട്ടുമ്പോൾ, ദൈവം നിന്നെ പരിക്ഷിക്കുന്ന വിധത്തെപ്പറ്റി അക്ഷമയും ആത്മനാ വിലാപവും തോന്നുന്നെങ്കിൽ, തൽക്ഷണം ആ ചാഞ്ചല്യങ്ങളെ അമർത്തി നിന്നോടുതന്നെ പറക: "എന്നെപ്പോലെ നീചനും നിർഭാഗ്യനുമായ ഒരു പാപി, ഈ അരിഷ്ടതയെപ്പറ്റി പ്രലപിക്കുമോ? പക്ഷെ ഇതിനെക്കാൾ അപാരവും ഉഗ്രവുമായ ശിക്ഷകൾക്കു ഞാൻ യോഗ്യനല്ലയോ? എന്റെ ആത്മാവേ! നിന്നെ ഒരിക്കൽ നിർഭാഗ്യത്തിൽ നിന്നും അരിഷ്ടതയിൽ നിന്നും രക്ഷിപ്പാൻവേണ്ടി, ദൈവം ഈ അപമാനങ്ങളും പീഡകളും നിനക്കു ദാനമായി യാത്രയാക്കുന്ന നിന്റെ ദിവ്യമായ ഒരു ഭോജനമാണെന്നും നീ അറിയുന്നില്ലേ?

ഹാ! ആത്മാവേ! നീ അതിനെ നിഷേധിച്ചാൽ അയോഗ്യമായിത്തീരുകയും, ഒരു അമൂല്യനിക്ഷേപത്തെ ദൂരെ എറിഞ്ഞുകളകയും ചെയ്യും. ഇതിനാൽ ദൈവം നിന്നെക്കാൾ ഏറ്റം നല്ലവണ്ണം ഉപയോഗിക്കുന്ന മറ്റൊരുവനു് നിന്നിൽ നിന്നു് എടുത്തുകൊടുക്കും. കർത്താവു് നിന്നെ തന്റെ സ്നേഹിതരുടെയും, ഗാഗുൽത്താ മലയിലെ യഥാർത്ഥശിഷ്യരുടെയും ഗണത്തിൽ കൂട്ടുന്നതിനു തെരഞ്ഞെടുത്തിരിക്കയിൽ, നീ നീചനായി അതു് തിരസ്കരിച്ചുകളയുന്നോ? നീ സമരം ചെയ്യാതെ എങ്ങനെ വിജയമകുടം ധരിക്കും? നീ ദിവസത്തിന്റെ ഭാരവും ഉഷ്ണവും സഹിക്കാതെ എങ്ങനെ സമ്മാനം കൈക്കൊള്ളുമെന്നു നടിക്കുന്നു? ഇപ്രകാരമുള്ള ഓരോ ചിന്തകൾ നിന്റെ പുണ്യനീക്കുന്നതയെ ഉജ്ജ്വലിപ്പിക്കയും, നമ്മുടെ രക്ഷിതാവീശോമിശിഹായുടെ ദൃഷ്ടാന്തം അനുസരിച്ചു് പീഡകളുടെയും അപമാനങ്ങളുടെയും മദ്ധ്യേ ജീവിതം കഴിക്കുന്നതിനുള്ള ആഗ്രഹം നിന്നിൽ ജനിപ്പിക്കയും ചെയ്യും.

൫൫–ാമത്.

നീ നിന്ദകളുടെയും വിരോധങ്ങളുടെയും മദ്ധ്യേ, എത്ര മാത്രം സമാധാനവും സന്തോഷവും അനുഭവിച്ചാലും, ഇതുകൊണ്ട് സമാധാനമുള്ളതും ദൈവിക സമ്മാനങ്ങൾ ലഭിക്കുന്നതുമായ ഒരു എളിമയെ സമ്പാദിച്ചു എന്നു ഉറപ്പുണ്ടോ. എന്തുകൊണ്ടെന്നാൽ, നിഗളം പലപ്പോഴും മന്ദിച്ചുകിടക്കുന്നതേയുള്ളു. പക്ഷെ അതു് ഉണരുമ്പോൾ, ആത്മാവിൽ നാശങ്ങളും അക്രമങ്ങളും ചെയ്യുന്നതിനാരംഭിക്കും. നിന്റെ മനസ്സാക്ഷിയുടെ പരിശോധനയും ബഹുമാനങ്ങളിൽനിന്നുള്ള അകൽച്ചയും അവമാനങ്ങളിന്മേലുള്ള സ്നേഹവും നിന്റെ ആയുധങ്ങളായിരിക്കണം. ഇവയെ ഒരു ക്ഷണനേരമെങ്കിലും നിന്റെ കരങ്ങളിൽനിന്നു മാറരുതു്. ഇപ്രകാരം ഈ വലിയ നിക്ഷേപം നീ സമ്പാദിച്ചാൽ, അതു് ഭാവിയിൽ ഒരുപക്ഷെ, നഷ്ടമായിപ്പോകുമെന്നു പേടിക്കണം; എന്നാൽ എളിമയെന്ന അമൂല്യദാനം കാത്തുസൂക്ഷിപ്പാൻവേണ്ടി, എല്ലായ്പോഴും നിന്ദിക്കപ്പെടുവാനാവശ്യമാണു്.

൫൬–ാമത്.

ദൈവത്തിൽനിന്നു ഇത്രവലിയ കൃപ നിഷ്പ്രയാസം നിനക്കു ലഭിക്കുന്നതിനു്, എത്രയും പരിശുദ്ധ കന്യകമറിയത്തെ നിന്റെ മദ്ധ്യസ്ഥയും ആശ്രയവുമായി നീ സ്വീകരിക്കണം. "മറിയം മറ്റെല്ലാ സൃഷ്ടികളിലും വച്ചു, എത്രയും എളിമയുള്ളവളായിരുന്നു. സകലരേയുംകാൾ ഔചിത്യമുള്ളവളായിരിക്കയിൽ, തന്റെ എത്രയും അഗാധമായ എളിമ മുഖാന്തരം, അതു് എത്രയും അല്പമായിത്തന്നെ വിചാരിച്ചിരുന്നു" എന്നു വിശുദ്ധ ബർണ്ണാർദ്ദ്, അരുളിച്ചെയ്യുന്നു. തന്നിമിത്തം മറിയം വരപ്രസാദപൂർണ്ണത പ്രാപിക്കയും, ദൈവജനനിയാകുന്നതിനു പാത്രീഭവിക്കയും ചെയ്തു. മറിയം എപ്പോഴും ഒന്നുപോലെ അനുഗ്രഹത്തിന്റെയും കനിവിന്റെയും മാതാവാകുന്നു. തന്റെ പക്കൽ അഭയം പ്രാപിക്കുക എന്നതു് നിഷ്പ്രയോജനമായിട്ടില്ല. ഇതിനാൽ അങ്ങേ തൃപ്പാദത്തുങ്കൽ പൂർണ്ണ വിശ്വാസത്തോടുകൂടെ നിന്നെത്തന്നെ ഭരമേല്പിക്കുക. താൻ അമൂല്യമായി മതിച്ചുവന്നിരുന്ന ആ പുണ്യം നിനക്കു ലഭിച്ചുതരുന്നതിനു, യാചിക്കയും ചെയ്തു. ഉപേക്ഷിച്ചുപോന്ന നിന്റെ സമസ്തകാംക്ഷകളും ദയാപൂർവ്വം വിചാരിക്കാതെയിരിക്കുമോ എന്നു ശങ്കിക്കേണ്ട; എന്തെന്നാൽ എളിമയുള്ളവരെ ഉയർത്തുകയും, നിഗളികളെ

ളെ താഴ്ത്തുകയും ചെയ്യുന്ന ദൈവത്തോട്ട, നിനക്കുവേണ്ടി അവിടുന്നു നിശ്ചയമായി പ്രാർത്ഥിക്കും. വിശേഷിച്ചും മറിയം തന്റെ തിരുക്കുമാരന്റെ പക്കൽ സർവ്വശക്തിയുമുള്ളവളാകകൊണ്ട, തന്റെ അപേക്ഷ സംപൂർണ്ണമായി കേൾക്കപ്പെടും. നിന്റെ എല്ലാക്കൃത്യങ്ങളിലും, എല്ലാ ആവശ്യങ്ങളിലും, എല്ലാ പരീക്ഷകളിലും, അവിടുത്തെ സങ്കേതം തേടണം. മറിയം നിന്റെ ആദരവും, മറിയം നിന്റെ ആശ്വാസവുമായിരിക്കണം. എന്നാൽ തന്നോട്ട നീ മുഖ്യമായി അപേക്ഷിക്കേണ്ട വരം, പരിശുദ്ധമായ എളിമയത്രെ; നിനക്ക് അതു ലഭിക്കുന്നതുവരെ നിന്റെ അപേക്ഷ നിറുത്തരുതു; അതു അങ്ങേയ്ക്കു അസഹ്യമാണെന്നു നീ ശങ്കിക്കേണ്ട; നിന്റെ ആത്മിക രക്ഷയും, തന്റെ ദിവ്യകുമാരനു നിന്നെ ഏറ്റവും പ്രിയമുള്ളവനാക്കുന്നതിനും വേണ്ടി, നീ ചെയ്യുന്ന ഈ അലട്ടൽ, മറിയത്തിനു എത്രയൊ പ്രസാദജനകമായിരിക്കുന്നു? അനന്തരം നിന്റെ മേൽ ദയയുള്ളവളാകുന്നതിനുവേണ്ടി, ദൈവജനനി എന്നുള്ള സ്ഥാനമഹിമയ്ക്കുയർത്തപ്പെടുന്നതിനു കാരണമായ തന്റെ എളിമയെക്കുറിച്ചും, തന്റെ എളിമയുടെ അവർണ്ണനീയ ഫലമായ ദൈവികമാതൃസ്ഥാനത്തെപ്പറ്റിയും, എപ്പോഴും അധികമധികമായി തന്നോട്ട നീ അപേക്ഷിക്കണം.

ഒ—മത്തു.

അപ്രകാരം തന്നെ, ഈ ഉന്നത പുണ്യത്തിൽ ഏറ്റവും വിശേഷമായി വിളങ്ങിശ്ശോഭിച്ച ആ പുണ്യവാന്മാരുടെ സങ്കേതവും നീ തേടണം. ഉദാഹരണമായി ശ്ക്കീൽനഗറു, നിഗളത്തിൽ അഗ്രിമനായതുപോലെ എളിമയിൽ അഗ്രിമനായ വി. മിഖായേൽ റോമുമാലാഖായുടെയും ദൃഷ്ടാന്തം അനുകരിക്കുക. അപ്രകാരംതന്നെ, മ്ശിഹായെന്നു മറ്റുള്ളവരാൽ ഗണിക്കപ്പെടുവാൻ തക്കവണ്ണം, പുണ്യത്തിന്റെ ഉന്നതപദവിയിൽ എത്തിയിരുന്നെങ്കിലും, ദിവ്യനാഥന്റെ പാദരക്ഷ അഴിപ്പാൻപോലും തനിക്കു യോഗ്യതയില്ലെന്നു വിശ്വസിക്കാൻ തക്കവണ്ണം അത്ര സ്നാപകയോഹന്നാൻ വിചാരിച്ചിരുന്നു, വിശേഷ ദൈവവരപ്രസാദത്താൽ ആകാശത്തിന്റെ മൂന്നാം തട്ടുവരെ ഉയർത്തപ്പെടുകയും, ശ്രുതമായ ദൈവരഹസ്യങ്ങൾ കേൾക്കുയും ചെയ്തിട്ടും, താൻ ശ്ലീഹന്മാരിൽവച്ചു എത്രയും ചെറിയവനെന്നും, ശ്ലീഹാ എന്നുള്ള പേരിനു കൂടെയും

അയോഗ്യനെന്നും, താൻ ഇല്ലാഴ്മതന്നെ എന്നും വി. പൌ
ലോസ് വിചാരിച്ചിരുന്നു. (൨. കൊ. ൧൨. ൯.) സ്ഥാനാർത്ഥി
കൾ, പ്രഥമസ്ഥാനങ്ങൾ ലഭിക്കുന്നതിന്നു, പ്രയത്നിക്കുന്നതിനേ
ക്കാൾ, തിരുസ്സഭയുടെ ശ്രേഷ്ഠാധിപത്യത്തിൽനിന്നു ഒഴിയുന്ന
തിന്നു വി. ഗ്രിഗോരിയോസ് പാപ്പാ ഏറ്റവും അധികം ബുദ്ധിമുട്ടി
യിരുന്നു. വി. ആഗുസ്തീനോസ് തന്റെ സമകാലീനരായ ഏവരാ
ലും, കത്തോലിക്കാ തിരുസ്സഭയുടെ ഒരു വിശുദ്ധ മെത്രാനായിട്ടും
എന്നതിനേയും ബുദ്ധിസാമർത്ഥ്യമുള്ള ഒരു വേദപാരഗനായിട്ടും മതിക്ക
പ്പെടുവാൻ തക്കവണ്ണം, ഉന്നതമഹിമയിലായിരുന്നു. തന്റെ
'പാപസങ്കീർത്തന'മെന്ന വിശേഷഗ്രന്ഥവും 'പിഴത്തിരുത്തലു
കൾ' എന്ന പുസ്തകവും, എഴുതി തന്റെ എളിമയുടെ നിത്യ
സ്മാരകമായി ലോകം മുഴുവനും, പ്രസിദ്ധീകരിച്ചു. ഏറ്റവും
സുലഭമായി തനിക്കു പ്രാപിപ്പാൻ സാധിക്കുമായിരുന്ന സമസ്ത
ബഹുമതികളേയും സ്ഥാനങ്ങളേയുംകാൾ തന്റെ പിതൃഭവന
ത്തിൽ, ഇരുന്നു, സ്വന്ത ശുശ്രൂഷകളിൽനിന്നുള്ള നിന്ദകളും,
ഉപദ്രവങ്ങളും അനുഭവിപ്പാൻ വി. അല്ലേസ് ഏറ്റവും തൽപര
നായിരുന്നു. എന്തുയും വലിയ സമ്പത്തോടുകൂടിയ പ്രൌഢസ്ഥാനം
സന്തോഷപൂർവ്വം പരിത്യജിച്ചു, ലൌകിക മഹത്വത്തേക്കാൾ
എളിമയോടുകൂടിയ തപോജീവിതം വി. ലൂയീസ് ഗൊൻസാ
ഗായും, തിരഞ്ഞെടുത്തു. ചുരുക്കിപ്പറഞ്ഞാൽ, തങ്ങളുടെ എളി
മയാൽ, തിരുസഭയിൽ എന്തുയും വിളങ്ങി ശോഭിക്കുന്ന മറ്റ
നേകം പുണ്യവാന്മാരുടെയും പക്കൽ നീ അഭയം പ്രാപിക്ക.
ഇപ്രകാരം ചെയ്യാൽ ദൈവത്തിന്റെ ഈ എളിമയുള്ള
ഭൃത്യർ, ഈ പുണ്യത്തിന്റെ സാക്ഷാലുള്ള അനുഗാമികളുടെ
ഗണത്തിൽ, നീയും ചേരുവാൻ തക്കവണ്ണം നിനക്കുവേണ്ടി
സ്വർഗ്ഗത്തിൽ, ദൈവത്തിൻപക്കൽ അപേക്ഷിക്കുമെന്നു ബോ
ധിച്ചുകൊൾക.

ഒഴിവാക്കുക.

കുമ്പസാരം, കുർബാന എന്ന വിശുദ്ധ ക്രമങ്ങളെ
ക്രമത്തിക്രമത്തെ കൈക്കൊള്ളുന്നതു, എളിമയിൽ അഭ്യസിപ്പാൻ ധാ
രാളമായ സഹായം നിനക്കു തരും. നമ്മുടെ ആത്മാവിന്റെ
അതിശ്രേഷ്ഠവും ലജ്ജാവഹവുമായ നീർഭാഗ്യങ്ങളെ നമ്മേപ്പോ
ലെയുള്ള ഒരു മനുഷ്യനു, വെളിപ്പെടുത്തി കാണിക്കുന്ന കുമ്പ
സാരമെന്ന ക്രമാശ, ഈശോമ്ശിഹാ തന്റെ ശിഷ്യരോടു,

കല്പിച്ചിരിക്കുന്ന എത്രയും വലിയ എളിമയുടെ ഒരു പ്രവൃത്തിയാണ്. നമ്മോടുള്ള സ്നേഹത്തെപ്രതി, മനുഷ്യനാകയും സ്വയം ബലിയർപ്പിക്കുകയും ചെയ്ത ആ ദൈവത്തെ നമ്മുടെ ഉള്ളിൽ, യഥാർത്ഥമായി കൈക്കൊള്ളുന്ന ആ ദിവ്യക്രമാശ എളിമയുടെ ഒരു വിസ്മയകർമമായ ആഭ്യസനമാണ്. പരിപൂർണ്ണമായ എളിമ പ്രാപിപ്പാൻ അതു മഹാശക്തിയുള്ള ഒരു മാർഗ്ഗമാകുന്നു. എത്രയും സാധുതയും എളിമയുമുള്ള ഒരു ഹൃദയവും, സ്നേഹത്തിന്റെയും ഉപവിയുടെയും, ഒരു കേന്ദ്രവുമായ ഈശോയുടെ ദിവ്യഹൃദയം, ഓരു വിധത്തിൽ പറഞ്ഞാൽ, നിന്റെ ഹൃദയത്തിൽ എഴുന്നള്ളി സമാശ്വസിക്കുമ്പോൾ തന്നോടു എതിരുള്ള സ്നേഹത്തോടുകൂടെ, നീ അപേക്ഷിക്കുന്ന എളിമയെ, നിനക്കു തരികയില്ല എന്നു സംശയിക്കുന്നതു എങ്ങിനെ?

നീ ഈ ആരാധനക്കു പാത്രമായ ദിവ്യ കാരുണ്യത്തെ, കഴിവുപോലെ കൂടെക്കൂടെ, കൈക്കൊള്ളുന്നതിനും, ശ്രമിക്കണം. ആവശ്യകമായ ഒരുക്കങ്ങൾ, നിനക്കുണ്ടെങ്കിൽ, അതിനെ അത്യാശയോടേ തേടുന്നവക്കുമാത്രം ലഭ്യമാവുന്ന ഒളിക്കപ്പെട്ട മന്നാ, അതിൽ നീ കണ്ടെത്തും.

ഒൻ-ാമത്.

"എന്നാൽ ഇതുവരെ, നിന്നെ പഠിപ്പിച്ച പുണ്യാഭ്യാസങ്ങളിൽ, നിനക്കുള്ളവാകുന്ന പ്രയാസങ്ങൾക്കും, നിന്നിൽത്തന്നെ നീ കാണുന്ന വിരുദ്ധതകൾക്കും എതിരായി എല്ലായ്പോഴും നീ ധൈര്യമുള്ളവനായിരിക്കണം. ഈ ഉപദേശം കടുപ്പമുള്ളതാകുന്നു, ഇതു് ആരു കേട്ടറുസരിക്കും" (യോഹന്നാൻ ൨൯. ൬൦.), എന്ന് ആ ഭീരുക്കളായ ശിഷ്യർ പറഞ്ഞിരുന്നതുപോലെ നീ പറയേണ്ടാ. എന്തുകൊണ്ടെന്നാൽ, ആരംഭത്തിൽ നിനക്കു തോന്നുന്ന കൈപ്പുകളെല്ലാം, ശീഘ്രത്തിൽ ഉപമയില്ലാത്ത മാധുര്യങ്ങളും, പരദീസായ്ക്കുള്ള ആശ്വാസങ്ങളുമായിത്തീരുമെന്നു നിന്നോടു ഞാൻ ഉറപ്പായി പറയുന്നു. ഈ പുണ്യാഭ്യാസങ്ങളിൽ നിലനിന്നാൽ പൈശാചികമായ അനേകായിരം കലക്കങ്ങളിൽ നിന്നു രക്ഷപെടുകയും, നിന്റെ ഹൃദയത്തിൽ മഹാ സമാധാനവും ആശ്വാസവും ചിന്തപ്പെടുകയും, ഇങ്ങനെ ദൈവം തന്റെ വിശ്വസ്ത ശുശ്രൂഷികൾക്കു സ്വർഗ്ഗത്തിൽ ഒരുക്കിയിരിക്കുന്ന ആ നിത്യസന്തോഷം മുൻകൂട്ടി അനുഭവിപ്പാൻ ഇടയാകയും ചെയ്യും. സാക്ഷാൽ എളിമയുള്ളവനാകുന്നതിന്നു് ആവശ്യകമായ

പോംവഴികൾ പ്രയോഗിക്കാതെ നിന്റെ നീചത്വം മുഖാന്തരം ഉപേക്ഷിച്ചുകളഞ്ഞാൽ നിനക്കുതന്നെ, നീ ഭാരമുള്ളവനും ആനുകൂല്യമില്ലാത്തവനും അത്യപൂർവമാകുന്നതല്ലാതെ നിനക്കും ഒരുപക്ഷേ ശേഷംപേക്കും നീ അസഹ്യനുമായിത്തീരും. പ്രത്യേകം നിത്യമായി നശിച്ചുപോകുവാനുള്ള വല്ലിയ അപകടത്തിൽ ഉൾപ്പെട്ടകയും കുറഞ്ഞപക്ഷം സുകൃതാഭ്യസനത്തിനുള്ള വാതിൽ, നിശ്ചയമായി നിനക്ക് അടഞ്ഞുപ്പെട്ടകയും ചെയ്യും.

എന്തുകൊണ്ടെന്നാൽ, അതിൽ പ്രവേശിക്കുന്നതിന്ന് എളിമയല്ലാതെ വേറെ വാതലില്ല. അതിനാൽ യാതൊന്നും നിന്നെ ജയിക്കാതിരിപ്പാൻ തക്കവണ്ണം പരിശുദ്ധമായ ധൈര്യം, നീ ആയുധമായി ധരിക്കുക. നിന്റെ കണ്ണുകൾ സ്വർഗ്ഗത്തിലേക്കയത്തി എളിമയുടെയും ക്ഷമയുടെയും വഴിയെ തന്റെ കുരിശു ചുമന്നുകൊണ്ട് നിന്നെ പഠിപ്പിക്കുന്ന ഈ ശോമിശിഹായെ നീ ദർശിക്കുക. ഇപ്പോൾ തന്നോടുകൂടെ അവിടെ വാഴുന്ന ഇത്രവളരെ പുണ്യവാന്മാർ നടന്ന വഴി അതാകുന്നു. ഈശോമിശിഹാ നടന്നതും തന്റെ സാക്ഷാലുള്ള അനുഗാമികൾ നടന്നതുമായ ആ വഴിയെ നടപ്പാൻ നിന്നെ എങ്ങനെ ഉത്സാഹിപ്പിക്കുന്നു എന്നു സൂക്ഷിക്കുക.

വിശുദ്ധ ദൈവഭക്തന്മാരെല്ലാവരും നിന്റെ രക്ഷയെ എത്രയോ അധികം ആഗ്രഹിക്കുന്നു എന്നു നോക്കുക. എത്രയോ ഉറ്റബന്ധുക്കളും സ്വർഗ്ഗത്തിലേക്കു പോകുന്നതിന്ന് ഏകമായതും മുതലക്കാരായ മാലാഖാമാരുടെ നിഗളം നിമിത്തം ഒഴിഞ്ഞുകിടക്കുന്ന നിത്യ ഭവനത്തിലെ സിംഹാസനങ്ങളിലേക്കു കയറുന്നതുമായ ആ ഇടുങ്ങിയ പാതയിൽ പ്രവേശിപ്പാൻ എത്ര താല്പര്യത്തോടെ അവർ നിന്നോടു യാചിക്കുന്നു എന്നു സൂക്ഷിക്കുക.

സ്വർഗ്ഗവാസികൾ നിങ്ങളും പാടുകളും വഴിയായിട്ടു ഇത്ര അപരിമിത മഹത്വത്തിൽ ചെന്നെത്തിയതു് എന്നു പറുദീസാ മുഴുവനും പ്രതിധ്വനിപ്പിക്കുന്നതു നീ കേൾക്കുന്നില്ലയോ? അവരെ അനുഗമിക്കുന്നതിനായി നിനക്കു തോന്നുന്ന ആ പ്രഥമാഭിലാഷങ്ങളെപ്പറ്റി, അവർ എത്രയോ സന്തോഷിക്കയും നിന്നെ അഭിനന്ദിക്കയും ചെയ്യുന്നു. നീ അധൈര്യപ്പെടേണ്ടാ എന്നു നിന്നോടു് അവർ എത്ര അധികം അപേക്ഷിക്കുന്നു എന്നും ചിന്തിക്കുക. ഈ വലിയ വേലയെ നിഷ്കൃഷ്ടയായി ആരംഭിക്കുന്നതിനു, ശക്തിയും ധൈര്യവും ആയുധമായി ധരിക്കുക.

നീ ജ്ഞാനസ്നാനത്തിൽ ചെയ്തിരിക്കുന്ന പരിശുദ്ധ ഉടമ്പടികളെ ഓർത്തു് ദൈവത്തോടു നീ അപ്പോൾ ചെയ്ത വിശുദ്ധ പ്രതിജ്ഞകളെ ലംഘിക്കുമോ എന്നുള്ള വിചാരംകൊണ്ടു തന്നെ ഭയപ്പെടുക. "സ്വർഗ്ഗരാജ്യം ബലത്താൽ മാത്രമേ പ്രാപിക്കയുള്ളൂ" (മത്തായി ൧൧. ൧൨.) എന്ന മിശിഹായുടെ തെളിവായ വാക്യത്തെ, മറെറല്ലാക്കാര്യത്തിലും, മുഖ്യമായി ഇതിലും നീ ഗ്രഹിക്കണം. ഈ ഉത്തമമാംവണ്ണം ഗ്രഹിച്ചുകൊണ്ടു്, സ്വർഗ്ഗത്തിലെ നിത്യമഹത്വത്തിനു പ്രാപ്യനാകുവാൻ തക്കവണ്ണം, എളിമയെന്ന പുണ്യം അഭ്യസിക്കുന്നതു് നിന്റെ പ്രഥമ ചിന്തയായിരുന്നെങ്കിൽ, നീ ആയിരമായിരം പ്രാവശ്യം ഭാഗ്യവാനായിത്തീരുമായിരുന്നു.

൨൦–ാമതു്.

കടശി, പ്രമാണങ്ങൾ സമസ്തവും പൂർണ്ണമായി തികച്ചശേഷവും തങ്ങൾ പ്രയോജനമററ ശുശ്രൂഷികളായി കരുതണമെന്നു്, നമ്മുടെ ദിവ്യഗുരു ശിഷ്യരോടു് ആജ്ഞാപിച്ചതിനെ ചിന്തിച്ചുകൊള്ളുക. (ലൂക്കാ ൧൭. ൧൦.) ഇപ്രകാരം നീയും ഈ ഉപദേശങ്ങളെ, എത്രയും സൂക്ഷ്മതയോടെ അഭ്യസിക്കുമ്പോൾ പ്രയോജനമററ ശുശ്രൂഷിയെന്നു വിചാരിക്കണം. നിന്റെ ശക്തിയും യോഗ്യതകളുംകൊണ്ടല്ല, ദൈവത്തിന്റെ ഔദാര്യപൂർവ്വകമായ കരുണയും അളവററ അനുഗ്രഹവുംകൊണ്ടത്രെ ഇപ്രകാരം ചെയ്യുന്നതെന്നു്, സ്ഥിരമായി നിന്നെത്തന്നെ ബോധ്യപ്പെടുത്തുകയും, ഇത്ര വളരെ ഉപകാരത്തിനു പൂർണ്ണ സ്നേഹത്തോടും വ്യഗ്രതയോടുംകൂടെ അവിടത്തേക്കു എല്ലായ്പോഴും സ്തോത്രം ചെയ്കയും വേണം.

ഒടുവിൽ, നിന്റെ ആത്മാവു് ബന്ധിക്കപ്പെട്ടിരിക്കുന്ന ആ കെട്ടുകളിൽനിന്നു് മോചിതമായി, എളിമയുള്ളവർക്കു സജ്ജീകൃതമായിരിക്കുന്ന ആ മഹത്വത്തെ, നിത്യമായി അനുഭവിപ്പാൻ സ്രഷ്ടാവിന്റെ പക്കലേക്കു്, സ്വതന്ത്രമായി പറന്നുപോകുന്ന സമയമായ ആ ഒടുവിലത്തെ ക്ഷണംവരെ, ഈ നിക്ഷേപത്തെ സൂക്ഷിക്കുന്നതിനു ദിനംപ്രതി ദൈവത്തോടു നീ പ്രാർത്ഥിക്കണം.

ദൈവഭയവും

സാക്ഷാലുള്ള എളിമയും സംബന്ധിച്ച്

വി. ആഗ്രസ്തീനോസിന്റെ

പ്രസംഗം

എത്രയും പ്രിയ സഹോദരരേ! ദീർഘദർശിയും, സങ്കീർത്തകനും, വേദാഗമം സാക്ഷിക്കുന്നപോലെ, ദൈവതിരുമനസ്സിനൊത്തവണ്ണം തെരഞ്ഞെടുക്കപ്പെട്ടവനും, എല്ലായ്പോഴും അവിടുത്തെ സകല ഇഷ്ടവും നിറവേറി വന്നവനുമായ ദാവീദ് "ഉയരത്തിൽ വസിക്കയും, ആകാശത്തിലും ഭൂമിയിലുമുള്ള മഹിനവസ്തുക്കളെ ദർശിക്കയും ചെയ്യുന്ന നമ്മുടെ കർത്താവിനെപ്പോലെ ആരുണ്ട്" എന്നു ചൊല്ലിക്കൊണ്ട്, നമ്മുടെ സ്രഷ്ടാവിന്റെ നേരെയുള്ള അളവറ്റ സ്നേഹവും അഭിലാഷവും നമുക്കു പ്രത്യക്ഷീകരിക്കുന്നു.

അകയാൽ നിസ്സീമമായ മഹിമപ്രതാപമുള്ള അത്യുന്നതനായ കർത്താവ്, ഉയർന്നതും താണതുമായ സമസ്ത സൃഷ്ടികളിലും, അതായത്, മാലാഖാമാരിലും മനുഷ്യരിലും എളിമയെ തൃക്കൺപാർത്തു പ്രസാദിക്കുന്നെങ്കിൽ; എളിമകളാൽ സദാ ശ്രദ്ധവച്ച്, നമ്മുടെ സ്രഷ്ടാവിനെ പ്രസാദിപ്പിപ്പാൻവേണ്ടി, സകലത്തിലും അതിനെ കാത്തു സൂക്ഷിക്കേണ്ടതു് നമുക്കു എത്രയോ അവശ്യകമാണ്. സാക്ഷാൽ എളിമയെന്ന പുണ്യം എത്ര വലുതാകുന്നു എന്ന്, കർത്താവിന്റെ തിരുവചനങ്ങളിൽനിന്നു നല്ലവണ്ണം ഗ്രഹിക്കാവുന്നതാണ്. അവിടുന്നു പ്രീശന്മാരുടെ അഹംഭാവത്തെ ശപിച്ചുകൊണ്ടു "തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടുകയും തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യുമെന്നു" അരുളിച്ചെയ്യുന്നു. (ലൂക്കാ. ൧൪. ൧൧.)

എളിമയുടെ പാഠവഴിയായിട്ടത്രേ, സത്യത്തിന്റെ ഉച്ചിയിലേക്കു കയറുന്നതു്. അത്യുന്നതനായ ദൈവത്തോടടുക്കുന്നതും നിഗളം വഴിയായിട്ടല്ല, എളിമ വഴിയായിട്ടാകുന്നു. ഇതിനാൽ "ദൈവം അഹംഭാവികളോടു മുതലിക്കയും, എളിമയുള്ളവർക്കു വരപ്രസാദം നൽകുകയും ചെയ്യുന്നു" എന്നു് എഴുതപ്പെട്ടി

രിക്കുന്നു. (യാക്കോ. 4. 6.) സങ്കീർത്തനക്കാരൻ പറയുന്നതായ തു്: "കർത്താവു് ഉന്നതനായിരിക്കുന്നു, എളിയവയെ തുക്കൺവാ ക്കുന്നു; ഉയർന്നവയെ അവിടുന്നു ദൂരെനിന്നറിയുന്നു" (സങ്കീർത്ത നം 138. 6.) ഈ വാക്യങ്ങളിൽ ഉയർന്നവ എന്നു പറഞ്ഞ തു്, അഹംഭാവികളെ സൂചിപ്പിക്കുന്നു; എളിയവയെ താൻ ദർശി ക്കുന്നു എന്നതിന്റെ സാരം, അതുകളെ ഉയർത്തുന്നു എന്നും, ഉയ ർന്നവയെ താൻ അറിയുന്നു എന്നതിന്റെ അർത്ഥം, അഹംഭാവികളെ താഴ്ത്തുവാനറിയുന്നു എന്നുമാണു്. സുവിശേഷത്തിൽ, "സാധു ശീലവും ഹൃദയ എളിമയുമുള്ള എന്നിൽനിന്നു നിങ്ങൾ പഠി പ്പിൻ; അപ്പോൾ നിങ്ങളുടെ ആത്മാക്കൾക്കു് ആശ്വാസം നി ങ്ങൾ കണ്ടെത്തും" എന്നു കർത്താവുതന്നെ അരുളിച്ചെയ്യുന്നതി നൊത്തവണ്ണം, ദൈവത്തിൻപക്കൽ അടുക്കുന്നതിനു് എളിമ യെന്ന പുണ്യത്തെ നാം പഠിക്കണം. (മത്തായി 11. 29.) നി ഗളം കാരണത്താൽ വിസ്മയസൃഷ്ടിയായ മാലാഖാ സ്വർഗ്ഗത്തിൽ നിന്നു തള്ളപ്പെട്ടുകയും, ദൈവത്തിന്റെ എളിമ വഴിയായി ബ ലഹീന സൃഷ്ടിയായ മനുഷ്യൻ സ്വർഗ്ഗത്തിലേക്കു കരേറുകയും ചെയ്തു. അപ്രകാരം തന്നെ മനുഷ്യരുടെ ഇടയിലും എളിമയെ ന്ന പുണ്യത്തിന്റെ അഭ്യാസം വിശിഷ്ടമാകുന്നു. ഇതിനാൽ നിഗളമുള്ളടത്തു് അവമാനവും, എളിമയുള്ളടത്തു ജ്ഞാനവും ഉണ്ടാകുമെന്നു ശ്ലോമോൻ പറയുന്നു. (സുഭാ. 11. 2.) വീണ്ടും നീ എത്ര വലിയവനും മഹിമയുള്ളവനുമായിരിക്കുമ്പോൾ, അത്ര യ്ക്കും സകലത്തിലും നിന്നെത്തന്നെ താഴ്ത്തണം, അപ്പോൾ നീ ദൈവത്തിരുമുമ്പാകെ വരപ്രസാദം കണ്ടെത്തും", എന്നു് എ ഴുതപ്പെട്ടിരിക്കുന്നു. (എക്ലെ. 3. 20.) ഇതുതന്നെയുമല്ല ദൈ വം ദീർഘദർശി വഴിയായി അരുളിച്ചെയ്യുന്നതും. "എളിമ യും സാധുത്വവും ഉള്ളവനേയും, എന്റെ വചനങ്ങളിന്മേൽ ഭയപ്പെടുന്നവനെയുമല്ലാതെ, ആരെ ഞാൻ കടാക്ഷിക്കും?" (ഏശ. 66. 2.)

എളിമയും സാധുത്വവും ഇല്ലാത്തവനിൽ ഔദാര്യത്തേ ശയുടെ വരപ്രസാദം ഒരിക്കലും നിവസിപ്പാൻ വഹിയാ. നമ്മെ രക്ഷിപ്പാൻവേണ്ടി ദൈവം സ്വയം താഴ്ത്തിയിരിക്കു യിൽ, മനുഷ്യൻ നിഗളിക്കുവാൻ ലജ്ജിക്കേണ്ടയോ? ഹൃദയ എളിമയിൽ എത്ര താഴുമോ, അത്രയും സുകൃതാഭ്യസനത്തിൽ ഉയർത്തപ്പെടും. എന്തെന്നാൽ എളിമയുള്ളവൻ സ്തുതിയിൽ മഹ

തപ്പെട്ടം. എളിമയുടെ ആദ്യപടവി, സത്യത്തിന്റെ വചനങ്ങളെ വിനയപൂർവം ശ്രവിക്കയും, അതിനെ ഓർമ്മയിൽ കാക്കുകയും, നന്മനസ്സാലെ അഭ്യസിക്കയും ചെയ്യുന്നതത്രെ. എളിമയില്ലാത്തവരുടെ ബോധത്തിൽനിന്നു സത്യം എല്ലായ്പോഴും ഓടിപ്പോകുമെന്നതു നിശ്ചയമാണ്. ഓരോരുത്തൻ, തന്നിൽത്തന്നെ എത്ര എളിമപ്പെട്ടാലും, അത്രയും ദൈവത്തിരുമുമ്പാകെ വലിയവനായിരിക്കും. മറിച്ച്, അഹങ്കാരി മനുഷ്യരുടെ ഇടയിൽ എത്ര സ്തുത്യനായി പ്രത്യക്ഷപ്പെട്ടാലും, അത്രയ്ക്കും ദൈവത്തിരുമുമ്പാകെ നിന്ദ്യനായിരിക്കും. എളിമയില്ലാതെ മറ്റെല്ലാ പുണ്യങ്ങളും സമ്പാദിക്കുന്നവൻ കാറ്റത്തു പൊടി എടുത്തുകൊണ്ടുപോകുന്നവനെപ്പോലെയാകുന്നു. വിശേഷിച്ചും, സഹോദരരെ! വേദത്തിൽ പറയുന്നതായതു്: നിഗളമെന്ന കാറ്റു് നിന്നെ ഭരിക്കയും നോമ്പും, ദാനധർമ്മങ്ങളുംകൊണ്ടു്, നീ സമ്പാദിച്ചതായി വിചാരിക്കുന്ന സമസ്തവും നിന്നിൽനിന്നു നഷ്ടമാക്കയും ചെയ്യുമ്പോൾ, പൊടിയെ! ചാമ്പലെ! നീ എന്തിനു നിഗളിക്കുന്നു? (എക്ലെ. 10. 9.) ഓ! മനുഷ്യാ! നിന്റെ പുണ്യങ്ങളെപ്പറ്റി പ്രശംസിക്കാതിരിപ്പാൻ നല്ലപോലെ സൂക്ഷിച്ചുകൊള്ളുക. നിയല്ല, നിന്നെ വിധിപ്പാനിരിക്കുന്നതു്; പിന്നെയൊരുവനാകുന്നു. ഇതിനാൽ അല്ലേഹം സമ്മാനം നൽകുന്ന സമയം നിന്നെ മഹത്വപ്പെടുത്തുവാൻ തക്കവണ്ണം, ഇപ്പോൾ നീ അല്ലേഹത്തിന്റെ മുമ്പാകെ ഹൃദയ എളിമയുള്ളവനാകുവാൻ പഠിക്കുക. കേറുവാൻവേണ്ടി ഇറങ്ങുക, ഉയർത്തപ്പെടുവാൻവേണ്ടി താഴുക; എന്തുകൊണ്ടെന്നാൽ, നീ നിന്നെത്തന്നെ ഉയർത്തുന്നു എന്നു വരികിൽ താഴ്ത്തപ്പെടുവാനിടവരും. തനിക്കുതന്നെ വിശുദ്ധമായി തോന്നുന്നവൻ, ദൈവത്തിന്റെ തിരുമുമ്പാകെ ഭംഗിയുള്ളവനാകുന്നു. സ്വയം വെറുക്കുന്നവൻ ദൈവത്തിനിഷ്ടമുള്ളവനായിരിക്കുന്നു. ദൈവത്തിന്റെ തൃക്കണ്ണുകളിൽ വലിയവനാകുന്നതിനു്, നിന്റെ കണ്ണുകളിൽ ചെറിയവനാകണം. എന്തുകൊണ്ടെന്നാൽ നിനക്കുതന്നെ, നീ എത്ര വിലകുറഞ്ഞവനായിരിക്കുമോ അത്രയും ദൈവത്തിൻപക്കൽ നീ വിലയേറിയവനായിരിക്കും. എത്രയും വലിയ എളിമയെ നീ എത്രയും കായ്മയായി മതിക്കുക. ബഹുമാനത്തിന്റെ സ്തുതി എളിമയെന്ന പുണ്യമായിരിക്കുന്നു.

എന്നാൽ എളിമയെന്ന പുണ്യം, ദൈവഭയമെന്ന പുണ്യം ക്രൂടാതെ യാതൊരുത്തനിലും ഉണ്ടാകുവാൻ വഹിയാ. എന്തെന്നാൽ, ഒന്നു മറ്റൊന്നു ക്രൂടാതെ തനിച്ചു നിൽക്കുകയില്ല. ദൈവഭയത്തിന്റെ ഫലം എന്തെന്നു് ഞാനിപ്പോൾ പറവാൻ പോകുന്നതു് എന്റെ സഹോദരരെ! സശ്രദ്ധം ശ്രവിച്ചാലും. "ജ്ഞാനത്തിന്റെ ആരംഭം ദൈവഭയമാകുന്നു" (സംഗീതം 110. 9.) "ദൈവസന്നിധാനത്തിന്മേലുള്ള ഭയം, പാപം ചെയ്യാതെയിരിക്കുന്നതിനു വലിയ തടവായിരിക്കുന്നു. ദൈവത്തെ പൂർണ്ണമായി ഭയപ്പെടുന്നവൻ, മഹാ താല്പര്യത്തോടുകൂടെ പാപങ്ങളിൽനിന്നു തന്നെത്തന്നെ കാക്കുന്നു. ദൈവത്തെ ഭയപ്പെടുന്നവൻ തന്റെ ആയുസ്സിന്റെ അന്ത്യനാളിൽ വളരെ നന്മകൾ പ്രാപിക്കും." (എക്ലെ. 1. 13.) ദൈവത്തിന്റെ സമ്മാനം എന്നേന്നേക്കും നിലനിൽക്കയും ചെയ്യും. മനുഷ്യരുടെ മുമ്പാകെ പാപം ചെയ്യാതെയിരിക്കുന്നവൻ, പ്രവൃത്തികളെ മാത്രമല്ല, ഹൃദയങ്ങളെക്കൂടെ സൂക്ഷിക്കുന്ന ദൈവത്തിന്റെ സന്നിധിയിൽ പാപം ചെയ്യുവാൻ ലജ്ജിക്കുന്നതു്, എത്രയൊ ന്യായവും ഉചിതവുമായിരിക്കുന്നു. ദൈവത്തെ പൂജ്യതയോടെ ഭയപ്പെടുന്നവൻ സേവഭരപോലെ പ്രവർത്തിക്കുന്നതിനു ലജ്ജിക്കും.

മക്കളുടെ ഭയവും, അടിമകളുടെ ഭയവും, രണ്ടും രണ്ടായിരിക്കും. അടിമകൾ ശിക്ഷകളുടെ ഭയത്തെക്കുറിച്ചും, മക്കൾ പിതാവിന്റെ സ്നേഹത്തെക്കുറിച്ചും ഭയപ്പെടുന്നു. നാം ദൈവത്തിന്റെ മക്കളാകുന്നെങ്കിൽ ഭയത്തിന്റെ കഠിനതയെക്കുറിച്ചല്ല, പിന്നയൊ ഉപവിയുടെ മാധുര്യത്തെക്കുറിച്ചുതന്നെ ഭയപ്പെടണം. ബുദ്ധിയുള്ള മനുഷ്യൻ തന്റെ സകല പ്രവൃത്തികളിലും ഭയപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, ദൈവസന്നിധിയിൽനിന്നു മാറുവാൻ അസാദ്ധ്യമെന്നു് അവനറിയുന്നു. ഇതിനാൽ രാജർഷിർഘദശി "നിന്റെ അരുപിയിൽനിന്നു പുറത്തു് ഞാനെവിടെപ്പോകും? നിന്റെ സന്നിധിയിൽ നിന്നു് എവിടെ ഞാനോടിയൊളിക്കും?" എന്നു ദൈവത്തോടു ചോദിക്കുന്നു. (സംഗീ. 138. 6.) "ദൈവത്തിൽനിന്നു് ഓടിഒളിക്കുന്നവനു പൂർവ്വപശ്ചിമ ദേശങ്ങളിൽ ഒളിച്ചിരിപ്പാൻ സ്ഥലമില്ല" (സംഗീ. 74. 6.)

കത്താവിനെ ഭയപ്പെടുന്നവൻ തന്നിൽനിന്നു് ഉപദേശം കൈക്കൊള്ളുകയും, തന്റെ പ്രമാണങ്ങളെ സൂക്ഷ്മമായി അനുസരിക്കുന്നവൻ നിത്യാശീർവാദം കൈക്കൊള്ളുകയും ചെയ്യും. ദൈവഭയമുള്ളവൻ ഭാഗ്യവാൻ; അവൻ പൈശാചികതന്ത്രങ്ങളിൽ നിർഭയനായിരിക്കും. സദാ ഭീതി പൂണ്ടിരിക്കുന്നവൻ ഭാഗ്യവാൻ; അവൻ സദാ ദൈവഭയത്തെ കണ്ടുകൊണ്ടു നടക്കുന്നു. (സുഭാ. 28. 14.) കത്താവിനെ ഭയപ്പെടുന്നവൻ ഉമ്മാത്തിൽനിന്നകന്നു് പുണ്യപാതയിൽക്കൂടി നടക്കും. ദൈവഭീതി മനുഷ്യനെ പാപം ചെയ്യാതിരിപ്പാൻ സൂക്ഷ്മവും് ശുദ്ധയുമുള്ളവനാക്കും, ദൈവഭയമില്ലാത്തവന്റെ ജീവിതം വഷളായിരിക്കും. സൌഭാഗ്യത്തിൽ ദൈവത്തെ ഭയപ്പെടാത്തവൻ നിർഭാഗ്യത്തിലെങ്കിലും തന്നെ ഭയപ്പെടുകയും, ശിക്ഷിക്കയും രക്ഷിക്കയും ചെയ്യുന്ന ദൈവത്തിൽ അഭയം പ്രാപിക്കയും ചെയ്യും. "കത്താവിനെ ഭയപ്പെടുകയും തന്റെ പ്രമാണങ്ങളെ അനുസരിപ്പാൻ അവന്റെ ഹൃദയാഭിലാഷമൊക്കെയോടുംകൂടെ ശ്രമിക്കയും ചെയ്യുന്നവനു ഭാഗ്യം". (സംഗീതം 1. 11. 1.) ദൈവഭീതി, നരകഭീതിയെ അകറ്റും. എന്തെന്നാൽ മനുഷ്യനെ, അതു് പാപത്തിൽ നിന്നു് അകറ്റുകയും അവനെക്കൊണ്ടു പുണ്യപ്രവൃത്തികളെ അനുഷ്ഠിപ്പിക്കുകയും ചെയ്യും. അനന്തരം അതു് പരിശുദ്ധമെന്നും നിത്യമെന്നും വിളിക്കപ്പെടുന്ന വിശുദ്ധ ഭയത്തോടു ചേർന്നിരിക്കും. (സംഗീ. 12. 10.) ആ പേടിയുടെ അടിസ്ഥാനം സ്നേഹത്തിചാകുന്നു. അതുകയാൽ എന്റെ സഹോദരരെ! ദൈവത്തെ സ്നേഹിപ്പാൻവേണ്ടി ഇപ്രകാരം തന്നെ ഭയപ്പെടേണ്ടതായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, പൂർണ്ണമായ ഉപമി അടിമയുടെ ഭയത്തെ അകറ്റിക്കളയുന്നു. ഇപ്രകാരം നമുക്കു ധാരാളമായ ഉറപ്പും സകല നന്മകളുടെ പൂർണ്ണതയും ലഭിക്കും. ഇതിനാൽ ദീർഘദർശി അരുളിച്ചെയ്യുന്നതായതു്: "ഹാ! സ്വർഗ്ഗസ്ഥരായ സകല പുണ്യവാന്മാരെ! നിങ്ങൾ ദൈവത്തെ ഭയപ്പെടുവിൻ; എന്തുകൊണ്ടെന്നാൽ തന്നെ ഭയപ്പെടുന്നവർക്കു യാതൊന്നിലും കുറവു വരികയില്ല. ധനികന്മാർ ദരിദ്രന്മാരാകയും വിശപ്പു് അനുഭവിക്കയും ചെയ്യും. കത്താവിനെ അന്വേഷിക്കുന്നവർക്കു യാതൊരു നന്മയുടെയും പോരായ്മ ഉണ്ടാവുകയില്ല. (സംഗീതം, 33. 9. 10.)

ഇതിനാൽ, എത്രയും വാത്സല്യസഹോദരരെ! ദൈവഭീതി നിങ്ങളുടെ ബുദ്ധിയുടെ കൺമുമ്പാകെ, സദാ ഉണ്ടായിരിക്കേണ്ടതിനും, തന്റെ കല്പനകളെ വിസ്മരിക്കാതെയിരിപ്പാൻവേണ്ടി, സശ്രമവും ചെയ്യുന്നതിനും, ദൈവത്തെ ഭയപ്പെട്ട്, തന്റെ പ്രമാണങ്ങളെ ആചരിക്കുന്നവൻ നിത്യജീവൻ പ്രാപിക്കയും, എന്നാൽ പ്രമാണങ്ങളെ നിന്ദിച്ചു മുതലിക്കുന്നവൻ നിത്യവേദനയിൽ ഉൾപ്പെടുകയും ചെയ്യുമെന്നു ഗൌരവപൂർവ്വം ചിന്തിക്കുന്നതിനും നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു.

വിശേഷിച്ച്, യഥാർത്ഥമായ എളിമ നിങ്ങളുടെ ഹൃദയത്തിൽ അഗാധമായി സദാ ഉണ്ടാകുന്നതിനും, നിങ്ങളുടെ സഹോദരന്മാരും നിങ്ങളുടെ സൽകൃത്യങ്ങളാൽ, ക്രിസ്തീകരിക്കപ്പെട്ടു, ദൈവത്തിനു സ്തുതിവരുത്തുന്നതിനും, എന്നെന്നേക്കും ജീവിച്ചുവാഴുന്ന നമ്മുടെ കർത്താവീശോമ്ശിഹായുടെ സഹായത്താലും, വരപ്രസാദത്താലും സഭയിൽ നിത്യസമ്മാനം നിങ്ങളോടൊരുമിച്ചു അവരും പ്രാപിക്കുന്നതിനും ഉത്സാഹിക്കത്തക്കവണ്ണം, നിങ്ങളുടെ നിഷ്കപടമായ ദൃഷ്ടാന്തങ്ങളാൽ ഈ എളിമ അവരിലും ഉൽഭൂതമാക്കുന്നതിനു്, ഞാൻ നിങ്ങളോടപേക്ഷിക്കുന്നു.

എളിമയെ സംബന്ധിച്ച വിവിധ ചിന്തകൾ

ക്ലീമീസ്.

എളിമയുള്ളവർ, നമ്മുടെ രക്ഷിതാവു് മരണപര്യന്തം പിതാവിനു കീഴ്വഴങ്ങിയിരുന്നു എന്നു ഗ്രഹിക്കട്ടെ. നിഗളികൾ, അവരുടെ തലവനെക്കുറിച്ചു്, നിഗളികളെല്ലാവരുടേയും രാജാവാകുന്നു എന്നു എഴുതപ്പെട്ടിരിക്കുന്നു എന്നറിയട്ടെ. (യോബ് 41. 25.) ആകയാൽ നമ്മുടെ നാശത്തിന്റെ മൂലം പിശാചിന്റെ നിഗളവും, നമ്മുടെ രക്ഷയുടെ കാരണം, ദൈവത്തിന്റെ എളിമയുമാകുന്നു. എന്തെന്നാൽ, സകല വസ്തുക്കളിലുംവച്ചു നമ്മുടെ മഹാ ശത്രുവായ പിശാചു്, സ്വർഗ്ഗത്തേയും കാൾ ഉയരുവാൻ മോഹിച്ചു. എന്നാൽ സകല വസ്തുക്കളിൽവ

ച്ചു അത്യുന്നതനായ നമ്മുടെ രക്ഷിതാവു് സകലത്തിലുംവച്ചു് എതുമെയും അല്പനായിത്തീരുവാൻ തിരുമനസ്സായി. അതുകയാൽ എളിമയുള്ളവർ താഴ്മപോൾ, ദൈവമാതാകന്യകയ്ക്കുത്തപ്പെട്ടും പൊങ്ങുന്നു എന്നും, നിഗളികളാകട്ടെ പൊങ്ങുമ്പോൾ, ബഹിഷ്ക്കരിക്കപ്പെട്ട മാലാഖയെപ്പോലെ, അധോഗതി പ്രാപിക്കുന്നു എന്നും ഗ്രഹിക്കണം. അതിനാൽ പൊങ്ങുമ്പോൾ, യഥാർത്ഥമായ മഹത്വത്തിൽനിന്നു വിട്ടകലുകയാകുന്ന നിഗളത്തേക്കാൾ ഏറ്റവും നീചമായി വല്ലതും ഉണ്ടോ? എന്നാൽ എതു അഗാധമായി താഴുവോ അതുയ്ക്കും അത്യുന്നതസ്രഷ്ടാവിനോടു ചേർക്കുന്ന എളിമയേക്കാൾ ഏറ്റവും മഹത്വമേറിയതും എന്തുള്ളു.

വിശുദ്ധ വലിയ ഗ്രിഗോരിയോസു്.

൨–ാമതു്.

എളിമയും ഉപവിയും എന്ന ഇരുപുണ്യങ്ങൾ യാതൊരു സംഗതിയിലും, തമ്മിൽ വേർതിരിക്കപ്പെടുന്നില്ല; ഇവയൊന്നിൽ സ്ഥിരമായിരിക്കുന്നവൻ, മറ്റതും സമ്പാദിച്ചിരിപ്പാൻ തക്കവണ്ണം, തമ്മിൽ സംബന്ധമുള്ളതായിരിക്കുന്നു. എന്തെന്നാൽ എളിമ ഉപവിയുടെ ഒരു അംശമായിരിക്കുന്നതുപോലെ, ഉപവി എളിമയുടേയും ഒരു അംശമായിരിക്കുന്നു. ഉപവി ക്രൂടാതെയിരുന്നാൽ വിഫലങ്ങളെന്നു 'ശ്ലീഹാ' നിർണ്ണയിച്ചിരിക്കുന്ന ക്രൂത്യങ്ങൾ സാക്ഷാലുള്ള എളിമ ക്രൂടാതെയിരുന്നാൽ അവണ്ണംതന്നെ ഫലമാറതെന്നു നാം ഗ്രഹിക്കണം. നിഗളത്തോടുകൂടിയ ശാസ്ത്രംകൊണ്ടും, മനുഷ്യസ്തുതിയോടുകൂടിയ വിശ്വാസംകൊണ്ടും, കാണ്മാൻ വേണ്ടി ചെയ്യുന്ന ദാനങ്ങൾകൊണ്ടും, ഡംഭോടുകൂടിയ രക്തസാക്ഷിത്വംകൊണ്ടും, വാസ്തവത്തിൽ എന്തു ഫലം? ഇതിനാൽ നിഗളത്തെ അമർത്തുന്നതിന്നായി എളിമയും ഉപവിയും, ഒന്നുപോലെ ശ്രമിക്കുന്നതുകൊണ്ടു ഒന്നിനെക്കുറിച്ചു പറയപ്പെടുന്നതൊക്കെയും മറ്റതിനെക്കുറിച്ചും പറയപ്പെടേണ്ടിയിരിക്കുന്നു. വിശുദ്ധ അമ്പ്രോസീസു്.

൩–ാമതു്.

എളിമയാൽ, ഉപവി പരിരക്ഷിക്കപ്പെടുന്നു; നിഗളത്തെപ്പോലെ, ഉപവിയെ ഉപദ്രവിക്കുന്നതു് യാതൊന്നുമില്ല. ഇതിനാൽ കർത്താവു് അരുളിച്ചെയ്യുന്നു, മരിച്ചിട്ടു നാലു ദിവസം കഴിഞ്ഞ പ്രേതങ്ങളെ ഉയിർപ്പിക്കയും, മനുഷ്യജഡങ്ങളിൽനിന്നു പിശാചുക്കളെ പുറപ്പെടുത്തുകയും, ദീനങ്ങളെ സൌഖ്യമാക്കയും

മറ്റു് ഇതിൻവണ്ണമുള്ള അത്ഭുതങ്ങളെ പ്രവർത്തിക്കയും ചെയ്യുന്ന എന്നിൽ നിന്നു് നിങ്ങൾ പഠിപ്പിൻ, എന്നല്ല വിനയോ, എന്റെ നുകം നിങ്ങൾ എടുപ്പിൻ; സാധുശീലവും ഹൃദയ എളിമയുമുള്ള എന്നിൽനിന്നു് നിങ്ങൾ പഠിപ്പിൻ എന്നത്രെ. (മത്തായി 11. 29.) എന്തെന്നാൽ, ഈ അത്ഭുതങ്ങൾ ജ്ഞാനകായ്ങ്ങളുടെ ചിഹ്നങ്ങളാകുന്നു; എന്നാൽ സാധുതവും, എളിമയും ഉപവിയുടെ കാവലാകുന്നു. വിശുദ്ധ ആഗുസ്തീനോസു്.

൪–ാമതു്.

താൻ പൊടിയും ചാമ്പലും ആകുന്നെന്നും, അതിനിമിഷത്തിൽ ധൂളിയായിത്തീരിയുമെന്നും ഗ്രഹിച്ചിരിക്കുന്നവൻ ഒരിക്കലും നിഗളിക്കയില്ല. സൎവ്വേശ്വരന്റെ നിത്യത്വം ഔനിച്ചശേഷം ഈ മുരുങ്ങിയകാലത്തിന്റെ ഇടയും, മനുഷ്യജീവിതത്തിന്റെ ഈ അല്പസമയവും ചിന്തിക്കുന്നവൻ, സദാ മരണത്തെ അവന്റെ കൺമുമ്പാകെ വച്ചുകൊണ്ടു്, എളിമയും താഴ്മയുമുള്ളവനായി ജീവിക്കും. എന്തുകൊണ്ടെന്നാൽ ഈ ക്ഷയിക്കത്തക്ക ശരീരം ആത്മാവിനെ ഭാരപ്പെടുത്തുന്നു; പല വിഷയങ്ങളിൽ തിരിഞ്ഞിരിക്കുന്ന നമ്മുടെ ബോധം, ഇഹലോകനിവാസംകൊണ്ടു് വളരെ തെരുങ്ങപ്പെട്ടിരിക്കുന്നു. ഇതിനാൽ "കൎത്താവെ! എന്റെ ഹൃദയം നിഗളിച്ചിട്ടില്ല, എന്റെ കണ്ണുകൾ ഉയൎത്തപ്പെട്ടിട്ടില്ല; എന്നെക്കാൾ ഉപരിയായതും, വിസ്മയകരമായതുമായ വിഷയങ്ങളിൽ ഞാൻ നടന്നിട്ടില്ല" (സംഗീ. 130. വചനം 1.) എന്നു് പൂൎണ്ണ എളിമയോടെ നമുക്കു പറയാം. എളിമയെല്ലാം വചനങ്ങളിലല്ല വിനയെയോ, ബോധത്തിലത്രേ ഇരിക്കുന്നതു്; അതുകൊണ്ടു് മനസ്സാക്ഷിയുടെ അഗാധമായ ചിന്ത വഴിയായിട്ടു് നമ്മേത്തന്നെ ഇല്ലായ്മയായി വിചാരിക്കണം. നാം വല്ലതും അറിയുന്നു എന്നോ, ഗ്രഹിക്കുന്നു എന്നോ, അഥവാ നാം വല്ലതുമാകുന്നു എന്നോ, ഒരിക്കലും വിചാരിക്കരുതു്. വിശുദ്ധ ഈരാനിമോസ്.

൫–ാമതു്.

എന്റെ മകനേ! എല്ലാത്തിലും മുഖ്യമായി നീ എളിമമേൽ ശ്രദ്ധയായിരിക്കണം. എന്തുകൊണ്ടെന്നാൽ ഇതെത്രയും ഉന്നതമായ ഒരു പുണ്യവും സുകൃതാഭ്യാസത്തിന്റെ അഗ്രത്തിൽ കയറുന്നതിനുള്ള ഒന്നാം സോപാനവുമാകുന്നു. പുണ്യവ്രതിജ്ഞകൾ എളിമവഴിയായിട്ടല്ലാതെ യാതൊരു വിധത്തിലും, നിറവേറുന്നി

ല്ല. ഏറിയ വഷ്ങ്ങളിലെ അദ്ധ്വാനങ്ങൾ, നിഗളത്താൽ ശൂന്യമായിപ്പോകുന്നു. എളിമയുള്ളവൻ ദൈവത്തിന്നു തുല്യനാകുന്നു. അവൻ തന്റെ ഹൃദയമെന്ന ആലയത്തിൽ ദൈവത്തെ വഹിക്കുന്നു. എന്നാൽ നിഗളി ദൈവത്തിനു വെറുപ്പുള്ളവനാകകൊണ്ടു്, പിശാചിനു തുല്യനാണു്. എളിമയുള്ളവൻ വസ്തുഷ്ണങ്ങളിൽ ഹീനനും, നിസ്സാരനുമായി തോന്നിയാലും, പുണ്യത്തിൽ മഹത്വമുള്ളവനായിരിക്കുന്നു. നിഗളി കാണികൾക്കു് എത്രതന്നെ കീർത്തിയും, അലങ്കാരമുള്ളവനായി ക്കാണപ്പെട്ടാലും അവന്റെ പ്രവൃത്തികൾ അവനെ ഇല്ലായ്മയായി പ്രത്യക്ഷീകരിക്കുന്നു.

അവന്റെ നിഗളമായ നടപടികൾകൊണ്ടും, സകല ചേഷ്ടകൾകൊണ്ടും അവനറിയപ്പെടുകയും, അവന്റെ അല്ലത്വം വചനങ്ങൾകൊണ്ടു വെളിപ്പെടുകയും ചെയ്യും; നിഗളി മനുഷ്യരാൽ സ്തുതിക്കപ്പെടുന്നതിനു് സദാ ബുദ്ധിമുട്ടുന്നു. യാതൊരു പുണ്യവുമില്ലാത്ത ദരിദ്രനാണെങ്കിലും, വളരെ ധാരാളമുള്ളതുപോലെ നടിക്കുന്നു. യാതൊരുത്തനും കീഴ്പ്പെടുന്നതു് സഹിപ്പാൻ പാടില്ല, പിന്നെയോ സദാ മേൽസ്ഥാനം ആഗ്രഹിക്കുന്നു. ഏറ്റവും ഉയർന്ന പദവിയിൽ കേറുന്നതിനു കഴിയുന്നതും പ്രയത്നിക്കുന്നു. യോഗ്യതകൊണ്ടു് പ്രാപിപ്പാൻ വഹിയാത്തതു് അഹമ്മതികൊണ്ടു് അപഹരിക്കുന്നു. എല്ലായ്പോഴും കാറു നിറഞ്ഞ ഒരു തോൽക്കുടംപോലെ വീർപ്പിച്ചു നടക്കുന്നു. മാലുമിയില്ലാതെ തിരകളാൽ അലയപ്പെടുന്ന കുപ്പലിനു സമനായി പറവാൻ തക്കതിനുവണ്ണം അവന്റെ സകല പ്രവൃത്തികളിലും കുഴഞ്ഞുമറിയുന്നു. മറിച്ചു്, എളിമയുള്ളവൻ എല്ലാ ലൌകികബഹുമാനങ്ങളിൽനിന്നും ഒഴികയും, എല്ലാ മനുഷ്യരിലുംവച്ചു്, തന്നെ ഒട്ടവിലത്തവനായി വിചാരിക്കയും ചെയ്യുന്നു. മനുഷ്യദൃഷ്ടിക്കു് അവൻ സാമാന്യക്കാരനായി തോന്നിയാലും, കർത്താവിന്റെ തിരുമുമ്പാകെ എത്രയും ഉന്നതനായിരിക്കുന്നു. കർത്താവു് കല്പിച്ചിരിക്കുന്നതൊക്കെയും ചെയ്തിട്ടും, താൻ യാതൊന്നും ചെയ്തിട്ടില്ലെന്നു് അവൻ ദൃഢമായി വിശ്വസിക്കുകയും, സ്വന്ത ആത്മിക പുണ്യങ്ങളൊക്കെയും, മറയ്ക്കുന്നതിനു് അതിജാഗ്രതകനായിരിക്കയും ചെയ്യുന്നു. കർത്താവാകട്ടെ അവന്റെ സകല പ്രവൃത്തികളേയും പ്രസിദ്ധീകരിക്കയും, അവന്റെ ആശ്ചര്യകരമായ എല്ലാ നടപടികളും എല്ലാവക്കും വെളിപ്പെടുത്തുകയും ചെ

യ്യുന്നതു ക്രൂശാതെ അവനെ ഉയത്തി വിശ്രുതനാക്കയും, അവൻ അപേക്ഷിക്കുന്ന സകല സംഗതികളും അവനു നൽകുകയും ചെയ്യുന്നു. വി. ബസ്സെല്യോസ് മാഞ്ഞൂസ്.

ന്യ–ാമതു്.

അരുപിയാൽ ദരിദ്രനായിരിക്കുന്നവൻ ഹൃദയ എളിമയുള്ളവനാകുന്നു. അതായതു്: തന്നെത്തന്നെ ഹീനമായി വിചാരിക്കുന്നവനത്രേ അരുപിയിൽ ദരിദ്രൻ. അപ്രകാരം തന്നെ, തന്നെത്താൻ ഗുണമായി വിചാരിക്കയും, "നിങ്ങൾ ഒരു ശിശുവിനെപ്പോലെ ആകയില്ലെങ്കിൽ, സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല" (മത്തായി 18. 3.) എന്നു് അരുളിച്ചെയ്ത ഈശോമിശിഹായുടെ കല്പന അനുസരിക്കാതിരിക്കുകയും ചെയ്യുന്നവനാകുന്നു അരുപിയിൽ സമ്പന്നൻ എന്ന വാക്കുകൾകൊണ്ടു നിർദ്ദേശിച്ചിട്ടുള്ളതു്. എന്തുകൊണ്ടെന്നാൽ, ഒരു ശിശുവിനെപ്പോലെ ആകുന്നവൻ, അരുപിയിൽ ദരിദ്രനാകുന്നു. അരുപിയിൽ ദരിദ്രൻ ഒരു ശിശുവിനെപ്പോലെയാകുന്നു. ഈശോമിശിഹായുടെയും (മത്തായി 22. 31.) ശ്ലീഹായുടെയും (റോമ, 13. 10.) സാക്ഷിക്കൊത്തവണ്ണം, പ്രമാണങ്ങളുടെ പൂർണ്ണത ഉപവിയായിരിക്കുന്നു എങ്കിലും ഉപവിയെ പാലിക്കുന്നതു് എളിമയും, പകയെ ജനിപ്പിക്കുന്നതു നിഗളവുമത്രേ. ആകയാൽ സകല നന്മകളുടെയും ആരംഭം എളിമയും സകല തിന്മകളുടെയും മൂലം നിഗളവുമാകുന്നു.

വി. യോഹ. ക്രിസൊസ്റ്റോമോസ്.

ഒ–ാമതു്.

ഇതാ! എളിമയുടെ അടിസ്ഥാനം. അതായതു്: ഒരുവൻ സ്വയം പാപിയായിക്കരുതുകയും, ദൈവത്തിനുമുമ്പാകെ താൻ യാതൊരു നന്മയും ചെയ്യുന്നില്ലെന്നു് വിശ്വസിക്കയും ചെയ്യുന്നതാകുന്നു. എളിമയുടെ അഭ്യാസമാകട്ടെ താഴ്മക്കാണെന്നതാകുന്നു. മൌനത്തിൽ പ്രിയമായിരിക്കുക, യാതൊരുത്തനോടും കലഹിക്കാതെയും ചൂടുപിടിച്ചു പ്രതിവദിക്കാതെയും ഇരിക്കുക, സകലർക്കും കീഴ്പ്പെട്ടിരിക്കുക, കണ്ണുകളെ താഴ്ത്തി നടക്കുക, മരണത്തെ കൺമുമ്പാകെ രൂപീകരിക്കുക, ദോഷത്തെ ദ്വേഷിക്കുക, അതിഭാഷണവും, മാദ്യസ്തതിയുള്ളതുമായ വാക്കുകളും പറയാതിരിക്കുക, ശ്രേഷ്ഠന്മാരോടു മുതലിക്കാതെയിരിക്കുക, സ്വാഭിപ്രായത്തിൽ മുറുകെപ്പിടിക്കാതിരിക്കുക. നിന്ദകളെ ക്ഷമി

ക്കുക, മിനക്കേടിന്മേൽ ചെറുപ്പായിരിക്കുക; വേല അന്വേഷിക്കയും ഉണർച്ചയുള്ളവനായിരിക്കയും ചെയ്യുക. എന്റെ പ്രിയ സഹോദരാ! നിന്റെ ആത്മാവ് ഏറ്റം മോശമായ ആഗ്രഹങ്ങളുടെ ഒരു കൂട്ട് ആകാതിരിപ്പാൻവേണ്ടി, ഈ പ്രമാണങ്ങളൊക്കെയും താല്പര്യത്തോടെ അനുസരിക്കുന്നതിനു ഉത്സാഹിക്കണം.

നിന്റെ ആയുസ്സിന്റെ ഈ ശേഷിച്ചകാലം വ്യർത്ഥമായും വിഫലമായും നഷ്ടപ്പെട്ടുത്താതിരിപ്പാൻവേണ്ടി, ഈ പ്രമാണങ്ങളിൽ ഓരോന്നും ജാഗ്രതയോടെ അഭ്യസിക്കണം.

വി. യോഹ. ദമഷ്കിനോ.

വ്യ–ാമത്.

യാതൊന്നിനേയുംപറ്റി നിഗളിക്കാതെയും, യാതൊരുത്തനേയും കുറിച്ചു പിറുപിറുക്കാതെയും ഇരിക്കുന്നതും, നിന്ദിഹീനനോ, പ്രലപിക്കുന്നവനോ ആവലാതി പറയുന്നവനോ ആകാതെ, സമസ്ത കാര്യങ്ങളിലും ദൈവത്തിനു ഉപകാരസ്മരണ ചെയ്കയും അവിടുത്തെ പ്രവൃത്തികൾ നീതിയ്യോത്തതോ ദയയ്യോത്തതോ, ഏതായാലും ശരി, അവയേക്കുറിച്ചു ദൈവത്തെ സ്തുതിക്കുന്നതുമാകുന്നു വിശ്വാസികളുടെ സാക്ഷാൽ എളിമ. ആകയാൽ നിനക്കു സംഭവിക്കാവുന്ന സകലത്തേയുംകുറിച്ചു നീ സദാ കർത്താവിനെ വാഴ്ത്തണം.

വി. അൻസെൽമൂസ്.

ൻ–ാമത്.

"ഞാൻ പാമ്പിലെ പുഷ്പവും താഴ്വരകളുടെ ലീലികുസുമവുമാകുന്നു." (പാട്ടു. 2. 1.) നീതിമാൻ ലീലിപോലെ പുഷ്പിക്കും. (ഓസി. 14. 6:) എളിമയുള്ളവനല്ലാതെ നീതിമാൻ ആരാണ്? ഈശോമിശിഹാ ഉടയനാഥനായിരുന്നിട്ടും തന്റെ ദാസനായ സ്നാപകയോഹന്നാന്റെ കരങ്ങളിൻകീഴ് കുനിയുകയും അയാൾ തന്റെ മഹത്വത്തിന്മേൽ ഭയപ്പെടുകയും ചെയ്തയിൽ "ഇതു ചെയ്യുന്നതിനു നീ സമ്മതിക്കു; എന്തെന്നാൽ, ഇപ്രകാരം നമുക്കു സകല നീതിയും ചെയ്യേണ്ടതായിരിക്കുന്നു" എന്നു അവിടുന്നു അരുളിച്ചെയ്തു. (മത്താ. 3. 15.)

ഈ പ്രവൃത്തിമൂലം നീതിയുടെ പൂർണ്ണത എളിമയിൽ അടങ്ങിയിരിക്കുന്നു എന്നു അറിയിക്കുന്നു പ്രത്യക്ഷീകരിക്കുകയാണു ചെയ്തതു. ആകയാൽ നീതിമാൻ എളിമയുള്ളവനും, നീതിമാൻ താഴ്വരയുമാകുന്നു. എളിമയുള്ളവരാകുമെങ്കിൽ, നാമും ലീലിക

സമങ്ങൾപോലെ തളിർക്കയും, കർത്താവിന്റെ തിരുമുമ്പിൽ നിത്യം പുഷ്പിക്കയും ചെയ്യും. നമ്മുടെ ഹീനമായ ശരീരം ഈ ശോഭയുടെ ദീപ്തിയേറിയ ശരീരത്തിന്നു തുല്യമായി രൂപാന്തരപ്പെട്ടുമ്പോൾ ഏറ്റം യഥാർത്ഥമായി താഴ്വരകളുടെ ലീലികളുടെ മണം താനാകുന്നു എന്നു സ്പഷ്ടമാകയില്ലയോ? (ഫിലി. ൩. 21.) എന്നാൽ എളിമയുള്ളവർ മാത്രമെ ലീലികുസുമത്തിന്റെ ആശ്ചര്യകരവും നിത്യവുമായ കാന്തിയാൽ പ്രശോഭിതരും അലംകൃതരുമാകയുള്ളു എന്നു കാണിപ്പാൻവേണ്ടി, നമ്മുടെ ശരീരമെന്നല്ല, പിന്നെയോ, നമ്മുടെ ഹീനശരീരമെന്നത്രേ ഗ്ലീഹാ അരുളിച്ചെയ്യുന്നതു്. "വിശുദ്ധ പാട്ടുകളിലെ" മണവാളൻ പയലിലെ പുഷ്പവും താഴ്വരകളുടെ ലീലികുസുമവും താനാകുന്നു എന്നു സൂചിപ്പിക്കുന്നതു് ഇതുകൊണ്ടാകുന്നു.

വി. ബസ്ലിയർട്ടു്.

൫൦-ാമതു്.

യഥാർത്ഥമായ എളിമ തന്നെത്തന്നെ പ്രത്യക്ഷീകരിക്കയൊ, തന്നെക്കുറിച്ചു് അധികമായി സംസാരിക്കയൊ, ചെയ്യുന്നില്ല; എന്തുകൊണ്ടെന്നാൽ, അതു് മറ്റു പുണ്യങ്ങളെ മറയ്ക്കുവാൻ ആഗ്രഹിക്കുന്നതുകൂടാതെ മുഖ്യമായി തന്നെത്തന്നെ ഒളിപ്പാനും ആഗ്രഹിക്കുന്നു. എന്നാൽ നുണപറവാനൊ തട്ടിപ്പു കാണിപ്പാനൊ ആയൽക്കാരനു് ഉമ്മാത്രക കൊടുക്കാനൊ അനുവാദമുണ്ടായിരുന്നെങ്കിൽ തന്നെത്തന്നെ മറയ്ക്കുന്നതിനും അറിയപ്പെടാതെയും, നിർഭയമായും ജീവിക്കുന്നതിനുംവേണ്ടി, നിഗളത്തിന്റെയും ഡംഭിന്റെയും പ്രവൃത്തികൾ ചെയ്യേണ്ടി വരുകയാൽ ഇതാ എന്റെ അഭിപ്രായം; ഒന്നുകിൽ എളിമയേക്കുറിച്ചു് യാതൊന്നും പറയേണ്ടാ; അല്ലെങ്കിൽ, നാം പുറമേ പറവാൻപോകുന്നതിനു് അനുരൂപമായി നമ്മുടെ ഉള്ളിലും യഥാർത്ഥമായി ചിന്തിച്ചുകൊണ്ടു പറയണം. ഹൃദയത്തെ താഴ്ത്താതെ, നേത്രങ്ങൾ താഴ്ത്തേണ്ടാ; മനുഷ്യരിൽ ഒട്ടവിലത്തവർ ആകുന്നതിനു് യഥാർത്ഥമായ മനസ്സില്ലാതെ, ഒട്ടവിലത്തവരാകുവാൻ മനസ്സുള്ള ഭാവം കാണിക്കേണ്ടാ.

സാക്ഷാൽ എളിമയുള്ളവൻ താനൊരു നിർഭാഗ്യൻ, നിസ്സാരൻ, ഒന്നിന്നും കൊള്ളാത്തവൻ എന്നു് തന്നെത്താൻ പറയുന്നതിനേക്കാൾ, മറ്റുള്ളവർ തന്നെക്കുറിച്ചു അപ്രകാരം പറയുന്നതിന്നു് ഏറ്റം ആഗ്രഹിക്കും. കുറഞ്ഞപക്ഷം, ശേഷംപേർ

ഇപ്രകാരം പറയുന്നു എന്ന് അവൻ അറിഞ്ഞാൽ ഒട്ടും തടസ്സം പറയാതെ, നന്മനസ്സോടെ സമ്മതിക്കയെങ്കിലും ചെയ്യും. എന്തെന്നാൽ, അവൻ അതു സ്ഥിരമായി വിശ്വസിച്ചിരിക്കുകയാൽ, തന്റെ അഭിപ്രായം ശ്രേഷ്ഠംപേരും വിഞ്ചെല്ലുന്നതിനേക്കൊണ്ടു സന്തുഷ്ടനായിരിക്കുന്നു. വി. ഫ്രാൻസീ. ദെ സാലെസ്.

ഫ്രഥ-12തു.

നിനക്കു ഒരു നിന്ദാപമാനം നേരിട്ടുമ്പോൾ, അതു ക്ഷമയോടുകൂടെ സഹിച്ചുകൊണ്ടു, നിന്നെ അപമാനിക്കുന്നവന്റെ നേരെ, അതിസ്നേഹമായിരിക്കുക. ഒരുത്തൻ എളിമയുള്ളവനും, വിശുദ്ധനും ആകുന്നോ എന്നു അറിവാൻ തക്ക ഉരകല്ലു ഇതാകുന്നു. അവൻ ദോഷ്യപ്പെട്ടുന്നെങ്കിൽ ഒരുവേള അതുതങ്ങൾ ചെയ്യുന്നവനായിരുന്നാലും, ആട്ടുന്ന ഞാങ്ങണപോലെയാകുന്നു എന്നു അറിയണം.

ബത്തു സാരെ അൽവെരെസ് എന്ന പട്ടക്കാരൻ പറയുന്നതായതു; അപമാനങ്ങളുടെ നേരം യോഗ്യതകളുടെ നിക്ഷേപങ്ങളെ പ്രാപിക്കുന്നതിനുള്ള സമയമാകുന്നു. പത്തു ദിവസം അപ്പവും വെള്ളവുംകൊണ്ടു നോമ്പുനോല്ക്കുന്നതിനേക്കാൾ, സമാധാനത്തോടെ ഒരു അപമാനം സഹിക്കുന്നതു, ഏറ്റവും ലാഭമുള്ളതാകുന്നു. അന്യന്മാരുടെ മുമ്പാകെ നാം സ്വമനസ്സാലെ ചെയ്യുന്ന എളിമ പ്രവൃത്തികൾ നല്ലവയാണെങ്കിലും, ശ്രേഷ്ഠമേർ നമ്മോടു ചെയ്യുന്ന നിന്ദാപമാനങ്ങൾ ക്ഷമിക്കുന്നതു, അതിനേക്കാൾ ഏറ്റവും വിലയേറിയതാകുന്നു. എന്തുകൊണ്ടെന്നാൽ, ഇഹയിൽ ദൈവത്തിനേറ്റതല്ലാതെ നമുടേതു ഒന്നുമില്ല. തന്നിമിത്തം അതുകളെ നാം ക്ഷമിപ്പാൻ അറിയുന്നെങ്കിൽ നമുക്കു ഏറ്റവും വലിയ പ്രയോജനമുണ്ടാകും. എന്നാൽ ദൈവത്തെക്കുറിച്ചു ഒരപമാനം ക്ഷമിപ്പാൻ അറിയാത്ത ഒരു ക്രിസ്ത്യാനിക്കു എന്തു അറിയാം? ഈശോമിശിഹാ നമ്മെക്കുറിച്ചു എന്തുമാത്രം നിന്ദകളും, കന്നത്തടികളും, ആക്ഷേപങ്ങളും, ചമ്മട്ടി അടികളും, തിരുമുഖത്തിൽ തുപ്പലുകളും സഹിച്ചു. ഹാ! ഈശോമിശിഹായുടെ നേരെ നമുക്കു സ്നേഹമുണ്ടെങ്കിൽ, നിന്ദാപമാനങ്ങളിൽ വിരസം തോന്നുകയില്ലെന്നു മാത്രമല്ല, ഈശോമിശിഹാ അപമാനിക്കപ്പെട്ടതുപോലെ, നാമും അപമാനിക്കപ്പെട്ടുന്നതായി കാണുന്നതിൽ സന്തുഷ്ടരായിരിക്കുകയും ചെയ്യുമെന്നു. വി. അല്ഫോൻസു ലിഗോരി.

ഫലം—മരണം.

മറ്റുള്ളവർ നമ്മുടെ കുറവുകളെ അറിഞ്ഞു് ആക്ഷേപിക്കുന്നു, നമ്മെ എളിമയിൽ കാക്കുന്നതിനു പലപ്പോഴും വളരെ ഉപകരിക്കുന്നതാകുന്നു. ഒരുവൻ സ്വന്ത സ്വഭാവങ്ങൾ നിമിത്തം തന്നെത്താൻ എളിമപ്പെടുമ്പോൾ, ശേഷംപേരെ എളുപ്പത്തിൽ രമ്യപ്പെടുത്തുകയും, തന്നോടു കോപിക്കുന്നവരോടു സുലഭമായി സമാധാനമാകുകയും ചെയ്യും. ദൈവം എളിമയുള്ളവനെ ആദരിച്ചു രക്ഷിക്കുകയും, സ്നേഹിച്ചു് ആശ്വസിപ്പിക്കുകയും ചെയ്യുന്നതുകൂടാതെ, അവനിലേക്കു ചായുകയും, അവനു തന്റെ വരപ്രസാദങ്ങളെ ധാരാളമായി കൊടുക്കുകയും, അവന്റെ താഴ്മയുടെ ശേഷം ബഹുമാനത്തിലേക്കു് അവനെ ഉയർത്തുകയും ചെയ്യുന്നു. എളിമയുള്ളവനു തന്റെ രഹസ്യങ്ങളെ വെളിപ്പെടുത്തുകയും, അവനെ മാധുര്യത്തോടെ തന്നിലേക്കു് ആകർഷിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നു. എളിമയുള്ളവൻ അവമാനിക്കപ്പെട്ടാലും വളരെ സമാധാനത്തോടുകൂടെ ഇരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവൻ ലോകത്തിലല്ല പിന്നെയോ ദൈവത്തിലത്രേ ആശ്രയിക്കുന്നതു്. നീ എല്ലാവരിലും എളിയവൻ എന്നു വിചാരിക്കുന്നില്ലെങ്കിൽ പുണ്യത്തിൽ ഒട്ടും അഭിവൃദ്ധി പ്രാപിച്ചിട്ടില്ലെന്നു വിചാരിച്ചുകൊള്ളുക. തോമ്മാ ആ കെമ്പീസ്.

ഫലം—മരണം.

അധികം ഉപവിയുള്ളവൻ, അധികം മഹിമപ്രതാപം അനുഭവിക്കുമെന്നാണു ദൈവശാസ്ത്രജ്ഞന്മാരുടെ പൊതുവായ അഭിപ്രായം. ഈ മഹിമപ്രതാപം എളിമയുള്ളവർക്കേ കിട്ടുകയുള്ളു. എന്തുകൊണ്ടെന്നാൽ, യഥാർത്ഥമായ ഉപവി, ഉന്നതവിഷയങ്ങളിൽ കരേറുന്നതിനു് എളിയ വിഷയങ്ങളോടു യോജിച്ചിരിക്കണം. എന്നാൽ പൊടിയെ, ചാമ്പലെ, അഴുക്കുനിറഞ്ഞ ചാക്കെ, കൃമികളുടെ വാസസ്ഥലമേ, ലൗകികാഡംബരങ്ങളുടെ മദ്ധ്യേ എന്തിനു നീ നിഗളിക്കുന്നു? നിന്റെ മേൽത്തന്നെ നിനക്കു ലജ്ജ തോന്നുവാൻ നിനക്കു മനസ്സുണ്ടെങ്കിൽ, നിന്നെത്തന്നെ പൂർണ്ണമായി നീ അറിയണം. സകല തിന്മകളുടേയും മൂലം നിഗളവും, എല്ലാ നന്മകളുടേയും വേരു് ഉപവിയുമാകുന്നു. എങ്കിലും നിഗളത്തെ പൂർണ്ണമായി നിർമ്മൂലമാക്കാതെ ഉപവിയെ നട്ടുന്നതിനു സാധിക്കുകയില്ല. നിഗളത്തിന്റെ അത്രുപിനോടു നീ എങ്ങനെ എതിർക്കണമെന്നു് ഉപവി അറിയുന്നതു

കൊണ്ടു് അതിനെ നിർമ്മൂലമാക്കുവാൻ ഉപവി നിന്നെ പഠിപ്പിക്കും.

നിന്റെ പുണ്യങ്ങളെ മറയ്ക്കുകയും നിന്റെ കുറവുകളെ പ്രത്യക്ഷമാക്കി കാണിക്കയും ചെയ്യുമെങ്കിൽ, നിഗളത്തിന്റെ അരുചിയോടു് എതിർപ്പാൻ നീ ശക്തനാകും. സ്വമനസ്സാലെ നിന്നെക്കുറിച്ചു പറയുന്നവനെന്നെ, അന്യന്മാർ നിന്നോടു പറയുമ്പോൾ നിനക്കു സഹിപ്പാൻ പാടില്ല എന്നതിലത്രേ നിഗളമെന്ന ദുർഗ്രഹണം ഇരിക്കുന്നതു്. ഇതിൽ വളരെ ശ്രദ്ധയുള്ളവനും പ്രത്യേക സൂക്ഷ്മമുള്ളവനും ആയിരിക്കുന്നു.

കർട്ടിനാൽ ബൊന.

ഛ—ാമതു്.

ഇല്ലായ്മയായിരിക്കെ, താൻ വല്ലതും ആകുന്നു എന്നു ആരെങ്കിലും വിചാരിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ തട്ടിക്കുന്നു. (ഗാല. 6. 3.) ശ്ലീഹാ നിന്റെ മുമ്പാകെ ധ്യാനിക്കുന്നതിനായി വെക്കുന്ന ഈ വാക്യം മാനുഷൻ ഗ്രഹിച്ചാൽ, ലോകത്തിൽനിന്നു മായസ്മൃതി അശേഷം ഇല്ലാതായിപ്പോയേനെ എന്നു ചിന്തിക്കുക. "നിന്നെ ദ്വേഷിക്കുന്നവരുടെ നിഗളം സദാ വർദ്ധിക്കുന്നു" എന്നീ വേദവാക്യത്തിനൊത്തവണ്ണം, (സംഗീതം 73.) ഇത്ര വളരെ മനുഷ്യർ അധികമധികം നിഗളിക്കുന്നതിനു കാരണമെന്തു്? ഇതിന്റെ കാരണം തങ്ങളെത്തന്നെ അറിയാതെ അധികമധികം കുരുടന്മാരായിത്തീരുന്നതാണു്. വെറും ഇല്ലായ്മയായിരിക്കയിൽ തങ്ങൾ വല്ലതും ആകുന്നു എന്നു് ഉള്ളിൽ, അവർ കരുതുന്നു. സകലരേയും ഉൽപ്പെടുത്തുന്ന പൊതുവായ ഈ പ്രമാണത്തെ കേട്ടുകൊള്ളുക. "താൻ ഇല്ലായ്മയായിരിക്കയിൽ വല്ലതും ആകുന്നു എന്നു് ആരെങ്കിലും വിചാരിക്കുന്നു എങ്കിൽ തന്നെത്താൻ തട്ടിക്കുന്നു." ഇതിൽ താൻ കയ്മായി വല്ലതും ആകുന്നു എന്നല്ല, പിന്നയൊ ശുദ്ധമേ വല്ലതും ആകുന്നു എന്നാണു് ശ്ലീഹാ അരുളിച്ചെയ്യുന്നതു്. ആകയാൽ നീ ഇല്ലായ്മയല്ലാതെ വേറൊന്നുമല്ല എന്നു ഗ്രഹിപ്പാനുള്ള ഒരു ദിവസം കടശി വരുമെന്നതും എത്രയും ഉന്നതമായ ഒരു സത്യമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ വെറും ഇല്ലായ്മതന്നെയായിരിക്കുന്ന പാപം ഒഴികേ നിനക്കു സ്വന്തമായി ഒന്നുമില്ല. പാപം ഒഴികേ നിനക്കുള്ള സമസ്തവും ദൈവത്തിൽനിന്നുതാകുന്നു. ഇതു് നീ ആഴമായി ഗ്രഹിക്കുന്നതത്രേ യഥാർത്ഥമായ എളി

മയെ സമ്പാദിക്കുന്നതിനുള്ള വഴി. എന്തുകൊണ്ടെന്നാൽ, എളിമയുടെ സാരാംശം മിതമായി തന്നെത്താൻ താഴ്ത്തുന്ന മനസ്സിൽ അടങ്ങിയിരിക്കുന്നു; മനസ്സുകൂടെ തന്നെത്താൻ താഴ്ത്തുന്നതിനുള്ള ക്രമത്തെ ബുദ്ധിയിൽനിന്ന് എടുക്കുന്നു.

പാവുളോസെഞ്ഞേരി.

ക്ഷ—ാമത്തു്.

മറ്റുള്ളവർ നിന്നെ സ്തുതിക്കയും ബഹുമാനിക്കയും ചെയ്യുമ്പോൾ ദൈവകൃപാവരൻ സഹിച്ച നിന്ദകളോടും, അപമാനങ്ങളോടും, പരിഹാസങ്ങളോടും ചേർന്കൊൾക. തേനീച്ച മക്കിപ്പൂവിൽ വസിക്കുന്ന മഞ്ഞിൽനിന്നും, റോസക്കുസുമങ്ങളിൽ വീഴുന്ന മഴത്തുള്ളിയിൽനിന്നും മധു ശേഖരിക്കുന്നതുപോലെ സാക്ഷാൽ എളിമയുള്ള ഒരു ആത്മാവു് നിന്ദകളുടെ മദ്ധ്യേനിന്നും ബഹുമാനങ്ങളുടെ മദ്ധ്യേനിന്നും അപമാനങ്ങളെ കണ്ടെത്തുമെന്നു് നീ സ്ഥിരമായി വിശ്വസിക്കുക.

വി. വിഞ്ചെൻസ് ഡേപാവുളി.

ക്ഷ—ാമത്തു്.

എന്റെ കുഞ്ഞുമക്കളേ! നിങ്ങൾ എളിമയും താഴ്മയും ഉള്ളവരാകുവിൻ. വി. പീലിപ്പോസു് നേരി.

——o——

ഭക്തിയുടേയും എളിമയുടേയും വരപ്രസാദം ലഭിക്കുന്നതിനുള്ള ജപം

എന്റെ സർവ്വേശ്വരാ സ്വാമീ! എന്റെ സമസ്ത നന്മയും അങ്ങുന്നാകുന്നു. അങ്ങയോടു സംസാരിപ്പാൻ തുനിയുന്നതിനു ഞാൻ ആർ?

ഞാൻ അങ്ങേ എത്രയും ദരിദ്രനായ ദാസനും, നിത്യ പുഴുവുമാകുന്നു. ഞാൻ അറിയുന്നതിലും പഠവാൻ തുനിയുന്നതിലും അധികം ദരിദ്രനും നിത്യനും ആകുന്നു.

എങ്കിലും കർത്താവേ! ഞാൻ ഇല്ലായ്മയും, ഒന്നും ഇല്ലാത്തവനും, ഒന്നിനും കൊള്ളരുതാത്തവനും ആകുന്നു എന്നു് ഓർക്കേണമേ:

അങ്ങുന്നുമാത്രം നല്ലവനും നീതിമാനും പരിശുദ്ധനും സ്വപ്രശക്തനും സകലവും നൽകുന്നവനും സ്വർഗ്ഗത്തേയും സംപൂർണ്ണമാക്കുന്നവനും പാപം ചെയ്യുന്നവനെ മാത്രം വെറും കൈയ്യായിട്ടു വിടുകയക്കുന്നവനുമായിരിക്കുന്നു.

കർത്താവേ! അങ്ങേ പ്രവൃത്തികൾ ഒന്നും വെറുതെയാകുവാൻ മനസ്സാകാത്ത അങ്ങേ അനുഗ്രഹങ്ങളെ ഓർത്തു് അങ്ങേ നന്മകൊണ്ടു എന്റെ ഹൃദയത്തെ നിറയ്ക്കുണമെ.

അങ്ങേ നന്മയും അനുഗ്രഹവും എന്നെ ബലപ്പെടുത്തുന്നില്ലെങ്കിൽ; ഈ കഷ്ടപ്പെട്ട ജീവിതത്തിൽ ക്ഷമയുള്ളവനായിരിപ്പാൻ എനിക്കു സാധിക്കുമോ?

എന്റെ ആത്മാവു് അങ്ങേക്കു വെള്ളമില്ലാത്ത ഭൂമിപോലെ ആകാതിരിപ്പാൻ അങ്ങേ തിരുമുഖത്തെ എന്നിൽനിന്നു തിരിക്കരുതേ. അങ്ങേ സന്ദർശനത്തെ താമസിപ്പിക്കല്ലേ. അങ്ങേ ആശ്വാസത്തെ നീക്കിക്കളയല്ലേ. സ്വാമീ അങ്ങേ തിരുമനസ്സു നിറവേറുവാൻ എന്നെ പഠിപ്പിക്കുക. അങ്ങേ തിരുമുമ്പിൽ എളിമയോടും യോഗ്യതയോടുംകൂടി വ്യാപരിപ്പാൻ എന്നെ ശീലിപ്പിക്കുക. എന്തുകൊണ്ടെന്നാൽ ഇപ്പോൾ സത്യമായിട്ടു എന്നെ അറിയുന്നവനും, ലോകം ഉണ്ടാകുംമുമ്പും ഞാൻ ഭൂമിയിൽ പിറക്കുംമുമ്പും എന്നെ അറിഞ്ഞവനുമായ അങ്ങുന്നു് എന്റെ ജ്ഞാനമായിരിക്കുന്നു.

(ക്രിസ്ത്യാനുകരണം. 3–ാം പു. 3–ാം അ.)

ഭാഗ്യസ്മരണാർഹനായ പരിശുദ്ധ പിതാവു്

13–ാം ലെയോൻ മാപ്പാപ്പാ

തിരുമനസ്സിലെ ജീവചരിത്രം

(സംക്ഷിപ്തം)

പരിശുദ്ധനായ ലെയോൻ മാപ്പാപ്പാ തിരുമനസ്സിലെ ജനനം ഇത്താല്യായിൽ കാപ്പിനെത്തൊപ്പട്ടണത്തിൽ പേച്ചി എന്ന പ്രഭുവംശത്തിലാണു്. ലൂയീസ് പേച്ചി, അന്ന പ്രോസ്പെരി എന്ന മാതാപിതാക്കളിൽനിന്നു് 1810 മീനം 2–ാംനു– ഇദ്ദേഹം ജാതനായി. ജ്ഞാനസ്നാനത്തിൽ യൊയാക്കീം എന്ന നാമം സിദ്ധിച്ചു. തിരുമനസ്സിലേക്കു സുകൃതം, വിദ്യാഭ്യാസം എന്നീ വിഷയങ്ങളിൽ ഉണ്ടായിരുന്ന പ്രത്യേക താല്പര്യം കണ്ടു്, മാതാപിതാക്കൾ ശിശുപ്രായത്തിലേതന്നെ പിത്തെർബൊയിൽ ജെസ്വിത്തരുടെ കോളേജിൽ പഠിപ്പാൻ ആക്കി. അവിടെവച്ചുതന്നെ ഗദ്യപദ്യരചനയിൽ അവിടുത്തേക്കുള്ള വിശേഷസാമർത്ഥ്യം പ്രത്യക്ഷമായി. 12–ാം വയസ്സിൽ സരസങ്ങളായ പദ്യങ്ങൾ ലത്തീൻ ഭാഷയിൽ ചമച്ചിരുന്നു. കുറേക്കഴിഞ്ഞശേഷം റോമൻകോളേജിൽ ചേർന്നു. തിരുമനസ്സിലേക്കു് അവിടെവച്ചു ലത്തീൻ, ഗ്രീക്കു് എന്നീ ഭാഷകളിൽ ഗദ്യപദ്യരചനയിൽ പ്രഥമസമ്മാനം ലഭിച്ചതുകൂടാതെ തത്വം, ഗണിതം, ഭൌതികം മുതലായ ശാസ്ത്രങ്ങളിൽ ഉന്നത ബഹുമതികളും സിദ്ധിക്കയുണ്ടായി. എന്നാൽ ഇവ എല്ലാറ്റിലും മുഖ്യമായി കരുതിപ്പോരുന്നതും അനുസരിച്ചിരുന്നതും സുകൃതനടപടികളായിരുന്നു. നമ്മുടെ ചുരുങ്ങിയകാലത്തെ ഈലോകജീവിതത്തിന്റെ ശേഷം നിത്യകാലത്തേക്കു് ഉപകരിക്കുന്നതു് അവ മാത്രമെന്നു് നമ്മുടെ തിരുമേനി നല്ലപോലെ ഗ്രഹിച്ചിരുന്നു. തൻമൂലം അതുകളിൽ പ്രത്യേകം ദൃഷ്ടിവെക്കയും തൽസാധ്യത്തിന്നായി പഠനം മുതലായവയിലുള്ള ശ്രമങ്ങൾ ദൈവസ്തുതി, ആത്മരക്ഷ എന്നീ പ്രകാരമുള്ള ശുദ്ധ ലാക്കുകളോടെ നിർവഹിക്കയും ചെയ്തിരുന്നു. ഇങ്ങനെ സുകൃതനടപടികളിലും ഇദ്ദേഹം ഏവർക്കും ഉത്തമദൃഷ്ടാന്തംതന്നെ ആയിരുന്നു. ഇരുപത്തിരണ്ടാം വയസ്സിൽ ദൈ

വശാസ്ത്രത്തിൽ ഡോക്ടർസ്ഥാനം ലഭിച്ചു. അനന്തരം പ്രൂട്ടക്കളുടെ കോളെജിൽ ചേർന്നു റോമൻ നിയമങ്ങളും കാനോൻ നിയമങ്ങളും വശമാക്കി. പ്രായം അധികരിച്ചിരുന്നതിനോടൊപ്പം ഭരണകർത്താവിനു വേണ്ട ഉത്തമഗുണങ്ങൾ ഈ മഹാനിൽ പ്രശോഭിച്ചുവന്നിരുന്നു. 1837–ൽ ഗ്രൂപ്പട്ടം കൈക്കൊണ്ടു. ഇദ്ദേഹത്തിൽ പ്രകാശിച്ചിരുന്ന ഭരണനൈപുണ്യവും സുകൃതവ്യാപാരവും 16-ാം ഗ്രിഗോറിയോസു് മാർപ്പാപ്പാ കണ്ടു്, ഗ്രൂപ്പട്ടം ഏറെ ഉടൻതന്നെ ബെനവേന്തിലേയും പിന്നീടു സ്പൊലെത്തിലേയും ഡലിഗെററായും, ഏറെത്താമസിയാതെ പെത്രുജിയായിലെ ഗവർണറായും നിയമിച്ചു. ചുരുങ്ങിയകാലത്തിനിടകൊണ്ടു് ആ സ്ഥലങ്ങളിൽ വിദ്യാഭ്യാസവിഷയത്തിലും നീതിന്യായനടപടികളിലും വലുതായ അഭിവൃദ്ധി ഉളവാക്കി. 1843–ൽ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്യപ്പെട്ടകയും ബ്രസീലിലെ അപ്പൊസ്തോലിക്കു് നൂൻസി ആയി നിയമിക്കപ്പെട്ടകയും ചെയ്തു. അവിടെവച്ചു പഠനവിഷയത്തെപ്പററി രാജ്യാധികാരികളും വൈദികാധികാരികളും തമ്മിൽ ഉണ്ടായ മഹാതർക്കം തീർക്കുകയും പഠനവിഷയത്തിൽ പല പരിഷ്കാരങ്ങൾ ഏർപ്പെടുത്തുകയും പൊതുജനസംരക്ഷണത്തിനു് ഉപയുക്തങ്ങളായ പല പുതിയ ഏർപ്പാടുകളും അവിടെ ഉത്ഭവിക്കുന്നതിനു് കാരണഭൂതനാവുകയും ചെയ്തു.

1846–ൽ പെത്രുജിയായിലെ ജനങ്ങളുടെ പ്രത്യേക അപേക്ഷയനുസരിച്ചു് അവിടത്തെ മെത്രാപ്പോലീത്താ ആയി നിയമിക്കപ്പെട്ടു. ഇത്താലിയായിലേക്കു പിന്തിരിയുന്നതിനു മുമ്പു് ജർമ്മനി, ഓസ്ത്രിയാ, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങൾ സന്ദർശിക്കയും വിക്ടോറിയാ മഹാരാജ്ഞി, കാർഡിനൽ വൈസ്മാൻ മുതലായ മഹാന്മാരുടെ പ്രത്യേക പ്രീതിക്കു പാത്രീഭവിക്കയും ഉണ്ടായി.

32 വർഷത്തിലധികം ബഹുസാമർത്ഥ്യത്തോടും അനുകരണയോഗ്യമായ സുകൃതശ്രേഷ്ഠതയോടുംകൂടി പെത്രുജിയായെ ഭരിച്ചു് ജനങ്ങളിൽ ആത്മീയവും ലൌകികവുമായ നന്മകൾ ഉളവാക്കുന്നതിനു് സർവകലാശാലാ സ്കൂളുകൾ, ആതുരശാലകൾ, പള്ളികൾ മുതലായവ സ്ഥാപിക്കുന്നതിൽ ചെയ്ത സഫലമായ ശ്രമങ്ങൾ ആശ്ചര്യജനകങ്ങൾതന്നെ. സംഘക്കളുടെ നേർക്കു അവിടത്തേക്കുണ്ടായിരുന്ന പ്രത്യേക ദയാശീലം അത്യു

ധികമായി പ്രത്യക്ഷീഭവിച്ചതു് 1854-ൽ പെത്രുജിയായിൽ ഉണ്ടായ ക്ഷാമത്തിൽവെച്ചാണു്. പരിമിതമായ സ്വന്ത ചെലവിൽകൂടെയും കുറച്ചു് ദരിദ്രരെ സഹായിച്ചതുകൂടാതെ പ്രത്യേകസംഘക്കാരെ ഏർപ്പെടുത്തി അവർമൂലം ധനവാന്മാരായ സകലരും തങ്ങളുടെ ധാരാളച്ചെലവുകളെ ചുരുക്കി മിച്ചിച്ചു് ദരിദ്രരെ സഹായിപ്പാൻ ചട്ടംകെട്ടി. പിൽക്കാലത്തിൽ ഒരുയുക്തിയുക്തമായ തിരുവെഴുത്തു മുഴിയായി അടിമ എന്ന ഏർപ്പാടു് ലോകത്തിൽനിന്നു നിശ്ശേഷം നീങ്ങുന്നതിനു ഇടവരുത്തിയതും അവിടത്തേയ്ക്കു ദരിദ്രരുടെ നേർക്കുള്ള അതിയായ കരുണയെ കാണിക്കുന്നു. ഇപ്രകാരം പഠനം, പുണ്യം, ദയ ആദിയായ സകല ഗുണങ്ങളിലും ഏവർക്കും ഉത്തമ ദൃഷ്ടാന്തമായും ഏവരുടേയും സന്തോഷത്തോട്ടുകൂടെയും ഭരിച്ചുവരുമ്പോൾ 1853-ൽ കർട്ടിനാൽ സ്ഥാനത്തിൽ ഉയർത്തപ്പെട്ടു.

പിന്നീടു് മാപ്പാപ്പായുടെ മരണശേഷം തിരുസഭ മുഴുവനും ഭരിക്കേണ്ട അധികാരമുള്ള കമർലെങ്കോ എന്ന സ്ഥാനത്തിൽ 1877-ൽ 9-ാം പീയൂസ് മാപ്പാപ്പായാൽ നിയമിതനാകയും, 1878 കുംഭം 20-ാംനു- ഏവരുടേയും സംതൃപ്തിയോടെ വി. പത്രോസിന്റെ അനന്തരവനായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ ഉത്തമ ദീപം മിശിഹായുടെ വികാരിയായി റോമാ സിംഹാസനത്തിൽ സ്ഥാപിതമായശേഷം തന്റെ പ്രകാശമേറിയ കതിരുകളെ ലോകത്തിന്റെ നാനാഭാഗത്തും വീശി പുണ്യപഠനം ആദിയായ സകല വിഷയങ്ങളിലും ഏവർക്കും പ്രകാശം നൽകി, മഹാരാജാക്കൾ, ചക്രവർത്തികൾ മുതലായവർക്കുപോലും തീർന്നതിനു സാധിക്കാത്ത വഴക്കുകളും തർക്കങ്ങളും തിരുമനസ്സിലെ ഒരൊറവാക്കാൽ ശമിക്കത്തക്കവിധത്തിൽ അത്ര മഹത്തരമായിരുന്ന ഈ മഹാന്റെമേൽ ഏവർക്കും ഉണ്ടായിരുന്ന ഭക്തിസ്നേഹബഹുമാനങ്ങൾ. സമുചിതമായി സംസാരിക്കുന്നതിനും ആചാരോപചാരങ്ങൾ ചെയ്യുന്നതിനുമായി ചക്രവർത്തികൾ, രാജാക്കൾ, പ്രഭുക്കൾ മുതലായി അസംഖ്യം മഹാജനങ്ങൾ തിരുമേനിയെ സന്ദർശിപ്പാൻ ചെന്നിരുന്നു. അവിടത്തെ ഇരുപത്തഞ്ചിൽപരം വത്സരത്തെ ഭരണകാലത്തു് കത്തോലിക്കസഭ വളരെ അഭിവൃദ്ധിപ്പെടുകയും പഠനവിഷയത്തിൽ വിസ്മയനീയമായ പുരോഗതി പ്രാപിക്കയും ചെയ്തിട്ടുണ്ടു്. തിരുമനസ്സുകൊണ്ടു പുതുതായി 2 പാത്രിയർക്കീസ് സ്ഥാനങ്ങളും, 31

മെത്രാപ്പോലീത്താസ്ഥാനങ്ങളും, 101 മെത്രാസനങ്ങളും രണ്ടു അബാത്ത സ്ഥാനങ്ങളും ഏർപ്പെടുത്തിയതുകൂടാതെ, 2 ദെലിഗെ റ്റപ്പസ്തോലിക്കാമാരേയും 24 പ്രൊഫക്തപ്പസ്തോലിക്കാമാരേയും നിയമിച്ചിട്ടുണ്ട്. അവിടത്തെ ഭരണഭയ്ക്കു നമ്മുടെ മലയാളത്തിലും എത്തി യഥോചിതം പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതു് സ്മരണീയമാകുന്നു.

മഹാദിവ്യശ്രീ അന്തോനി അഗ്നിയാർ ദി, അന്ത്രയോസ് അയ്യത്തി മുതലായ ശ്ലീഹാസ്ഥാപിത തന്റെ സ്ഥാനപതികൾമൂലം പ്രസ്തുത പള്ളികളുടെ സ്ഥിതികൾ പരിശോധിച്ചറിയുകയും നമ്മുടെ വൈദിക വിദ്യാർത്ഥികളെ റോമിലുള്ള പൊന്തിഫിക്കൽ ഉർബാൻ കോളെജിൽ അഭ്യസിപ്പിക്കുന്നതിനു ഏർപ്പാടു ചെയ്യുകയും 1887-ൽ കോട്ടയം തിരുവിവേരുർ എന്നീ ശ്ലീഹാസ്ഥാപിത വികാരിയാത്തുകളെ സ്ഥാപിക്കയും ഉണ്ടായി. അനന്തരം 1896 ജൂലൈ 26-ൽ തിരുവിവേരുർ, ഏറണാകുളം, ചങ്ങനാശ്ശേരി എന്നീ ശ്ലീഹാസ്ഥാപിത വികാരിയാത്തുകളെ ഏർപ്പെടുത്തി സ്വദേശിയരായ മൂന്നു സുറിയാനി മെത്രാന്മാരെ കല്പിച്ചുതരികയും ചെയ്തു. ഇനിയും പല മഹത്തായ ഗുണങ്ങൾ, ഏവരും പ്രതീക്ഷിച്ചിരിക്കയിലാണ് സകലരേയും പരമസങ്കടത്തിൽ നിമഗ്നരാക്കുവാൻ 1903 ജൂലൈ 20-ാംനു- പരലോകം പ്രാപിച്ചതു്.

തിരുമനസ്സിലെ അശ്രാന്തപ്രജനകങ്ങളായ ബുദ്ധിസാമർത്ഥ്യം, ഭരണനൈപുണ്യം മുതലായ ഗുണഗണങ്ങളെക്കാൾ അധികം മേല്പെട്ടു നിൽക്കുന്നതു് അവിടത്തെ സുകൃതനടപടികൾ തന്നെയാണ്. അവ വഴിയായിട്ടത്രെ മുഖ്യമായി ഏവരുടെയും സ്നേഹബഹുമാനത്തിനു പാത്രീഭവിച്ചതു്. ലോകസാമർത്ഥ്യം അശേഷം ഫലമറ്റുപോകയും ഏവരേയും അത്യന്തം പരിഭ്രമിപ്പിക്കയും ചെയ്യുന്ന മരണസമയത്തു് വി. പൌലോസിനെപ്പോലെ "എന്റെ കടമയെ ഞാൻ വേണ്ടുംവണ്ണം നിവർത്തിച്ചു എന്നുള്ള പൂർണ്ണമനഃസാക്ഷി എനിക്കുള്ളതിനാൽ ഞാൻ വളരെ സന്തോഷംപൂണ്ടവനായിരിക്കുന്നു" എന്നു മനോവിശ്വാസത്തോടെ പറവാൻ ധൈര്യം സിദ്ധിച്ചതുതന്നെ, അവിടത്തെ സുകൃതജീവിതത്തിന്റെ ഉത്തമലക്ഷ്യമായിരിക്കുന്നു. ഇതിനാൽ ദിവ്യഗുരുവായ ഈശോമ്ശിഹായുടെ തിരുമനസ്സിനു് എത്രയൊ അനുരൂപമായി പ്രവർത്തിച്ചുപോന്നിരുന്നു എന്നും മഹോന്നതസ്ഥാന

മാനങ്ങളിൽ ഉയർത്തപ്പെട്ടിരുന്ന എങ്കിലും ആ ദിവ്യമാതൃകയെ അനുകരിച്ച് എത്ര മഹാ എളിമയും താഴ്മയും അനുസരിച്ചിരുന്നു എന്നും എഴുത്തിൽ ഗ്രഹിക്കാവുന്നതാണ്. പൂർവ്വകാലത്തു ദൈവജനത്തെ മുഴുവനും ദൈവനാമത്തിൽ ഭരിച്ചുനടത്തിയ മൂശദീർഘദർശി, അന്നു ലോകത്തിലുണ്ടായിരുന്ന മനുഷ്യരിൽ ഏറ്റവും എളിമയുള്ളവനായിരുന്നുവെന്നു പറയപ്പെട്ടിരിക്കുന്നതു പോലെ, നമ്മുടെ ഈ പുതിയ മൂശയെക്കുറിച്ചും പറയാവുന്നതാണ്. തിരുമനസ്സുകൊണ്ടു വിശ്വാസികളുടെ ഉപയോഗാർത്ഥം ഇത്താല്യാഭാഷയിൽ എഴുതിയുണ്ടാക്കിയ "എളിമയുടെ അഭ്യാസം" എന്ന പുസ്തകത്തിന്റെ ഈ തർജ്ജിമ അവിടെനിന്നു അനുസരിച്ചുപോന്ന എളിമയുടെ അഭ്യാസങ്ങളുടെ സംഗ്രഹമത്രെ. ഈ ചെറിയ പുസ്തകം നിത്യസ്മരണക്കു യോഗ്യനായ നമ്മുടെ വന്ദ്യപിതാവിന്റെ ഒരു സ്മാരകമായിരിക്കട്ടെ!

13-ാം ലെയോൻ മാപ്പാപ്പായുടെ
അന്ത്യകാലവചനങ്ങൾ

പരിശുദ്ധ പിതാവിന്റെ മരണത്തിനു കുറേ ദിവസങ്ങൾക്കു മുമ്പ് താൻതന്നെ രചിച്ചു മൃതശയ്യയിലായിരിക്കുമ്പോൾ കല്പനപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ലത്തീൻ പദ്യഖണ്ഡത്തിന്റെ ഇംഗ്ലീഷ് സംസ്കൃത മലയാളതർജ്ജമകളാണ് താഴെക്കാണുന്നത്.

Leo, now sets thy Sun; pale is its
dying ray;
Black night succeeds thy day.
Black night for thee; wasted thy
frame; life's blood sustains
No more thy shrunken veins
I eath casts his fatal dart; robed for
the grave thy bones
Lie under the cold stones.
But my freed soul escapes her chains,
and longs in flight
To reach the realms of light.
That is the goal she seeks; thither
her journey bids.
Grant, Lord, my anxious prayers
That with the citizens of heaven,
God's face and light.
May ever thrill my sight.
That I may see thy face, Heaven's
Queen, whose mother love
Has brought me home above.
To be saved through the tangles of a
perilous way
I lift my grateful lay.